# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 നവംബർ വോള്യം: 10 ലക്കം: 3



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



കർഷകദ്രോഹ നിയമങ്ങൾ പിൻവലിച്ചു



മാപ്പ് പറഞ്ഞ് മോദി 08

സിഐടിയു ജനറൽ കൗൺസിൽ
വർത്തമാന കാല രാഷ്ട്രീയ പ്രാധാന്യം
തപൻ സെൻ 12

ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ പ്രവണതകൾ അളക്കുമ്പോൾ



പ്രഭാത് പട്നായിക്ക് 20

സിഐടിയു ജനറൽ കൗൺസിൽ
അധ്യക്ഷ പ്രസംഗം
കെ. ഹേമലത 24

തൊഴിലാളികളുടെ അഖിലേന്ത്യാ കൺവൻഷൻ പ്രഖ്യാപനം 28

പെഗാസസ് : ബിജെപിക്ക് തടയണ കെട്ടി സുപ്രീംകോടതി



കെ.എൻ. ഗോപിനാഥ് 31

യുഎസ് സാമ്രാജ്യം എന്തുകൊണ്ട് എളുപ്പം നാമാവശേഷമാകും ?



34 റിച്ചാർഡ് ഡി വുൾഫ്

മുതലാളിത്തത്തിന് ബദൽ മാതൃക വികസിപ്പിക്കണം
38 ജോസ് ടി എബ്രഹാം

തൊഴിലാളിവർഗ ചരിത്രത്തിൽ പണിമുടക്കിന്റെ ആവിർഭാവം
50 എൻ. പത്മലോചനൻ

സംഘടനാ വാർത്തകൾ 56

# കർഷക സമരം വിജയം
# പുതിയ രാഷ്ട്രീയത്തിന്റെ തുടക്കം

ഐതിഹാസികമായ കർഷക സമരത്തിന് മുമ്പിൽ, ഒടുവിൽ നരേന്ദ്ര മോദി മുട്ടുമടക്കി. 467 ദിവസങ്ങൾ നീണ്ടുനിന്ന, രാജ്യം കണ്ട ഉജ്വലമായ സമരമാണ് കർഷകർ നടത്തിയത്. സമര കേന്ദ്രങ്ങളിൽ 658 പേരുടെ ജീവൻ പൊലിഞ്ഞു. യുപിയിലെ ലഖിംപൂർ കേരിയിലും, ഹരിയാനയിലും, കർഷകർക്ക് നേരെ നടന്നത് കിരാതമായ ആക്രമണമായിരുന്നു. സുപ്രീം കോടതി ഇടപെട്ടതിന് ശേഷമാണ് ലഖിംപൂർ ഖേരിയിലെ മനുഷ്യക്കുരുതിക്ക് നേതൃത്വം കൊടുത്തവരുടെ പേരിൽ കേസെടുക്കാനും, അറസ്റ്റ് ചെയ്യാനും മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സന്നദ്ധനായത്. സമരക്കാരെ ഖാലിസ്ഥാൻ തീവ്രവാദികളെന്നും, മാവോയിസ്റ്റുകളെന്നും കേന്ദ്ര സർക്കാരും ബിജെപി നേതാക്കളും അധിക്ഷേപിച്ചു. ഡൽഹി നഗരാതിർത്തിയായ ഘാസിപൂർ, സിംഗൂർ സമരകേന്ദ്രങ്ങൾ, പോലീസ് പലതവണ തകർക്കാൻ ശ്രമിച്ചു. കൊറോണയും മഴയും കൊടിയ തണുപ്പും സമരക്കാരെ തളർത്തിയില്ല. ജനങ്ങളുടെ ശക്തിയാണ് അന്തിമ വിധി നിർണയിക്കുന്നതെന്ന് ഈ സമരം തെളിയിച്ചു.

2021 നവംബർ 19–നാണ്, മൂന്ന് വിവാദ കാർഷിക നിയമങ്ങളും പിൻവലിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. ഒരു വർഷത്തിനിടയിൽ, ഒരിക്കൽ പോലും, കർഷക സംഘടനകളുമായി ചർച്ച നടത്താൻ പ്രധാനമന്ത്രി കൂട്ടാക്കിയില്ല. നിയമങ്ങൾ പിൻവലിക്കലല്ലാതെ, സമരം തീർക്കാൻ മറ്റ് പോംവഴികളില്ലെന്ന സംയുക്ത കർഷക സമരസമിതിയുടെ പ്രഖ്യാപനങ്ങളെ പരിഹസിക്കുകയായിരുന്നു മോദിയും കൂട്ടരും. ഭരണഘടനയും, പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയും പാടേ അവഗണിച്ചുകൊണ്ട്, പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച്, തങ്ങൾക്കിഷ്ടപ്പെട്ടതെല്ലാം ചെയ്യാമെന്ന് കരുതി അഹങ്കരിച്ച മോദി സർക്കാരിന്റെ ധാർഷ്ട്യത്തിനേറ്റ പ്രഹരമായിരുന്നു കർഷക സമരം. 2014–ൽ അധികാരത്തിലേറിയ കാലം മുതൽ, സർവാധിപതിയെ പോലെ പെരുമാറിയ നരേന്ദ്ര മോദിക്കും സംഘത്തിനും ഏറ്റ തിരിച്ചടിയുടെ പ്രത്യാഘാതം ഗുരുതരമാണ്.

മോദിയുടെ വാക്കുകളല്ല, നിയമം പിൻവലിച്ചുകൊണ്ടുള്ള നടപടിയാണ് തങ്ങൾക്ക് വേണ്ടതെന്നാണ് കർഷക സംഘടനകൾ പ്രഖ്യാപിച്ചിരിക്കുന്നത്. മണ്ണിൽ അധ്വാനിക്കുന്ന കർഷക ജനത, നെഞ്ച് വിരിച്ച്, ആത്മാഭിമാനത്തോടെ പറയുന്നു - കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിയമാനുസൃതമായി നിശ്ചയിക്കണം. വൈദ്യുതി ഭേദഗതി ബില്ല് പിൻവലിക്കണം - എന്നീ ആവശ്യങ്ങൾ. അതും കൂടി അംഗീകരിപ്പിച്ചേ തങ്ങൾ പിന്തിരിയൂ എന്നാണ് സമരസമിതിയുടെ പ്രഖ്യാപനം.

2021 നവംബർ 26ന്, കർഷക സമരത്തിന് ഒരുവർഷം പൂർത്തീകരിക്കുന്ന

ദിവസം, രാജ്യവ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ, സംയുക്ത കിസാൻ സംഘടനകളും, വിവിധ ട്രേഡ് യൂണിയനുകളും പ്രഖ്യാപിച്ചിരുന്നു. നവംബർ 26, ഇന്ത്യയുടെ ഭരണഘടനാ ദിനം കൂടിയാണ്. ഈ ദിവസം, പഞ്ചാബ്, ഹരിയാണ, രാജസ്ഥാൻ, യുപി, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന്, കർഷകർ ഡൽഹിയിലേക്ക് മാർച്ച് ചെയ്യാൻ തയ്യാറെടുപ്പുകൾ നടത്തുകയായിരുന്നു. പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം നടക്കുമ്പോൾ (നവംബർ - ഡിസംബർ) ഓരോ ദിവസവും, തെരഞ്ഞെടുക്കപ്പെട്ട 500 വീതം കർഷകർ, ട്രാക്റ്ററുകളിൽ, പാർലമെന്റിലേക്ക് മാർച്ച് നടത്താനും തീരുമാനിച്ചിരുന്നു.

നവംബർ ഒന്നിന് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ദേശീയ ഐക്യവേദി യോഗം ഡൽഹിയിൽ ചേർന്നു. കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും, അതോടൊപ്പം പൊതുമേഖലാ സ്വകാര്യവൽക്കരണം, ദേശീയ സമ്പത്തിന്റെ വിൽപ്പന, തൊഴിലാളി വിരുദ്ധനയങ്ങൾ, വിലക്കയറ്റം എന്നീ പ്രശ്നങ്ങൾ മുൻനിർത്തി, രാജ്യവ്യാപകമായി പ്രക്ഷോഭം ഉയർത്താൻ തീരുമാനിച്ചിരുന്നു. നവംബർ 11ന് ട്രേഡ് യൂണിയനുകളുടെ ദേശീയ കൺവൻഷൻ ഡൽഹിയിൽ ചേർന്നു. പാർലമെന്റിന്റെ ബജറ്റ് സമ്മേളനക്കാലത്ത്, രണ്ടു ദിവസത്തെ ദേശീയ പണിമുടക്ക് സംഘടിപ്പിക്കാൻ തീരുമാനിച്ചു. 2020 നവംബർ 26ന് സംയുക്ത കർഷക സമരം ആരംഭിച്ചതിന് ശേഷം, സാവകാശം അത് തൊഴിലാളി - കർഷക ഐക്യസമരമായി മാറി. രാജ്യത്തെ അധ്വാനിക്കുന്ന വർഗങ്ങളുടെ ഈ ഐക്യം ചരിത്രപ്രധാനമായ ഒരു വഴിത്തിരിവായി മാറി. കോർപറേറ്റ് അനുകൂല കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ ദേശവ്യാപകമായി തൊഴിലാളി - കർഷക ഐക്യസമരത്തിന്റെ കാഹളം ഉയർന്നു.

കർഷക സമരം ആരംഭിച്ചശേഷം, രാജ്യത്ത് നടന്ന തെരഞ്ഞെടുപ്പുകളിൽ, ബിജെപിക്ക് കനത്ത തിരിച്ചടിയേറ്റു. ബംഗാൾ പിടിക്കാൻ പോകുന്നു എന്നു പ്രചരിപ്പിച്ച് രംഗത്തു വന്ന ബിജെപി, നാണം കെട്ട തോൽവി ഏറ്റുവാങ്ങി. അസമിലെ വിജയം, നേരിയ ഭൂരിപക്ഷത്തിൽ മാത്രമായിരുന്നു. ഒക്ടോബർ മാസത്തിൽ, ഏതാനും ലോക്സഭാ - നിയമസഭാ മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിലും ബിജെപിക്ക് തിരിച്ചടിയേറ്റു. ഹിമാചൽ പ്രദേശ്, ഹരിയാന, രാജസ്ഥാൻ സംസ്ഥാനങ്ങളിലാണ് വലിയ തിരിച്ചടിയുണ്ടായത്.

യുപിയെ ലഖിംപൂർ ഖേരിയിൽ, കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പുത്രൻ, കർഷക സമരക്കാരുടെ മേൽ വാഹനമോടിച്ച് കയറ്റി. അഞ്ചുപേർ തൽക്ഷണം മരിച്ചു. രാജ്യമാകെ ജനരോഷം ഉയർന്നു. പ്രതികളെ അറസ്റ്റ് ചെയ്യാൻ യോഗി സർക്കാർ മടിച്ചുനിന്നപ്പോൾ, സുപ്രീംകോടതി ഇടപെട്ടു. പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കാൻ സുപ്രീം കോടതി ഉത്തരവായി. ഇത് കേന്ദ്ര സർക്കാരിന് വലിയ തിരിച്ചടിയായി.

2022 മാർച്ച് മാസം, യുപി., ഉത്തരാഖണ്ഡ്, പഞ്ചാബ് തെരഞ്ഞെടുപ്പുകൾ നടക്കുകയാണ്. ഈ സംസ്ഥാനങ്ങളിലെല്ലാം ബിജെപിയെ പരാജയപ്പെടുത്തണം എന്ന ആഹ്വാനവുമായി 'സംയുക്ത കിസാൻ മോർച്ച' ശക്തിയായ പ്രചരണം ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ യുപി സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പിന് മുമ്പ്, 'മുസാഫർനഗർ' എന്ന പ്രദേശത്ത്, വർഗീയലഹള സൃഷ്ടിച്ചാണ്, യുപിയിലെ ജനവിധി തങ്ങൾക്ക് അനു

കൂലമായി ബിജെപി മാറ്റിയത്. അതേ മുസഫർ നഗറിൽ, കഴിഞ്ഞ ആഗസ്റ്റ് മാസം 'സംയുക്ത കിസാൻ മോർച്ച' സംഘടിപ്പിച്ച കർഷക റാലി, അഭൂതപൂർവമായ മുന്നേറ്റമായിരുന്നു. റാലി തടസപ്പെടുത്താൻ യുപിയിലെ ബിജെപി സർക്കാർ പരമാവധി ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു.

രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനമായ യുപിയിൽ തോൽവിയുണ്ടായാൽ, ബിജെപിക്ക് പൊതുവിലും, മോദിക്ക് പ്രത്യേകിച്ചും കനത്ത ആഘാതമായിരിക്കും. 2024ൽ നടക്കേണ്ട പാർലമെന്റ് തെരഞ്ഞെടുപ്പിനേയും അത് സ്വാധീനിക്കും. ഈയൊരു അവസ്ഥ മോദി സംഘത്തെ പരിഭ്രാന്തരാക്കുന്നു. ഈ അവസ്ഥയാണ്, കാർഷിക നിയമങ്ങൾ പിൻവലിക്കാനും, ജനങ്ങളോട് മാപ്പ് പറയാനും നരേന്ദ്ര മോദിയെ നിർബന്ധിതനാക്കിയത്. അല്ലാതെ, ഈ മാപ്പുപറച്ചിലും, കാർഷിക നിയമങ്ങൾ പിൻവലിക്കുമെന്ന പ്രഖ്യാപനവും, സംഘപരിവാറിനും ബിജെപിക്കും എന്തെങ്കിലും മാനസാന്തരമുണ്ടായതിന്റെ ലക്ഷണമല്ല.

2019–ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ, 35 ശതമാനം വോട്ട് മാത്രമാണ് ബിജെപിക്കും സഖ്യകക്ഷികൾക്കും ലഭിച്ചതെങ്കിലും, ലോക്സഭയിൽ മൂന്നിൽ രണ്ടിലധികം ഭൂരിപക്ഷം നേടാനായി. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് ഏത് നിയമവും പാസാക്കാമെന്ന ഹുങ്കായിരുന്നു അവർക്ക്. പൗരത്വ ഭേദഗതി നിയമം, കാശ്മീർ സംസ്ഥാന വിഭജനം, കാശ്മീരിന് ഭരണഘടനയുടെ 376-ാം വകുപ്പ് അനുസരിച്ചുണ്ടായിരുന്ന പ്രത്യേക പദവി എടുത്തുകളയൽ, തൊഴിൽ നിയമ ഭേദഗതികൾ, പണിമുടക്ക് നിരോധന നിയമം തുടങ്ങിയവയിലെല്ലാം പ്രതിപക്ഷ എതിർപ്പുകളെ മാനിക്കാതെ പാസാക്കി. സുപ്രധാന ബില്ലുകൾ, പരിശോധനക്കായി സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് റഫർ ചെയ്യാൻ പോലും, കേന്ദ്ര സർക്കാർ സന്നദ്ധമായില്ല. പാർലമെന്റിന്റെ ഇരു സഭകളിലും, പ്രതിപക്ഷ പാർടികൾ ഒറ്റക്കെട്ടായി ഉയർത്തിയ എതിർപ്പുകളെ പുച്ഛത്തോടെയാണ് സർക്കാർ നോക്കിക്കണ്ടത്. പാർലമെന്ററി ജനാധിപത്യ തത്വങ്ങളും, പാർലമെന്റിന്റെ ചട്ടങ്ങളും, കീഴ് വഴക്കങ്ങളും ധാർഷ്ട്യത്തോടെ കാറ്റിൽപ്പറത്തി, വോട്ടെടുപ്പ് പോലും നടത്താതെ, ശബ്ദവോട്ടോടെയാണ് വിവാദ കാർഷിക നിയമങ്ങൾ 'പാസായതായി' പ്രഖ്യാപിച്ചത്. ഈ നടപടിയിൽ പ്രതിഷേധിച്ചതിന്, എട്ട് പ്രതിപക്ഷ എം.പിമാരെ - എളമരം കരീം, കെ.കെ. രാഗേഷ് ഉൾപ്പെടെ - രാജ്യസഭയിൽ നിന്നും സസ്പെന്റ് ചെയ്തു. കർഷക സമരത്തെ നിസാരവൽക്കരിച്ചും, പ്രതിപക്ഷത്തെ പാടെ അവഗണിച്ചും, തങ്ങൾക്ക് തോന്നുന്നതെല്ലാം ചെയ്യുമെന്ന അഹങ്കാരത്തോടെ ആയിരുന്നു സർക്കാർ നീങ്ങിയത്.

2021 ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ ചേർന്ന പാർലമെന്റ് സമ്മേളനം ബഹളത്തിൽ മുങ്ങി. പൗരന്മാരുടെ രഹസ്യം ചോർത്തിയ 'പെഗാസസ് സോഫ്റ്റ് വെയർ' പ്രശ്നവും, കർഷക സമരവും, വിലക്കയറ്റ പ്രശ്നവും സഭയിൽ ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ഒറ്റക്കെട്ടായി ആവശ്യപ്പെട്ടു. സർക്കാർ വഴങ്ങിയില്ല. ബഹളത്തിൽ മുങ്ങിയ സഭയിൽ, പുറത്തുനിന്നുള്ള 'വാച്ച് & വാർഡ്' ഭടന്മാരെ അണിനിരത്തി, പ്രതിഷേധിച്ച പ്രതിപക്ഷ എം.പി.മാർക്ക് നേരെ ബലം പ്രയോഗിച്ചു. ഇതിന് പുറമെ, ഏതാനും എംപിമാരുടെ പേരിൽ നടപടി സ്വീകരിക്കുമെന്ന് ഭീഷണിയുമുയർത്തി.

കോർപറേറ്റ് താൽപര്യത്തിന് അനുസരിച്ച് ഭരണം നടത്തുന്ന മോദി സർക്കാർ, ഭരണഘടനയോടും, ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങളോടും ഒട്ടും ബഹുമാനം കാണിക്കുന്നില്ല. എതിർശബ്ദം കേട്ട ഭാവം നടിക്കുന്നില്ല. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച്, കൃഷിക്കാരും തൊഴിലാളികളും, മറ്റ് ജനവിഭാഗങ്ങളും ഉയർത്തുന്ന പ്രതിഷേധങ്ങളെ അവഗണിച്ച് മുന്നോട്ടു പോകാനാവുമെന്ന് അവർ കണക്കുകൂട്ടി. അന്തിമ വിധി കൽപ്പിക്കേണ്ടത് ജനങ്ങളാണെന്ന സത്യം അവർ അംഗീകരിച്ചില്ല. സംഘപരിവാറിന്റെയും മോദിയുടെയും ധാർഷ്ട്യത്തിനേറ്റ കനത്ത തിരിച്ചടിയാണ്, കാർഷിക നിയമങ്ങൾ പിൻവലിക്കേണ്ടി വന്നത്. വർഗീയതയും, സങ്കുചിത ദേശീയതയും ഉയർത്തി എക്കാലവും ജനങ്ങളെ കബളിപ്പിക്കാമെന്ന വ്യാമോഹത്തിന് പ്രഹരമേറ്റു. കോർപറേറ്റ് മാധ്യമങ്ങളുടെ പിന്തുണയും കോർപറേറ്റ് ഫണ്ടും ഉപയോഗിച്ച്, ജനങ്ങളുടെ മേൽ എന്തും അടിച്ചേൽപ്പിക്കാമെന്നാണ് അവർ കരുതിയത്.

ഭരണഘടനാ സ്ഥാപനങ്ങൾ കയ്യടക്കിയും, കേന്ദ്ര ഏജൻസികളെ ദുരുപയോഗിച്ചും, ബൂർഷ്വാ പാർടികളെ പിളർത്തിയും, ഭരണഘടനയുടെ ഫെഡറൽ തത്വം അവഗണിച്ചും, സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുത്തും, വർഗീയത ആളിക്കത്തിച്ച് ജനങ്ങളെ ഭിന്നിപ്പിച്ചും, അനന്തകാലം തേരോട്ടം നടത്താമെന്ന സംഘപരിവാർ വ്യാമോഹത്തിനേറ്റ കനത്ത പ്രഹരമാണ്, അധ്വാനിക്കുന്ന ജനതയുടെ ഐക്യസമരം നൽകിയത്. രാജ്യത്ത് സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന വർഗങ്ങളാണ് കർഷകരും തൊഴിലാളികളും. എല്ലാ തൊഴിൽ നിയമങ്ങളും തൊഴിലുടമകൾക്ക് അനുകൂലമായി ഭേദഗതി ചെയ്ത്, തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശക്തി ക്ഷയിപ്പിച്ച്, മൂലധന ശക്തികൾക്ക് ലാഭം വാരിക്കൂട്ടാൻ അവസരമൊരുക്കുകയായിരുന്നു മോദി സർക്കാർ. കാർഷിക മേഖല പൂർണമായും കോർപറേറ്റുകൾക്ക് തീറെഴുതുന്നതായിരുന്നു വിവാദ കാർഷിക നിയമങ്ങൾ - ജനങ്ങളുടെ ജീവിതം ദുരിതപൂർണമാക്കുന്ന ഇത്തരം നയങ്ങളെ ചെറുത്തു തോൽപ്പിക്കാൻ, അധ്വാനിക്കുന്ന ജനതക്ക് സാധിക്കുമെന്ന് ബോധ്യപ്പെടുത്തുന്നതാണ്, ഇപ്പോൾ ഉയർന്നുവന്ന സാഹചര്യം.

വർഗീയ ശക്തികളെ നേരിടാൻ, വർഗ ഐക്യം ശക്തിപ്പെടുത്തുകയല്ലാതെ മറ്റ് മാർഗമില്ല. സാമ്രാജ്യത്വ മൂലധന ശക്തികളും, ദേശീയ കുത്തകകളും ചേർന്ന് നടത്തുന്ന കൊള്ളക്കെതിരെ, ജനങ്ങൾ ഒറ്റക്കെട്ടായി അണിചേരണം. തൊഴിലാളി - കർഷക ഐക്യശക്തിക്ക്, ഈ ജനമുന്നേറ്റത്തെ നയിക്കാനാവും. ഇന്ത്യയിൽ ഒരു പുതിയ രാഷ്ട്രീയം ഉരുത്തിരിയുന്നതിന്റെ നാന്ദിയാണ് കർഷകസമരത്തിന്റെ വിജയം. അതോടൊപ്പം രാജ്യത്താകെ രൂപപ്പെട്ടുവന്ന തൊഴിലാളി-കർഷക ഐക്യം. ഈ പുതിയ സാഹചര്യത്തെ നേരിടാൻ, 56 ഇഞ്ച് നെഞ്ചളവ് പോരാതെ വരും.





## കർഷക ദ്രോഹനിയമങ്ങൾ പിൻവലിച്ചു

# മാപ്പ് പറഞ്ഞ് നരേന്ദ്ര മോദി

**രാജ്യത്തെ കർഷകരുടെ ഇച്ഛാശക്തിക്ക് മുന്നിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ മുട്ടുമടക്കി. കർഷക ദ്രോഹനിയമങ്ങൾ പിൻവലിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ കർഷകരോട് മാപ്പിരന്നു. ഒരുവർഷമായി തുടർന്ന കർഷക സമരത്തിൽ പങ്കെടുത്തത് കോടിക്കണക്കിന് കർഷകരായിരുന്നു. 658-ലേറെ പേർ രക്തസാക്ഷികളായ ഈ കർഷക സമരം രാജ്യം കണ്ട ഏറ്റവും നീണ്ട ജനാധിപത്യ പ്രക്ഷോഭമായിരുന്നു. കാർഷിക നിയമത്തിനെതിരെ തുടങ്ങിയ സമരം തൊഴിലാളി - കർഷക ഐക്യം ശക്തമാക്കുന്നതിന് വലിയ പങ്കുവഹിച്ചു. തൊഴിലാളികളുടെയും കർഷകരുടെയും നേതൃത്വത്തിൽ എല്ലാ വർഗ ബഹുജന വിഭാഗങ്ങളും കർഷക സമരത്തിന് പിന്നിൽ അണിനിരന്നു.**

- മോദി സർക്കാർ കീഴടങ്ങി
- നരേന്ദ്ര മോദി രാജ്യത്തോട് മാപ്പിരന്നു
- കാർഷിക നിയമങ്ങൾ പിൻവലിക്കും
- കർഷക പ്രക്ഷോഭം നീണ്ടത് 358 ദിവസം
- തൊഴിലാളി – കർഷക ഐക്യത്തിന്റെ കരുത്ത്
- ലോകമാകെ പിന്തുണച്ച കർഷക സമരം
- തൊഴിലാളി – കർഷക ഐക്യം കാലത്തിന്റെ ശബ്ദം



- നിയമം പിൻവലിക്കാൻ നടപടി 29ന് തുടങ്ങുന്ന ശീതകാല സമ്മേളനത്തിൽ
- വീണ്ടുവിചാരം 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി
- മൂന്ന് നിയമവും പിൻവലിച്ചത് സ്വാഗതം ചെയ്ത് സംയുക്ത കിസാൻ മോർച്ച
- നിയമങ്ങൾ പിൻവലിച്ചാലേ പ്രഖ്യാപനം യാഥാർഥ്യമാകൂ എന്ന് കർഷകർ

- ചരിത്ര വിജയത്തിന് അഭിവാദ്യം : സിപിഐ എം
- മിനിമം താങ്ങുവിലയ്ക്ക് നിയമപരിരക്ഷ ഉറപ്പാക്കണം : സീതാറാം യെച്ചൂരി
- സർക്കാരിന്റെ അഹങ്കാരത്തിന് തലകുനിക്കേണ്ടി വന്നു : രാഹുൽ ഗാന്ധി
- പ്രധാനമന്ത്രിയുടെ ഖേദപ്രകടനം വ്യാജം : അഖിലേഷ് യാദവ്
- മോദിയുടെ അഹന്തയ്ക്കും ധിക്കാരത്തിനുമേറ്റ തിരിച്ചടി : അശോക് ഗെലോട്ട്



“കാർഷിക നിയമങ്ങളിലൂടെ ഞങ്ങൾ എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്ന് കർഷകർക്ക് മനസിലായില്ല. ഞാൻ ക്ഷമ ചോദിക്കുന്നു. മൂന്ന് കാർഷിക നിയമവും റദ്ദാക്കാൻ തീരുമാനിച്ചു. വരുന്ന പാർലമെന്റ് സമ്മേളനത്തിൽ ഈ മൂന്ന് ബില്ലും പിൻവലിക്കും. കർഷകർ ഇനിയെങ്കിലും വീടുകളിലേക്ക് മടങ്ങണം. പുതിയ തുടക്കത്തിന് തയ്യാറാകണം.”



**നരേന്ദ്ര മോദി,**
**ഇന്ത്യൻ പ്രധാനമന്ത്രി**

## പിൻവലിക്കപ്പെടുന്ന കാർഷികനിയമങ്ങൾ

**1) കാർഷികോൽപ്പന്ന വ്യാപാര വാണിജ്യ പ്രോത്സാഹന നിയമം**

**(The Farmer's Produce Trade and Commerce (Promotion and Facilitation) Act, 2020 or the FPTC Act )**

കാർഷികവിളകൾ സർക്കാർ ഏജൻസി നിയന്ത്രണത്തിലുള്ള മണ്ഡികൾക്ക്(ചന്തകൾക്ക്) പുറത്ത് വിൽക്കാൻ അനുവദിക്കുന്ന നിയമം. കർഷകർക്ക് കൂടുതൽ വില ഉറപ്പാക്കാനാണിതെന്ന് സർക്കാർ അവകാശപ്പെട്ടു. മണ്ഡികൾ ഇല്ലാതാകാനും കോർപറേറ്റുകൾ കുത്തക സ്ഥാപിക്കാനും നിയമം വഴിയൊരുക്കുമെന്ന് കർഷകർ ചൂണ്ടിക്കാട്ടി. സ്വകാര്യകമ്പനികളിൽനിന്ന് തുടക്കത്തിൽ താരതമ്യേന കൂടുതൽ വില കിട്ടിയാലും മണ്ഡിസംവിധാനം തകരുന്നതോടെ തുച്ഛമായ വിലയിൽ വിളകൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകും.

**2) വില ഉറപ്പും കാർഷികസേവനങ്ങളും വഴി കർഷകരെ സംരക്ഷിക്കാനും ശാക്തീകരിക്കാനുമുള്ള നിയമം (Farmers (Empowerment and Protection) Agreement of Price Assurance and Farm Services Act, 2020)**

കരാർകൃഷി നിയമപരമാക്കും. വിത്ത് വിതയ്ക്കുന്ന കാലത്തുതന്നെ കർഷകർക്ക് സ്വകാര്യകമ്പനികളുമായി കരാറുണ്ടാക്കാം. വിളകൾ ഇവർക്കുതന്നെ നൽകേണ്ടിവരും. എന്നാൽ, മിനിമം താങ്ങുവില നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല. ചെറുകിട, ഇടത്തരം കർഷകർ കോർപറേറ്റ് സ്ഥാപനങ്ങളുടെ ചൂഷണത്തിനു വിധേയരാകുന്ന സാഹചര്യം കരാർ കൃഷി വഴി ഉണ്ടാകും.

**3) അവശ്യസാധന നിയമഭേദഗതി (Essential Commodities (Amendment) Act, 2020)**

ഭക്ഷ്യഎണ്ണ, ഉള്ളി, ഉരുളക്കിഴങ്ങ് അടക്കം അവശ്യവസ്തു പട്ടികയിലുള്ള സാധനങ്ങൾ പരിധിയില്ലാതെ സംഭരിക്കാനും കടത്താനും സ്വകാര്യമേഖലയ്ക്ക് അനുമതി. മറ്റ് രണ്ട് നിയമത്തിനൊപ്പം അവശ്യവസ്തു നിയമഭേദഗതികൂടി നടപ്പാകുന്നതോടെ കൃഷിയും ഭക്ഷ്യമേഖലയും കോർപറേറ്റുകളുടെ കൈപ്പിടിയിലാകും.

# തൊഴിലാളി + കർഷകർ = ജയം



ഒരു വർഷം നീണ്ട ഐതിഹാസിക കർഷക സമരം രണ്ട് കാരണത്താൽ സവിശേഷം. ഒന്ന്, 1991ൽ കോർപറേറ്റ് അനുകൂല സാമ്പത്തിക പരിഷ്കാരങ്ങൾക്ക് കോൺഗ്രസ് സർക്കാർ തുടക്കം കുറിച്ചശേഷം ഇതാദ്യമായി വലതു സ്വകാര്യവൽക്കരണ ലോബിക്ക് ജനകീയ സമരം കനത്ത തിരിച്ചടിയേകി. രണ്ട്, രാജ്യത്ത് ആദ്യമായി ഉൽപ്പാദകരായ തൊഴിലാളികളും കർഷകരും കൈകോർത്ത സമരം വൻകിട കുത്തകകൾക്കും അവരുടെ അഭ്യുദയകാംക്ഷികളായ വലതു രാഷ്ട്രീയ പാർടികൾക്കും പ്രഹരമേൽപ്പിച്ചു. ഇന്ത്യയുടെ ഭാവി രാഷ്ട്രീയത്തിൽ നിർണായകമായ ദിശാമാറ്റത്തിനുകൂടി കർഷക സമരത്തിൽ ഉരുത്തിരിഞ്ഞ ഈ രണ്ട് ഘടകം കാരണമാവാം. 1991 മുതൽ കേന്ദ്രത്തിൽ മാറിമാറി വന്ന കോൺഗ്രസ്–ബിജെപി സർക്കാരുകൾ വൻകിടക്കാർക്കുമാത്രം ഗുണം ചെയ്യുന്ന സാമ്പത്തികപരിഷ്കാര നയങ്ങളെയാണ് ചേർത്തുപിടിച്ചത്. രണ്ടാം മോദി സർക്കാർ വൻഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നതോടെ കോർപറേറ്റ് നയങ്ങൾക്ക് തീവ്രതയേറി. എന്നാൽ, തൊഴിലാളി സംഘടനകളുടെ പിന്തുണയോടെ കർഷക സംഘടനകളുടെ യോജിച്ചുള്ള ചെറുത്തുനിൽപ്പ് കോർപറേറ്റുകളെയും ബിജെപി സർക്കാരിനെയും ഒരേപോലെ ഞെട്ടിച്ചു. തെരഞ്ഞെടുപ്പുകളിൽ കൂടി തോറ്റുതുടങ്ങിയതോടെ സമരത്തിന്റെ ജനകീയത സംഘപരിവാറിന് ബോധ്യപ്പെട്ടു.

# സമരവിജയം തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് അഭിമാനം

കർഷകദ്രോഹ നിയമങ്ങൾക്കെതിരെ ഉയർന്നുവന്ന സമരം തൊഴിലാളി കർഷക ഐക്യം ശക്തമാക്കാൻ സഹായിച്ചു. കർഷകർ കൂട്ടായി നടത്തിയ സമരം എന്ന നിലയിൽ നിന്ന് തൊഴിലാളികളുടെയും, കർഷകരുടെയും കൂട്ടായ നേതൃത്വത്തിൽ എല്ലാ വർഗ ബഹുജന വിഭാഗങ്ങളും അണിനിരന്ന രീതിയിലേക്ക് സമരത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞു. കർഷക മോർച്ചയുടെ സമരത്തിന് പിന്തുണ മാത്രമല്ല, ദൽഹിയിലും പ്രാന്ത പ്രദേശങ്ങളിലുമുള്ള എല്ലാ കർഷക ക്യാമ്പുകൾക്കും, കാവൽ നിൽക്കുവാനും സന്നദ്ധ പ്രവർത്തകരായി, അവരെ സഹായിക്കുവാനും മെഡിക്കൽ ക്യാമ്പുകൾ ഒരുക്കാനും ശുചീകരണ പ്രവർത്തനങ്ങൾക്കും, മരുന്നും ഭക്ഷണവും എത്തിക്കാനും അളവറ്റ പ്രവർത്തനങ്ങളാണ് സിഐടിയു ഏറ്റെടുത്തത്.




തുടക്കം മുതൽ സമരത്തിന്റെ വിജയം വരെ സിഐടിയു പ്രസ്ഥാനം മനസു കൊണ്ടും ശരീരം കൊണ്ടും കർഷകർക്കൊപ്പം നിന്നു. പ്രക്ഷോഭ സമരങ്ങൾക്ക് ഐക്യദാർഢ്യമായി രാജ്യവ്യാപകമായി കാമ്പയിനുകളും പ്രതിഷേധ പരിപാടികളും സിഐടിയു സംഘടിപ്പിച്ചു. കഴിഞ്ഞ ഭാരത ബന്ദ് അതുല്യ വിജയമാക്കാൻ കേരളത്തിൽ അടക്കം സിഐടിയു യൂണിയനുകൾ നിർവഹിച്ച ചുമതല ഏറെ വിലപ്പെട്ടതായിരുന്നു. സിഐടിയു ഹൈദരാബാദ് ദേശീയ കൗൺസിൽ, കർഷക സമരം ആരംഭിച്ച് ഒരുവർഷം പിന്നിടുന്ന നവംബർ 26ന് രാജ്യവ്യാപകമായി ഐക്യദാർഢ്യ പരിപാടികൾക്ക് ആഹ്വാനം ചെയ്യുകയും ജനുവരിയിൽ എല്ലാ തൊഴിലാളി സംഘടനകളെയും ഒരുമിച്ച് ദ്വിദിന പണിമുടക്കിനും തയ്യാറെടുക്കാൻ തൊഴിലാളി വർഗത്തിനോട് അഭ്യർഥിക്കുകയും ചെയ്തിരുന്നു. ദേശീയ കൗൺസിൽ സമാപിച്ചത് നവംബർ 18നായിരുന്നു. നവംബർ 19നായിരുന്നു പ്രധാനമന്ത്രി നരേന്ദ്രമോദി കർഷക സമൂഹത്തോട് മാപ്പ് പറഞ്ഞ്, കർഷക ദ്രോഹ ബില്ലുകൾ മൂന്നും പിൻവലിക്കുകയാണെന്ന് അറിയിച്ചത്. ബിജെപി സർക്കാരിനെ നിർബന്ധിതമാക്കിയ ഈ നടപടി കർഷകർ നേടിയ വിജയം രാജ്യത്ത് ഉയരുന്ന തൊഴിലാളിവർഗ പ്രക്ഷോഭങ്ങൾക്ക് ഊർജവും കരുത്തുമാണ് പകർന്നു നൽകുന്നത്.

## അഖിലേന്ത്യാ കിസാൻസഭയുടെ പങ്ക് പ്രധാനം

**കർഷക പ്രതിഷേധത്തെ ഏകോപിപ്പിച്ച് മുന്നോട്ടുകൊണ്ടുപോയതിൽ അഖിലേന്ത്യ കിസാൻസഭയുടെ പങ്ക് ശ്രദ്ധേയം. ചെറുതും വലുതുമായ അഞ്ഞൂറിൽപ്പരം സംഘടനയുടെ ഐക്യവേദിയായ സംയുക്ത കിസാൻമോർച്ചയ്ക്ക് രൂപം നൽകിയതിലും നിർണായക പങ്ക് വഹിച്ചു. ട്രേഡ് യൂണിയനുകളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കാനും കിസാൻസഭ മുന്നിൽനിന്നു. പഞ്ചാബിൽ 2020 ജൂലൈയിൽ ആരംഭിച്ച കർഷകപ്രതിഷേധം ഡൽഹി കേന്ദ്രമാക്കി വളർത്തിയെടുത്തത് പ്രധാന വഴിത്തിരിവായി. ഒരു വർഷമായി നടക്കുന്ന സമരത്തിൽ വ്യത്യസ്ത സ്വഭാവമുള്ള സംഘടനകൾ തമ്മിൽ ഐക്യം ഊട്ടിയുറപ്പിക്കാൻ കിസാൻസഭയുടെ ഇടപെടൽ വഴി സാധിച്ചു. പ്രതിസന്ധിഘട്ടങ്ങളിൽ കിസാൻസഭയുടെ ഇടപെടൽ സമരത്തിനു കൃത്യമായ ദിശാബോധം നൽകി.**

## സിഐടിയു അഖിലേന്ത്യാ ജനറൽ കൗൺസിലിന്റെ

# വർത്തമാനകാല രാഷ്ട്രീയ പ്രാധാന്യം

തപൻസെൻ

**സമ്പന്ന ദരിദ്ര രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കുള്ളിലെ സമ്പന്നരും ദരിദ്രരും തമ്മിലും ഉള്ള അസമത്വം മഹാമാരിക്കാലത്ത് കൂടുതൽ വർധിച്ചിരിക്കുകയാണ്. ആഗോള സമ്പദ് ഘടന നിരാശാജനകമായ ചിത്രം വരച്ചുകാട്ടുമ്പോഴും അതിസമ്പന്നരുടെയും വമ്പൻ കോർപറേറ്റുകളുടെയും കുത്തക മുതലാളിമാരുടെയും സമ്പത്ത് ഈ വിഭാഗങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഭരണകൂടത്തിലെ ചങ്ങാതിമാരുടെ കനിവ് കാരണം കുന്നുകൂടുകയാണ്.**



**തൊഴിലാളികളുടെയും** അധ്വാനിക്കുന്ന ഇതര ജനവിഭാഗങ്ങളുമായും ജീവനും ജീവനോപാധികൾക്കും വലിയ ഭീഷണി ഉയർത്തുന്ന. മൂന്ന് സംഭവവികാസങ്ങൾക്ക് ഇക്കാലത്ത് രാജ്യം സാക്ഷ്യം വഹിക്കുകയുണ്ടായി. ഒന്ന് കോവിഡ് മഹാമാരി, രണ്ട് മഹാമാരിയെ നിയന്ത്രിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പകരം ഈ സാഹചര്യത്തെ മുതലാക്കിക്കൊണ്ട് ജനങ്ങൾക്ക് നേരെ കൂടുതൽ ആക്രമണങ്ങൾ അഴിച്ചുവിടുന്ന മോദി സർക്കാരിന്റെ സമീപനം. മൂന്ന്, ഒരു ചരിത്ര സംഭവമായി മാറിക്കഴിഞ്ഞിരിക്കുന്ന കർഷക സമരവും അതിനുശേഷം രാജ്യത്ത് ഉയർന്നു വന്നിട്ടുള്ള തൊഴിലാളികളുടെയും കർഷകരുടെയും യോജിച്ചുള്ള പോരാട്ടങ്ങളും.

മഹാമാരിയും അടച്ചുപൂട്ടലുകളും, കർഫ്യൂവും മറ്റ് നിയന്ത്രണങ്ങളും, നവ ഉദാരവത്കരണ നയങ്ങൾ വാശിയോടെ അടിച്ചേൽപ്പിക്കുന്ന മോദി സർക്കാരും വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചെങ്കിലും സിഐടിയു അംഗങ്ങളായ നമ്മൾക്കും, തൊഴിലാളിവർഗത്തിന് പൊതുവിലും, ഈ പ്രതിബന്ധങ്ങളെ മറി കടക്കുന്നതിനുള്ള നിശ്ചദാർഢ്യവും ശേഷിയും പ്രകടിപ്പിക്കുവ






നായി എന്നാണ്. ഇതിനെ അടിത്തറയാക്കി കൊണ്ടുവേണം വർഗസമരങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഭരണവർഗത്തിന്റെയും ഭരണകൂടത്തിലെ അതിന്റെ പ്രതിനിധികളുടെയും ആക്രമണങ്ങളെ ചെറുത്തുതോൽപ്പിക്കുന്നതിനുമുള്ള തൊഴിലാളി വർഗത്തിന്റെ കരുത്ത് വർധിപ്പിക്കുന്നതിന് നാം ശ്രമിക്കേണ്ടത്. മഹാമാരിക്കാലത്ത് നാം നടത്തിയ പ്രവർത്തനങ്ങളും നമുക്കുണ്ടായ അനുഭവങ്ങളും ഇതുമാത്രമാണ് ഏക പോംവഴി എന്നാണ് നമ്മോടും പറയുന്നത്. നമുക്ക് ആത്മവിശ്വാസം പകർന്നു നൽകുന്ന പ്രധാന സ്രോതസും ഇത് തന്നെയാണ്.

## ആഗോള സമ്പദ്ഘടന

കോവിഡ് മഹാമാരിയുടെ വ്യാപനത്തിന് മുമ്പ് തന്നെ ആഗോള സമ്പദ്ഘടന ഒരു വ്യവസ്ഥാപരമായ പ്രതിസന്ധിയിലായിരുന്നു. മഹാമാരി സ്ഥിതി കൂടുതൽ വഷളാക്കുയും ചെയ്തു. ഇപ്പോഴത്തെ സാഹചര്യത്തിന്റെ ചില ശ്രദ്ധേയമായ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

1. ആഗോള മുതലാളിത്ത ക്രമത്തിന്റെ തുടർച്ചയായി രൂക്ഷമായി കൊണ്ടിരിക്കുന്ന വ്യവസ്ഥാപരമായ പ്രതിസന്ധി.
2. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് നവഉദാരവൽക്കരണത്തിന് കഴിയാത്ത അവസ്ഥ.
3. നവഉദാരവൽക്കരണ നയങ്ങൾക്കെതിരെ വർധിച്ചുവരുന്ന ജനങ്ങളുടെ അസംതൃപ്തിയും രോഷവും ബദൽ നയങ്ങൾക്കായുള്ള അവരുടെ തിരച്ചിലും.

മഹാമാരി സാമ്പത്തിക വളർച്ചയെ ലോകമാകെ കൂടുതൽ മന്ദഗതിയിലാക്കി. മഹാമാരിക്ക് മുമ്പും തീർത്തും അപര്യാപ്തമായ രീതിയിലാണ് തൊഴിലവസരങ്ങൾ, പ്രത്യേകിച്ച് മാന്യമായ തൊഴിലുകൾ സൃഷ്ടിക്കപ്പെട്ടത്. മഹാമാരിക്കാലത്ത് ഉണ്ടായ വലിയ തോതിലുള്ള തൊഴിൽ നഷ്ടം തൊഴിലില്ലായ്മ കൂടുതൽ വഷളാക്കുന്നതിന് കാരണമായി. തൊഴിൽ നഷ്ടം, വരുമാനത്തിലെ ഇടിവ്, കുതിച്ചുയരുന്ന ചികിത്സാച്ചിലവ് എന്നിവ ജനങ്ങളെ കടത്തിലേക്കും, ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിട്ടു. നവഉദാരവൽക്കരണ ക്രമത്തിൽ നേരത്തേ തന്നെ തൊഴിലുടമകളുടെ നിലവാര തകർച്ച സംഭവിച്ചിരുന്നു. മഹാമാരി ഇതിനെ ഒന്നുകൂടി മോശമാക്കിയിരിക്കുകയാണ്. തുടർച്ചയായുള്ള മാന്ദ്യം രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ രംഗങ്ങൾ ഉൾപ്പെടെ സമൂഹത്തെയാകെ ബാധിച്ചിരിക്കുന്നു. കൂലിയും, ക്ഷേമ ആനുകൂല്യങ്ങളും തൊഴിൽ സാഹചര്യങ്ങളും സംഘടിക്കുന്നതി

നും കൂട്ടായി വിലപേശുന്നതിനും ഉൾപ്പെടെയുള്ള പൊരുതി നേടിയ അവകാശങ്ങളും വർധിതമായ ആക്രമണങ്ങളെ നേരിടുന്നു. ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്ന നയങ്ങൾക്കുപകരം രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിനും കോർപറേറ്റുകളെ സഹായിക്കുന്ന നയങ്ങളാണ് ഭരണകൂടം നടപ്പാക്കുന്നത്. ജനങ്ങളുടെ നീറുന്ന ദൈനംദിന പ്രശ്നങ്ങളിൽ നിന്ന് അവരുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനായി തീവ്ര ദേശീയതയുടെയും, വംശീയതയുടെയും, വിദേശികളോടുള്ള സ്പർധയുടെയും, കുടി.യേറ്റ വിരോധത്തിന്റെയും വികാരങ്ങൾ ഇളക്കിവിടുന്നു.

സമ്പന്ന ദരിദ്ര രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കുള്ളിലെ സമ്പന്നരും ദരിദ്രരും തമ്മിലും ഉള്ള അസമത്വം മഹാമാരിക്കാലത്ത് കൂടുതൽ വർധിച്ചിരിക്കുകയാണ്. ആഗോള സമ്പദ് ഘടന നിരാശാജനകമായ ചിത്രം വരച്ചുകാട്ടുമ്പോഴും അതിസമ്പന്നരുടെയും വമ്പൻ കോർപറേറ്റുകളുടെയും കുത്തക മുതലാളിമാരുടെയും സമ്പത്ത് ഈ വിഭാഗങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഭരണകൂടത്തിലെ ചങ്ങാതിമാരുടെ കനിവ് കാരണം കുന്നുകൂടുകയാണ്.

കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും നഷ്ടപ്പെട്ടു. വരുമാനമോ സമ്പാദ്യമോ ഇല്ലാത്തതിനാൽ ആശുപത്രി ചികിത്സയുടെയും മരുന്നിന്റെയും ചിലവിന് പണം കണ്ടെത്താനാകാതെ ദശലക്ഷക്കണക്കിന് തൊഴിലാളികൾ ദാരിദ്ര്യത്തിന്റെയും കടത്തിന്റെയും പിടിയിലായിരിക്കുന്നു. റിക്കോർഡ് ഭക്ഷ്യോൽപ്പാദനം നടന്നിട്ടും കോടിക്കണക്കിനാളുകൾ ഭക്ഷണം ലഭിക്കാതെ വലയുന്നു.

തൊഴിലിനും വരുമാനത്തിനും മേലുള്ള ആക്രമണങ്ങൾക്ക് എതിരെയുള്ള തൊഴിലാളികളുടെ രോഷം റിപ്പോർട്ട് കാലയളവിൽ ലോകമൊട്ടാകെ നടന്ന അസംഖ്യ പ്രക്ഷോഭങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. മഹാമാരി കാരണം നടപ്പിലാക്കിയ നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോഴും തൊഴിൽ സംരക്ഷണം, സുരക്ഷിതമായ തൊഴിൽ സാഹചര്യം, മെച്ചപ്പെട്ട കൂലി/സാമൂഹ്യ സുരക്ഷ, എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള തൊഴിലാളികൾ പണിമുടക്കുകളും വലിയ പ്രക്ഷോഭങ്ങളും നടത്തുകയുണ്ടായി.

## മുതലാളിത്ത സോഷ്യലിസ്റ്റ് വ്യവസ്ഥിതികൾ തമ്മിലെ വ്യത്യാസം

കോർപറേറ്റ് ലാഭത്തിന് മാത്രം മുൻഗണന നൽകുന്ന മുതലാളിത്ത വ്യവസ്ഥയും ജനക്ഷേമത്തിന് പ്രഥമ പരിഗണന നൽകുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം മഹാമാരിക്കാലത്ത് തുറന്ന് കാട്ടപ്പെടുകയുണ്ടായി. അമേരിക്ക, യൂറോപ്യൻ യൂണിയൻ, ബ്രിട്ടൻ, ബ്രസീൽ തുടങ്ങിയ ഉയർന്ന വരുമാന/ഉയർന്ന മധ്യവരുമാന രാജ്യങ്ങളാണ് മഹാമാരി ഏറ്റവും ദോഷകരമായി ബാധിക്കപ്പെട്ടത്. ലോകമൊട്ടാകെ നടന്ന കോവിഡ് മരണങ്ങളിൽ പകുതിയും ആഗോള ജനസംഖ്യയുടെ എട്ടിൽ ഒരു ഭാഗം ജനങ്ങൾ മാത്രം അധിവസിക്കുന്ന ഈ രാജ്യങ്ങളിലാണ് എന്നത് ശ്രദ്ധേയമാണ്.

7,45,000 ജീവനുകൾ പൊലിഞ്ഞ അമേരിക്കയാണ് ഏറ്റവും കൂടുതൽ മരണം സംഭവിച്ച രാജ്യം. സമ്പന്ന രാജ്യമായ അമേരിക്കയിൽ മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉണ്ടെങ്കിലും ഇവ തൊഴിലാളികൾക്കും ദരിദ്രർക്കും പ്രാപ്യമല്ല. അമേരിക്കയിലെ ആരോഗ്യരംഗം ഇൻഷുറൻസിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. അവിടെ പൊതുമേഖലയിൽ എടുത്തുപറയത്തക്ക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളില്ല. സ്വകാര്യ ചികിത്സയ്ക്ക് വേണ്ട പണം കണ്ടെത്താനാകാത്ത ദരിദ്രരാണ് മരണമടഞ്ഞവരിൽ ബഹുഭൂരിപക്ഷവും.

രൂക്ഷമായി തുടരുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാമ്രാജ്യത്വ ശക്തികളാൽ നയിക്കപ്പെടുന്ന വികസിത മുതലാളിത്ത രാജ്യങ്ങൾ തങ്ങളുടെ രാഷ്ട്രീയ/സാമ്പത്തിക/സൈനിക മേധാവിത്വം തിരിച്ചുപിടിക്കുന്നതിന് തീവ്രമായ ശ്രമങ്ങൾ നടത്തിവരികയാണ്. അമേരിക്കൻ സാമ്രാജ്യത്വം ആഗോള കൂട്ടുകെട്ടുകളിൽ മാറ്റങ്ങൾ വരുത്തുകയും അമേരിക്ക, ജപ്പാൻ, ഇന്ത്യ, ആസ്ട്രേലിയ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന ക്വാഡ് പോലുള്ള പുതിയ തന്ത്രപ്രധാനമായ കൂട്ടായ്മകൾക്ക് രൂപം നൽകുകയുമാണ്. ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ് ഘടനയായി വികസിച്ചിരിക്കുന്ന ചൈനയെ തളയ്ക്കുന്നതിനും ഒറ്റപ്പെടുത്തുന്നതിനുമായി അഡഗഡ എന്ന പേരിൽ അമേരിക്ക, യുകെ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളുടെ സഖ്യവും നിലവിൽ വന്നിട്ടു




**അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ വികസ്വര രാജ്യങ്ങളെ അവയുടെ ധനക്കമ്മി മറികടന്ന് ചിലവ് ചെയ്യാൻ അനുവദിക്കുന്നില്ല. നവഉദാരവൽക്കരണത്തോട് അങ്ങേയറ്റത്തെ പ്രതിബദ്ധത വച്ചുപുലർത്തുന്ന മോദി നയിക്കുന്ന ബിജെപി സർക്കാരാകട്ടെ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ തിട്ടൂരങ്ങളോട് 'രാജാവിനേക്കാൾ വലിയ രാജഭക്തി' യാണ് പ്രകടിപ്പിക്കുന്നത്.**

ണ്ട്. സ്വതന്ത്രമായ ചേരിചേരാ നയം ഉപേക്ഷിച്ചുകൊണ്ട് ഇന്ത്യ ഇപ്പോൾ അമേരിക്കയുടെ താഴ്ന്ന തന്ത്രപ്രധാന പങ്കാളിയായി തീർന്നിരിക്കുകയാണ്.

ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനുവേണ്ടി പൊതുച്ചെലവ് വർധിപ്പിക്കുന്നതിനെ വിലക്കുന്ന നവഉദാരവൽക്കരണത്തെ ഉപേക്ഷിച്ചുകൊണ്ട് അമേരിക്ക, ബ്രിട്ടൺ എന്നിവ ഉൾപ്പെടെയുള്ള നിരവധി വികസിത മുതലാളിത്ത രാജ്യങ്ങളിലെ സർക്കാരുകൾ അവിടങ്ങളിലെ ജനങ്ങൾക്ക് മഹാമാരിക്കാലത്ത് വലിയ അളവിലാണ് നേരിട്ട് പണമെത്തിച്ചത്. എന്നാൽ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ വികസ്വര രാജ്യങ്ങളെ അവയുടെ ധനക്കമ്മി മറികടന്ന് ചിലവ് ചെയ്യാൻ അനുവദിക്കുന്നില്ല. നവഉദാരവൽക്കരണത്തോട് അങ്ങേയറ്റത്തെ പ്രതിബദ്ധത വച്ചുപുലർത്തുന്ന മോദി നയിക്കുന്ന നമ്മുടെ രാജ്യത്തിലെ ബിജെപി സർക്കാരാകട്ടെ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ തിട്ടൂരങ്ങളോട് 'രാജാവിനേക്കാൾ വലിയ രാജ്യഭക്തി' യാണ് പ്രകടിപ്പിക്കുന്നത്. വരുമാനം നഷ്ടപ്പെട്ട ജനങ്ങൾക്ക് നേരിട്ട് പണമെത്തിക്കണമെന്ന് തൊഴിലാളി സംഘടനകളും സമൂഹത്തിലെ എല്ലാ പുരോഗമന വിഭാഗങ്ങളും ആവശ്യപ്പെടുന്നുണ്ട്.

## ഇന്ത്യയിലെ പുതിയ സാഹചര്യങ്ങളുടെ പ്രധാന സവിശേഷതകൾ

നവഉദാരവൽക്കരണം ദുർബലമാക്കിയ പൊതു ആരോഗ്യസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായ അലംഭാവത്തെയും മഹാമാരി തുറന്നുകാട്ടി. പ്രതിരോധ കുത്തിവയ്പ്പ് ഉൾപ്പെടെ മഹാമാരിയെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സ്വകാര്യ കോർപറേറ്റ് ആശുപത്രികൾക്കും വ്യവസായങ്ങൾക്കും ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് കൊള്ള ലാഭം ഉണ്ടാക്കുന്നതിന് എല്ലാ ഒത്താശകളും സർക്കാർ ചെയ്തുകൊടുത്തു.




തൊഴിൽ നഷ്ടം: Centre for Monitoring Indian Economy (CMIE) യുടെ ഒരു പഠനമനുസരിച്ച് മഹാമാരി കാരണം രണ്ട് കോടി പേർക്കാണ്, (ഇവരിൽ ഭൂരിപക്ഷവും അസംഘടിത മേഖലയിലാണ്) ഇന്ത്യയിൽ തൊഴിലുകൾ നഷ്ടമായത്. നിർമ്മാണം, ഹോട്ടലുകളും റെസ്റ്റോറന്റുകളും, ഗതാഗതം, വ്യാപാരം തുടങ്ങിയ മേഖലകളാണ് ഏറെ ബാധിക്കപ്പെട്ടത്. ആദ്യഘട്ട അടച്ചുപൂട്ടലിൽ 14 കോടിയിലധികം പേർക്ക് ഉപജീവന മാർഗങ്ങൾ നഷ്ടപ്പെടുകയുണ്ടായി എന്നാണ് കണക്കാക്കപ്പെടുന്നത്. ചെറുകിട, ഇടത്തരം സംരംഭങ്ങൾ കനത്ത ആഘാതം ഏറ്റുവാങ്ങി. നഷ്ടപ്പെട്ട തൊഴിലുടകളിൽ ഒരു ചെറുപങ്ക് മാത്രമേ തിരിച്ച് പിടിക്കാനാകുകയുള്ളൂ. അടച്ചുപൂട്ടലിന് അയവ് വരുത്തിയ ശേഷം തൊഴിൽ കണ്ടെത്തുവാൻ കഴിഞ്ഞവരിൽ പലർക്കും കുറഞ്ഞ വേതനം/ വരുമാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. മഹാമാരിയുടെ രണ്ടാം തരംഗത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ അടച്ചുപൂട്ടലുകൾ കാരണം 2021 ഏപ്രിൽ മേയ് മാസങ്ങളിൽ 2.20 കോടി ജനങ്ങളുടെ ഉപജീവനമാർഗം ഇല്ലാതായി എന്നാണ് ഇങ്കളയുടെ കണക്കുകൾ വ്യക്തമാക്കുന്നത്. 23 കോടി പേർക്കും മിനിമം കൂലിക്ക് താഴെയുള്ള വേതനമാണ് ലഭിച്ചത്.

ഏറ്റവും പുതിയ 'വർത്തമാന പ്രതിവാര തൊഴിൽ സ്ഥിതി' അടിസ്ഥാനമാക്കിയുള്ള കണക്കുകൾ പ്രകാരം തൊഴിലില്ലായ്മ 9 ശതമാനമാണ്. യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ 20 ശതമാനവും. കഴിഞ്ഞ വർഷം കുടുംബങ്ങൾക്ക് ശരാശരി 12% വരുമാന നഷ്ടമുണ്ടായി. ദരിദ്ര/ മധ്യവർഗം കുടുംബങ്ങൾക്കുണ്ടായ നഷ്ടം ഇതിലും വളരെ അധികമായിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ചില കണക്കുകൾ 218 ദശലക്ഷം ജനങ്ങൾ കൂടി കഴിഞ്ഞ വർഷം ദാരിദ്ര്യത്തിലേക്ക് തള്ളപ്പെട്ടിരിക്കാം എന്നാണ് സൂചിപ്പിക്കുന്നത് (ഗ്രാമങ്ങളിൽ 168 ദശലക്ഷവും നഗരങ്ങളിൽ 50 ലക്ഷവും). ഇക്കൊല്ലം മറ്റൊരു 150 –199 ദശലക്ഷം ജനങ്ങൾ കൂടി ദരിദ്രരായിത്തീരും. ഇത് ദാരിദ്ര്യത്തിൽ 15 20% വരെ വർധനവ് ഉണ്ടാക്കും. അതായത് രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം ദരിദ്രരായിരിക്കും.

ബിജെപി സർക്കാരിന്റെ വർഗ സ്വഭാവം

തെരഞ്ഞെടുപ്പിന് മുമ്പ് മോദിയും ബിജെപി സർക്കാരും എന്ത് വാഗ്ദാനം നൽകിയാലും അവർ രാജ്യത്തെയും വിദേശത്തെയും വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ്പ്രവർത്തിക്കുന്നത് എന്നത് ഇക്കാലയളവിൽ നിസംശയം തെളിയിക്കപ്പെട്ടതാണ്. ദേശീയത, ദേശസ്നേഹം തുടങ്ങിയവയെ കുറിച്ചുള്ള അവരുടെ അവകാശവാദങ്ങൾ പരിഗണിക്കാതെ തന്നെ, രാജ്യത്തിന്റെ വിലപ്പെട്ട സ്വത്തുക്കളും ജനങ്ങളുടെ പണം കൊണ്ട് സൃഷ്ടിച്ച പൊതുസമ്പത്തും വൻകിട വിദേശിക കുത്തകകൾക്ക് വിൽക്കാനോ സമ്മാ

നിക്കാനോ ബിജെപി സർക്കാർ മടിക്കുന്നില്ലെന്നതും സംശയാതീതമായി തിരിച്ചറിഞ്ഞിരിക്കുകയാണ്. മോദിയും ബിജെപി സർക്കാരും ഒരു ചേരിചേരാ രാജ്യമെന്ന നിലയിൽ പൂർണ സന്നദ്ധതയോടെ യുഎസ് സാമ്രാജ്യത്വത്തിന്റെ തന്ത്രപരമായ പങ്കാളികളായി കഴിഞ്ഞു. ഇന്ത്യ അന്താരാഷ്ട്ര സമൂഹത്തിൽ നാണംകെടുന്നത് ഇവർ കാണുന്നില്ല.

വിഘടന ശക്തികളുടെ കുതന്ത്രങ്ങൾ ആർഎസ്എസിന്റെയും അവരുടെ വിവിധ സംഘടനകളുടെയും കുതന്ത്രങ്ങൾ ഈ കാലയളവിൽ കൂടുതൽ വ്യക്തമായി. ഓരോ അവസരവും ഉപയോഗപ്പെടുത്തി സമൂഹത്തിൽ ധ്രുവീകരണമുണ്ടാകുകയാണ്. സ്വാതന്ത്ര്യ സമരത്തിൽ യാതൊരു പങ്കുമില്ലാത്ത ആർഎസ്എസും അവരുടെ രാഷ്ട്രീയ വിഭാഗവും അവരുടെ ആശയപരമായ പദ്ധതി നടപ്പാക്കാനായി ചരിത്രം തിരുത്തി എഴുതുകയാണ്. നിലവിലെ ചരിത്രം മാത്രമല്ല, ഭൂതകാലവും മാറ്റി എഴുതുകയാണ്. ഇന്ത്യയ്ക്ക് 1947 ആഗസ്ത് 15ന് സ്വാതന്ത്ര്യം കിട്ടിയെങ്കിലും മോഡി സർക്കാർ കശ്മീരിന്റെ സ്വയംഭരണാധികാരം നൽകുന്ന ഭരണഘടനയുടെ 370ാം അനുച്ഛേദം റദ്ദാക്കിയ ശേഷം സംസ്ഥാനത്തെ ഇല്ലാതെയാക്കി രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിച്ച 2019 ആഗസ്ത് ഒമ്പതിനാണ് ഇന്ത്യയ്ക്ക് യഥാർഥ സ്വാതന്ത്ര്യം ലഭിച്ചതെന്നാണ് ആളുകളെ വിശ്വസിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. ഈ വളച്ചൊടിക്കലിന്റെ സ്മരണയ്ക്കായി 2020ൽ ഇതേ തീയതിയിൽ അയോധ്യയിൽ രാമക്ഷേത്രം നിർമിക്കുന്നതിന് പ്രധാനമന്ത്രി തറക്കല്ലിട്ടു. ബ്രിട്ടീഷ് സാമ്രാജ്യത്വവാദികൾക്ക് മുന്നിൽ ഒരു തരത്തിലും ദയ തേടാത്ത കമ്യൂണിസ്റ്റുകാരുടെയും പുരോഗമന ശക്തികളുടെയും വീരോജ്വിത പരിവേഷം ആളുകളുടെ ഓർമ്മയിൽ നിന്ന് മായ്ക്കാനാണ് അവർ ശ്രമിക്കുന്നത്.

പാർലമെന്റിൽ നിന്ന് പ്രതിപക്ഷ അംഗങ്ങളെ സസ്പെൻഡ് ചെയ്തുകൊണ്ട് നമ്മുടെ ചെറുകിട കർഷക അധിഷ്ഠിത കൃഷിയെ കോർപ്പറേറ്റ് കൃഷിയാക്കി മാറ്റാനുള്ള കാർഷിക ബില്ലുകൾ പാസാക്കി. പാർലമെന്റിൽ പ്രതിപക്ഷ അംഗങ്ങൾ ഇല്ലാതിരുന്ന സമയത്ത് തൊഴിലാളികളെ വെർച്വൽ അടിമകളാക്കി മാറ്റാൻ ഉദ്ദേശിച്ചുള്ള മൂന്ന് തൊഴിൽ കോഡുകൾ പാസാക്കി. പാർലമെന്റിൽ ഒരു ചർച്ചയുമില്ലാതെയും പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധന കൂടാതെയും ജനറൽ ഇൻഷുറൻസ് നിയമം, അവശ്യ പ്രതിരോധ സേവന നിയമം (ഇഡിഎസ്എ) (ആദ്യം ഓർഡിനൻസായാണ് കൊണ്ടുവന്നത്), പാപ്പരത്വ ഭേദഗതി നിയമം മുതലായവ പാസാക്കി. പ്രതിരോധ നിർമാണ യൂണിറ്റുകളിൽ മാത്രമല്ല, ഉരുക്ക്, വൈദ്യുതി, ഗതാഗതം, ടെലികോം, തുറമുഖം തുടങ്ങി എല്ലാ വ്യവസായ അനുബന്ധ മേഖലകളിലും സമരം നിരോധിക്കാൻ സർക്കാരിനെ ഇഡിഎസ്എ അധികാരപ്പെടുത്തുന്നു. നമ്മുടെ രാജ്യത്തിന്റെ പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്വദേശികളും വിദേശികളുമായ കോർപ്പറേറ്റുകൾക്ക് സൗജന്യമായി കൈമാറുന്ന ദേശീയ ധനസമ്പാദന നയവുമായി മുന്നോട്ട് പോകുമെന്ന് 2021–22 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതു പ്രകാരം ഈ കാലഘട്ടത്തിൽ രണ്ട് പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കുകയും എൽഐസിയിൽ ഐപിഒ പ്രഖ്യാപിക്കുകയും ചെയ്തു. തുച്ഛമായ പൈസക്ക് എയർ ഇന്ത്യയെ ടാറ്റയ്ക്ക് കൈമാറുന്ന നടപടികൾ പൂർത്തിയാക്കി. തൊഴിലാളികൾ അവരുടെ വാർധ്യക്യ കാലത്തിലേക്കായി സ്വരൂപിച്ച് വച്ചിരിക്കുന്ന പെൻഷൻ ഫണ്ടിനെയും ഇവർ വെറുതെ വിടുന്നില്ല. പിഎഫ്ആർഡിഎയുടെ മേൽനോട്ടത്തിൽ നിന്നും നിയന്ത്രണത്തിൽ നിന്നും എൻപിഎസ് ഫണ്ടിനെ ഒഴിവാക്കിയെടുക്കാൻ പിഎഫ്ആർഡിഎ നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. എൻപിഎസ് ഫണ്ട് ഉപയോഗിച്ച് അശ്രദ്ധമായ ഊഹക്കച്ചവടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എൻപിഎസ് ട്രസ്റ്റുമായി ചേർന്ന് ഒരു കോർപ്പറേറ്റ് അല്ലെങ്കിൽ സൊസൈറ്റി രൂപീകരിക്കാനാണ് തീരുമാനം. മുകേഷ് അംബാനി, ഗൗതം അദാനി തുടങ്ങിയവരുടെ സമ്പത്ത് ഇക്കാലയളവിൽ വർധിച്ച രീതിയിൽ നിന്ന് വ്യക്തമാണ് സർക്കാരിന്റെ നയങ്ങൾ ഈ ലക്ഷ്യത്തോടെയാണ് രൂപപ്പെടുത്തിയതെന്ന്.

ഉയർന്നു വന്നിട്ടുള്ള ഈ വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത് തൊഴിലാളിവർഗത്തിന് പൊതുവിലും സിഐടിയുവിനും ആർജിക്കാനുള്ള ചർച്ചകളും തീരുമാനങ്ങളുമാണ് ഹൈദരാബാദ് ജനറൽ കൗൺസിലിൽ ഉണ്ടായത് എന്നത് രാജ്യത്തെ എല്ലാ ട്രേഡ് യൂണിയനുകൾക്കും അഭിമാനിക്കാവുന്ന നേട്ടമാണ്. •

# സിഐടിയു അഖിലേന്ത്യാ ജനറൽ കൗൺസിൽ

**2021 നവംബർ 16 ഹൈദ്രാബാദ്**




സിഐടിയു അഖിലേന്ത്യാ ജനറൽ കൗൺസിൽ യോഗം 2021 നവംബർ 16–18 തീയതികളിൽ ഹൈദ്രാബാദ് ബാഗ്ലിംഗം പള്ളിയിലെ സുന്ദരയ്യ വിജ്ഞാൻ കേന്ദ്രത്തിൽ നടന്നു. സിഐടിയു അഖിലേന്ത്യാ പ്രസിഡൻറ് ഡോ. ഹേമലത പതാകയുയർത്തി. തുടർന്ന് ജനറൽ കൗൺസിൽ അംഗങ്ങൾ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി.

കൗൺസിലിൽ കേന്ദ്ര ഭാരവാഹികൾ ഉൾപ്പെടെ 352 പേർ പങ്കെടുത്തു. നാല് ക്ഷണിതാക്കളും മൂന്ന് സൗഹാർദ പ്രതിനിധികളും പങ്കെടുത്തു.

കൗൺസിൽ മീറ്റിംഗിന് ഡോ: ഹേമലത, ആനത്തലവട്ടം ആനന്ദൻ, ബാസുദേവാചാര്യ, എ.കെ. പത്മനാഭൻ, ജെ. മേഴ്സിക്കുട്ടിയമ്മ, എസ്.എസ്. ദേബ്റോയി, സൗന്ദർരാജൻ, സായിബാബു, ചുക്കാരാമലു എന്നിവരായിരുന്നു പ്രസീഡിയം. ജനറൽ സെക്രട്ടറി തപൻസെൻ റിപ്പോട്ടവതരിപ്പിച്ചു. ഖജാൻജി ആർ.എൽ. മൽക്കോട്ടിയ വരവ്ചെലവ് കണക്ക് അവതരിപ്പിച്ചു. ചുക്കാരാമലു സ്വാഗതം പറഞ്ഞു.

16–ാമത് അഖിലേന്ത്യാ സമ്മേളനത്തിന് ശേഷം കോവിഡ് വ്യാപനത്തിന് ശേഷം ഇതാദ്യമായാണ് കൗൺസിൽ ചേരുന്നത്. 2020 ലെ സിഐടിയുവിന്റെ അംഗസംഖ്യ ഉൾപ്പെടെ 16ാം സമ്മേളനം തീരുമാനിച്ച രാഷ്ട്രീയ കടമകളും, സംഘടനാ കടമകളും എത്ര മാത്രം നടപ്പാക്കിയെന്ന പരിശോധനയാണ് കൗൺസിലിന്റെ പ്രധാന ചർച്ച. നവംബർ 26ന് കർഷക സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് രാജ്യവ്യാപകമായി പ്രതിഷേധം സംഘടിപ്പിക്കുവാൻ ജനറൽ കൗൺസിൽ അംഗീകരിച്ച പ്രമേയത്തിലൂടെ ആഹ്വാനം ചെയ്തു.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ സാമൂഹ്യ സുരക്ഷാ നടപടികൾ കൈക്കൊള്ളണമെന്നും ഇപിഎഫ് പെൻഷൻ 9000 രൂപയായി വർധിപ്പിക്കണമെന്നും മിനിമം വേതനം ദേശീയ തലത്തിൽ 21,000 രൂപയായി വർധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ബിപിസിഎൽ ഉൾപ്പെടെയുള്ള കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, ആശ, അംഗൻവാടി, സ്കൂൾ പാചകം, എൻ.എച്ച്.എം തുടങ്ങിയ സ്കീം വർക്കർമാരെ സ്ഥിരം തൊഴിലാളികളായി അംഗീകരിച്ച് തൊഴിൽ സംരക്ഷിക്കുക, കോവിഡ് അവസാനിക്കുന്നതു വരെ ആദായനികുതി പരിധിക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും 7500 രൂപ പ്രതിമാസം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി വിവിധ മേഖലകളിൽ നടക്കുന്ന പ്രക്ഷോഭ സമരങ്ങൾക്ക് സിഐടിയു പിന്തുണ പ്രഖ്യാപിച്ചു.

തൊഴിലാളി വർഗ്ഗം തുടരുന്ന പോരാട്ടങ്ങൾക്ക് കൂടുതൽ ശക്തി പകരുവാൻ ആമുഖ പ്രസംഗത്തിലൂടെ ഡോ: ഹേമലത ആഹ്വാനം ചെയ്തു. മൂലധന ശക്തികൾക്ക് വേണ്ടി വിടുപണി ചെയ്യുന്ന നരേന്ദ്രമോദി സർക്കാർ തൊഴിലാളി വർഗ്ഗത്തിനെതിരെ വെല്ലുവിളി ഉയർത്തുകയാണ്. സംയുക്ത യൂണിയനുകൾ ദേശീയ തലത്തിൽ 2022 ജനുവരിയിൽ പ്രഖ്യാപിച്ചിട്ടുള്ള രണ്ട് ദിവസത്തെ അഖിലേന്ത്യാ പണിമുടക്കിന് വിപുലമായ തയ്യാറെടുപ്പിന് ഒരുങ്ങുവാൻ സിഐടിയുവിന്റെ മുഴുവൻ അംഗങ്ങളോടും പൊതുവിൽ തൊഴിലാളി വർഗ്ഗത്തോടും സിഐടിയു അഖിലേന്ത്യാ ജനറൽ കൗൺസിൽ ആഹ്വാനം ചെയ്തു.

കേരള കൗൺസിൽ മെമ്പർമാരുടെ ലീഡറായി കെ.എൻ. ഗോപിനാഥിനെ നിശ്ചയിച്ചു. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ ആദ്യദിവസം കെ.എൻ. ഗോപിനാഥ്, വി. ശശികുമാർ, ദീപ കെ. രാജൻ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.




രണ്ടാം ദിവസം നടന്ന ചർച്ചയിൽ സഖാക്കൾ ടി.കെ. രാജൻ, സി.ബി. ചന്ദ്രബാബു, സുനിതാ കുര്യൻ, കെ.പി. മേരി, പി.പി. പ്രേമ, എൽ. ഗീത, കെ. ജയപ്രകാശ് എന്നിവർ പങ്കെടുത്തു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെയും പാചക വാതകത്തിന്റെയും വില വിവിധങ്ങളായ നികുതി ഭാരത്തിലൂടെ വർധിപ്പിച്ചുകൊണ്ടുള്ള ബിജെപി സർക്കാരിന്റെ നടപടികൾ പിൻവലിക്കണമെന്ന് ജനറൽ കൗൺസിൽ അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. കർഷക സമരത്തിന് ഒരുവർഷം തികയുന്ന നവംബർ 26ന് രാജ്യവ്യാപകമായി സിഐടിയു കർഷക സംഘടനകളും ചേർന്ന് ഐക്യദാർഢ്യ റാലികൾ സംഘടിപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചു.

2022 ജനുവരിയിൽ സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്തിട്ടുള്ള ദ്വിദിന പണിമുടക്കിന്റെ വിജയത്തിനായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ജനറൽ കൗൺസിൽ തീരുമാനിച്ചു.

സംസ്ഥാനങ്ങളെ മറികടന്ന് 2020 പുതിയ വിദ്യാഭ്യാസ നയം ആർ.എസ്.എസ്. അജണ്ടയാണെന്നും അത് വിദ്യാഭ്യാസത്തെ വർഗീയവൽക്കരിക്കാനുള്ള അജണ്ടയാണെന്നും വിദ്യാഭ്യാസ ബിൽ പിൻവലിക്കണമെന്നും എളമരം കരീം എംപി അവതരിപ്പിച്ച പ്രമേയം ആവശ്യപ്പെട്ടു.

ചർച്ചകൾക്ക് സിഐടിയു കേന്ദ്ര സെക്രട്ടറിയേറ്റിന് വേണ്ടി ജനറൽ സെക്രട്ടറി തപൻ സെൻ മറുപടി പറഞ്ഞു. സിഐടിയു ദേശീയ നേതാക്കളായ ഡോ. കെ. ഹേമലത, എ.കെ. പത്മനാഭൻ, എളമരം കരീം, കെ. ചന്ദ്രൻപിള്ള, പി. നന്ദകുമാർ, ജെ. മേഴ്സക്കുട്ടിയമ്മ, കെ.കെ. ദിവാകരൻ, സൗന്ദർ രാജൻ തുടങ്ങിയവരും പങ്കെടുത്തു.

പ്രമേയ കമ്മിറ്റിയിൽ ജെ. മേഴ്സിക്കുട്ടിയമ്മയും മിനിട്സ് കമ്മിറ്റിയിൽ അഡ്വ. എസ്. സജിയും ക്രെഡൻഷ്യൽ കമ്മിറ്റിയിൽ ടി.പി. രാമകൃഷ്ണനും കേരളത്തെ പ്രതിനിധീകരിച്ചു. തത്സമയ തർജമയ്ക്ക് കെ.എൻ. ഗോപിനാഥ്, ഡോ. പ്രദീപ്, ദീപാ കെ. രാജൻ എന്നിവർ നേതൃത്വം നൽകി.

# ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ പ്രവണതകൾ അളക്കുമ്പോൾ

**തൊഴിലില്ലായ്മയുടെ നിരന്തരമായ വർധനയ്ക്കു ദ്വിമുഖമായ കാരണങ്ങളാണുള്ളത്. ഒന്ന് : തൊഴിലെടുക്കുന്നവരുടെ ജനസംഖ്യയിലുള്ള സ്വാഭാവികമായ വർധന. രണ്ട് : സാങ്കേതികവും ഘടനാപരവുമായ മാറ്റങ്ങൾക്കുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയുന്നത്. ഇതിനൊപ്പമാണ് സമ്പദ്ഘടന തുറന്നു കൊടുത്തതോടെ പ്രവഹിച്ച വിദേശ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്ന മത്സരം.**



പ്രഭാത് പട്നായിക്

**വികസിത** മുതലാളിത്ത രാജ്യങ്ങളിലേതിന് വിഭിന്നമായി ഇന്ത്യയിലെ തൊഴിലവസരങ്ങളിൽ ഇടിവുണ്ടാകുന്നത് തൊഴിലാളികൾ വലിയ അനുപാതത്തിൽ തൊഴിൽ മേഖലയിൽ നിന്ന് പുറന്തള്ളപ്പെടുന്ന രൂപത്തിലല്ല. മറിച്ച് മിക്കവാറും എല്ലാ തൊഴിലാളികൾക്കും തങ്ങൾക്ക് ലഭിച്ചുവരുന്നതിനേക്കാൾ കുറഞ്ഞ തൊഴിൽ ദിനങ്ങൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടതു കൊണ്ടാണ്. പൂർണ സമയ തൊഴിൽ ലഭിക്കുന്നത് വളരെ കുറച്ചു തൊഴിലാളികൾക്ക് മാത്രമാണ്. മിക്കവാറും പേർ ഒന്നുകിൽ കർഷകരെയും കടയുടമകളെയും പോലെ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. ഈ മേഖലകളിൽ ഏറിയും കുറഞ്ഞും കുടുംബാംഗങ്ങൾ തൊഴിൽ പങ്കുവയ്ക്കുന്നുണ്ട്. മറ്റൊരു വിഭാഗം കാഷ്വൽ തൊഴിലാളികളാണ്. അവർക്ക് നിശ്ചിത ദിവസങ്ങൾ മാത്രമേ തൊഴിലുള്ളൂ. ഇത്രയും എണ്ണം തൊഴിലാളികൾക്ക് മറ്റൊരർഥത്തിൽ എറെക്കുറെ തൊഴിൽ ലഭിക്കുന്നുണ്ട്. ആദ്യമേഖലയിൽ തൊഴിലില്ലായ്മ കുറുയുകയും രണ്ടാമത്തേതിൽ കൂടുകയുമാണ്. തൊഴിലിന്റെ വ്യാപ്തിയും തൊഴിലെടുക്കുന്നവരുടെ എണ്ണവും തമ്മിൽ നേരിട്ട് ബന്ധമൊന്നുമില്ല. ചോദ്യമിതാണ്: ഈയൊരു സാഹചര്യത്തിൽ തൊഴിലില്ലായ്മയുടെ പ്രവണതയെ നമ്മൾ എങ്ങനെയാണ് അളക്കുന്നത്.



ഈ പ്രശ്നമുള്ളതുകൊണ്ട് ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കാൻ കുറേക്കാലമായി ഉപയോഗിക്കുന്നത് ഒരു മാർഗമല്ല, പലവിധ അളവുകളാണ്. ഈ എല്ലാ അളവുകോലുകളും നമ്മൾ ഇവിടെ പരിശോധിക്കുന്നില്ല. പക്ഷേ അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഓരോന്നായി വിശദീകരിക്കേണ്ടതുണ്ട്. തൊഴിലില്ലായ്മയുടെ നടപ്പു പ്രതിവാര സ്ഥിതി (current weekly status) എന്ന ആശയം ഒന്ന് വിശദീകരിക്കാം. തൊഴിലന്വേഷിച്ചിട്ടും ആദായകരമായ ഒരു പ്രവർത്തനത്തിൽ ഒരാൾക്ക് ആഴ്ചയിൽ ഒരു മണിക്കൂർ പോലും ജോലി കിട്ടാത്ത പക്ഷം ആ വ്യക്തിയുടെ നടപ്പു പ്രതിവാര സ്ഥിതി എന്നത് തൊഴിലില്ലാമയ്മ എന്ന അവസ്ഥ തന്നെയാണ്. അല്ലാത്ത പക്ഷം ആ വ്യക്തിയുടെ നടപ്പു പ്രതിവാര സ്ഥിതി തൊഴിലുള്ള അവസ്ഥയാണ്. സർവെ നടത്തുന്ന നിശ്ചിത വർഷത്തിൽ തൊട്ടുമുമ്പത്തെ ആഴ്ചയിൽ ആ വ്യക്തി നാലു മണിക്കൂർ ജോലി ചെയ്തിട്ടുണ്ടെന്നും കുറച്ചു വർഷങ്ങൾക്കുശേഷം നടക്കുന്ന അടുത്ത സർവേയുടെ സമയത്ത് തൊട്ടുമുമ്പത്തെ ആഴ്ചയിൽ രണ്ടു മണിക്കൂറാണ് ജോലി ചെയ്തതെന്നും കരുതുക. ആദ്യത്തെ കണക്കിനെ അപേക്ഷിച്ചത് രണ്ടാമത്തെ കണക്കിൽ ആ വ്യക്തി കൂടുതൽ തൊഴിൽരാഹിത്യം അനുഭവിക്കുന്നു എന്നു വ്യക്തം. ഈ രണ്ടു കാലയളവുകൾക്കിടയിൽ രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായി എന്നാണിതിനർഥം. എന്നാൽ ഔദ്യോഗിക കണക്കുകൾ പ്രകാരം തൊഴിലില്ലായ്മയുടെ നടപ്പു പ്രതിവാര സ്ഥിതി മാറ്റമില്ലാതെ തുടരുകയാണ്.

ഓരോ ഒദ്യോഗിക സംവിധാനത്തിലും ഏറിയും കുറഞ്ഞും ഇത് സത്യമാണ്. തൊഴിലില്ലായ്മയുടെ പ്രവണത അളക്കുന്നതിൽ ഒരുപാധിയും മെച്ചമല്ല. തൊഴിലില്ലായ്മയുടെ പ്രവണത എങ്ങനെയാണ് നമ്മൾ മനസ്സിലാക്കുക? ആളൊന്നിന് ലഭ്യമാകുന്ന തൊഴിലിന്റെ തോത് കുറയുമ്പോൾ അതിനർഥം തൊഴിലില്ലായ്മ വർധിക്കുന്നു എന്നാണ്. ഒരു ശരാശരി തൊഴിലാളിയുടെ ഒരു മണിക്കൂറിലെ യഥാർഥ വരുമാനം വർധിക്കുന്നില്ല എന്ന് വിശ്വസിക്കാൻ കൃത്യമായ ന്യായങ്ങളുണ്ടു താനും. തൊഴിലാളിയുടെ തൊഴിൽ മണിക്കൂറുകൾ കുറയുന്ന സമയത്ത് തൊഴിൽശക്തിയുടെ യഥാർഥ ആളോഹരി വരുമാനം കുറയും. തൊഴിലില്ലായ്മ വർധിക്കുന്നതിന്റെ ലക്ഷണങ്ങൾ ഇതിന്റെ ഫലമായി കാണാം.

തൊഴിലില്ലായ്മ വർധിക്കുന്നതിന് സമാന്തരമായി തൊഴിൽ ശക്തിയുടെ ആളോഹരി യഥാർത്ഥ വരുമാനം വർദ്ധിക്കേണ്ടതാണ്. അതുകൊണ്ടു തന്നെ മറ്റുകാര്യങ്ങൾ മാറാതിരിക്കുമ്പോൾ ന്യായമായും തൊഴലില്ലായ്മ നിരക്കിൽ ഒരു പ്രവണത രൂപപ്പെട്ടുകൊണ്ട്

> **തൊഴിലില്ലായ്മയുടെ പ്രവണത അളക്കുന്നതിൽ ഒരുപാധിയും മെച്ചമല്ല. ആളൊന്നിന് ലഭ്യമാകുന്ന തൊഴിലിന്റെ തോത് കുറയുമ്പോൾ അതിനർഥം തൊഴിലില്ലായ്മ വർധിക്കുന്നു എന്നാണ്. ഒരു ശരാശരി തൊഴിലാളിയുടെ ഒരു മണിക്കൂറിലെ യഥാർഥ വരുമാനം വർധിക്കുന്നില്ല എന്ന് വിശ്വസിക്കാൻ കൃത്യമായ ന്യായങ്ങളുണ്ട്. തൊഴിലാളിയുടെ തൊഴിൽ മണിക്കൂറുകൾ കുറയുന്ന സമയത്ത് തൊഴിൽശക്തിയുടെ യഥാർഥ ആളോഹരി വരുമാനം കുറയും. തൊഴിലില്ലായ്മ വർധിക്കുന്നതിന്റെ ലക്ഷണങ്ങൾ ഇതിന്റെ ഫലമായി കാണാം.**

തൊഴിലാളികളുടെ യഥാർത്ഥ വരുമാനത്തിൽ മാറ്റം വരും. എന്നാലും പലകാര്യങ്ങളും മാറാതെ നിലനിൽക്കും.

പ്രത്യേകിച്ചും തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം കുറയുകയും മൊത്തം ഉൽപ്പാദനത്തിൽ സാമ്പത്തിക മിച്ചത്തിന്റെ വിഹിതം വർദ്ധിക്കുകയും ചെയ്യുമ്പോൾ, അഭിഭാഷകർ, ബിസിനസ്സ് എക്സിക്യൂട്ടീവുകൾ, പരസ്യ ഏജൻസികൾ തുടങ്ങിയ ഈ മിച്ചത്തിൽ ജീവിക്കുന്ന 'ആശ്രിത' വിഭാഗത്തിന്റെ വ്യാപ്തി കൂടും. ഈ വിഭാഗം സാധാരണയായി 'തൊഴിൽ ശക്തി' യിലാണ് ഉൾപ്പെടുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 'തൊഴിൽ ശക്തി' എന്ന വിഭാഗത്തിൽ തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, കരകൗശല തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ മാത്രമല്ല ഉൾപ്പെടുന്നത്, കോർപ്പറേറ്റ് അഭിഭാഷകരും എക്സിക്യൂട്ടീവുകളും ഉൾപ്പെടുന്നു. ആദ്യം പറഞ്ഞവരുടെ തൊഴിലില്ലായ്മ നിരക്ക് നമ്മെ ഉത്കണ്ഠാകുലരാക്കുന്നുണ്ട്. അതിനാൽ, ഇവരുടെ പ്രതിശീർഷ വരുമാനത്തിലെ ചലനങ്ങൾ മാത്രം നമുക്ക് തൊഴിലില്ലായ്മ പ്രവണതകൾക്ക് ന്യായമായ കാരണമാകുന്നില്ല.

ഇതിൽ ഒരു പോംവഴിയുണ്ട്. മിച്ച വരുമാനം ലഭിക്കുന്ന, മേൽത്തട്ടിലെ തൊഴിൽശക്തിയിൽപ്പെട്ട വിഭാഗത്തിന്റെ പ്രതിശീർഷ യഥാർത്ഥ വരുമാനം വർധിക്കുകയോ മാറ്റമില്ലാതെ തുടരുകയോ ചെയ്യുമ്പോൾ, ഭക്ഷ്യധാന്യങ്ങളുടെ പ്രതിശീർഷ ഉപഭോഗത്തിൽ വർധന ഉണ്ടാകുന്നില്ല.

ഭക്ഷ്യധാന്യങ്ങളുടെ പ്രതിശീർഷ ഉപഭോഗം കുറയുമ്പോൾ, യഥാർത്ഥ അധ്വാനിക്കുന്ന ജനങ്ങളടങ്ങുന്ന 'തൊഴിൽ ശക്തിയുടെ' പ്രതിശീർഷ യഥാർത്ഥ വരുമാനം കുറഞ്ഞിട്ടുണ്ടാകുമെന്ന് ഈ വസ്തുതയിൽനിന്ന് തീർച്ചയായും അനുമാനിക്കാം. ഭക്ഷ്യധാന്യ വിതരണത്തിൽ ഒരു തടസ്സവുമില്ലാത്ത ഏതു ഘട്ടത്തിലും, ഇതിന്റെ തുടർച്ചയായി ആളോഹരി ഉപഭോഗത്തിലും ലഭ്യതയിലും മാറ്റങ്ങൾ ഉണ്ടാകും. ഇത് തൊഴിലില്ലായ്മ നിരക്കിലെ പ്രവണതകൾക്ക് ഒരു കാരണമായി ചൂണ്ടിക്കാട്ടാം. ഇത് തൊഴിലില്ലായ്മയുടെ പ്രവണതകളെ പട്ടിണിയുടെ പ്രവണതകളുടെ ഏതാണ്ട് പര്യായമാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനെ എതിർക്കേണ്ടതുണ്ട്. എന്നാൽ പട്ടിണി വർദ്ധിക്കുന്നത് ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ സ്വതന്ത്രമായി ഉണ്ടാകുന്ന ക്ഷാമം മൂലമല്ലെങ്കിൽ, അത് തൊഴിലില്ലായ്മയുടെ മുകളിലേക്ക് നീങ്ങുന്നതിന്റെ ലക്ഷണമായ, അധ്വാനിക്കുന്ന ജനങ്ങളുടെ കൈകളിലെ വാങ്ങൽ ശേഷി കുറയുന്നതിനെ ശക്തമായി പ്രതിഫലിപ്പിക്കുന്നു. നവലിബറൽ കാലഘട്ടത്തിലുടനീളം, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പക്കൽ ആവശ്യമായതിനേക്കാൾ കൂടുതൽ ഭക്ഷ്യധാന്യ സ്റ്റോക്കുണ്ടായിരുന്നു എന്നതിനാൽ ഭക്ഷ്യധാന്യ വിതരണത്തിൽ സ്വതന്ത്രമായി ഉണ്ടാകുന്ന ക്ഷാമത്തെക്കുറിച്ചുള്ള ചോദ്യം പ്രസക്തമല്ല. ഭക്ഷ്യധാന്യ ലഭ്യത ഒരു വർഷം മുതൽ അടുത്ത വർഷം വരെ ചാഞ്ചാടുമെങ്കിലും നമുക്ക് പ്രസക്തമായത് അതിലെ പ്രവണതയാണ്.

കൂടാതെ രണ്ട് ത്രിവത്സരങ്ങളിലെ ശരാശരി പ്രതിശീർഷ ലഭ്യത താരതമ്യം ചെയ്തുകൊണ്ട്  അത് പരിശോധിക്കാം. ഒന്ന് പ്രാരംഭ തീയതികളുടേതും മറ്റൊന്ന് നമ്മൾ അതെക്കുറിച്ച് കാലയളവിലെ ടെർമിനൽ തീയതികളുമായും. 1989–91 ത്രിവത്സരത്തിൽ, അതായത്, ഇന്ത്യയിൽ സാമ്പത്തിക ഉദാരവൽക്കരണം തുടങ്ങുന്നതിന് തൊട്ടുമുമ്പ് , ഭക്ഷ്യധാന്യങ്ങളുടെ ശരാശരി പ്രതിശീർഷ  ലഭ്യത 180.2 കിലോഗ്രാം ആയിരുന്നുവെങ്കിൽ  2016–18 ത്രിവത്സരത്തിൽ, അതായത് മഹാമാരിക്ക്  തൊട്ടുമുമ്പ്, ഇത് 178.7 കിലോഗ്രാമായി കുറഞ്ഞു. ഇത് കൃത്യമായ സ്ഥിതിവിവരക്കണക്കാണ്. നവ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ കാലഘട്ടത്തിൽ തൊഴിലില്ലായ്മ നിരക്കിൽ വർധനവുണ്ടായി. തിരഞ്ഞെടുത്ത പ്രത്യേക തീയതികൾ മൂലമാണ് ഈ ഫലം ഉണ്ടാകുന്നത് എന്ന് കരുതരുത്. കാരണം നവലിബറൽ കാലഘട്ടത്തിലും പിന്നീടുള്ള ഒരു ത്രിവത്സരത്തിലും ഭക്ഷ്യധാന്യങ്ങളുടെ പ്രതിശീർഷ അറ്റ ലഭ്യത 1989–91നേക്കാൾ കൂടുതലായിരുന്നില്ലെന്ന് മനസിലാക്കണം. ഈ കാലയളവിൽ മൊത്തത്തിൽ പ്രതിശീർഷ ലഭ്യതയുടെ ഇടിവിനെക്കുറിച്ച് നിസ്സംശയം പറയാം.

ഈ നിഗമനത്തെ ബലപ്പെടുത്തുന്ന മറ്റൊരു വസ്തുത കൂടിയുണ്ട്. ഒന്നാം യുപിഎ സർക്കാരിന്റെ കാലത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നതിനുശേഷം, ഈ പദ്ധതിക്ക് കീഴിൽ കുറച്ച് തൊഴിലവസരങ്ങൾ നൽകപ്പെട്ടു, അതുവഴി അവരുടെ വരുമാനം വർധിച്ചു;
ഒപ്പം ഭക്ഷ്യധാന്യങ്ങൾക്കുള്ള ആവശ്യവും വർധിച്ചു. ഇതൊക്കെയാണെങ്കിലും, നവലിബറൽ കാലഘട്ടത്തിൽ പ്രതിശീർഷ ഭക്ഷ്യധാന്യ ലഭ്യതയിൽ കുറവുണ്ടായി. തൊഴിലുറപ്പു പദ്ധതിയുടെ അഭാവത്തിൽ ഈ ഇടിവ് കൂടുതൽ രൂക്ഷമാകുകയാണ്.

ഈ കാര്യം മറ്റൊരു തരത്തിൽ പറയാം. നവലിബറൽ മുതലാളിത്ത വ്യവസ്ഥയുടെ പ്രവർത്തനം വഴി ലഭിക്കുന്ന  തൊഴിലും അനുബന്ധ തൊഴിൽ സ്രോതസ്സായ തൊഴിലുറപ്പു പദ്ധതി നൽകുന്ന തൊഴിലും തമ്മിൽ വേർതിരിച്ചറിയാം. തൊഴിലുറപ്പു പദ്ധതിവഴി ലഭിച്ച തൊഴിലവസരങ്ങൾ കണക്കിലെടുത്തിട്ടും, നവലിബറൽ കാലഘട്ടത്തിൽ തൊഴിലില്ലായ്മ വർദ്ധിച്ചു എന്നതാണ് വസ്തുത.

തൊഴിൽ നൽകാനുള്ള സംവിധാനത്തിന്റെ കഴിവ് പ്രോക്സി അളവുകോലിൽ നിന്ന് തോന്നുന്നതിലും കൂടുതൽ നിയന്ത്രിതമായിരുന്നു, തൊഴിലില്ലായ്മ നിരക്കിലെ വർദ്ധനവ് ഇതിലും കൂടുതൽ ആയിരിക്കുമായിരുന്നു. നവ ഉദാരവൽക്കരണ മുതലാളിത്ത വ്യവസ്ഥിതി മാത്രം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നെങ്കിൽ തൊഴിലില്ലായ്മയുടെ നിരക്ക് ഗണ്യമായി വർധിക്കുമായിരുന്നു.

തൊഴിലില്ലായ്മയുടെ നിരന്തരമായ വർധനയ്ക്കു ദ്വിമുഖമായ കാരണങ്ങളാണുള്ളത്. ഒന്ന് തൊഴിലെടുക്കുന്നവരുടെ ജനസംഖ്യയിലുള്ള സ്വാഭാവികമായ വർധന. ദുരിതത്തിലായ കർഷകർ വേതനം കിട്ടുന്ന തൊഴിലിനുവേണ്ടി നടത്തുന്ന പലായനം ഇതിന്റെ തീവ്രത വർധിപ്പിക്കുന്നു. സബ്സിഡി ഇല്ലാതാക്കിക്കൊണ്ടും  നാണ്യവിളകളുടെ വില സ്ഥിരതാ സംവിധാനം തകർത്തുകൊണ്ടും  നവലിബറൽ വ്യവസ്ഥയ്ക്കു കീഴിൽ കർഷക കേന്ദ്രീകൃതമായ കൃഷിയെ ഞെക്കിക്കൊല്ലുന്നതു മൂലമാണ് ഇത് സംഭവിക്കുന്നത്.

രണ്ടാമത്തെ ഘടകം, സാങ്കേതികവും ഘടനാപരവുമായ മാറ്റങ്ങൾക്കുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയുന്നതാണ്. ഇതിനൊപ്പമാണ് സമ്പദ്ഘടന തുറന്നു കൊടുത്തതോടെ പ്രവഹിച്ച വിദേശ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്ന മത്സരം. ഈ രണ്ടു ഘടകങ്ങളും ഒരു നവലബിറൽ മുതലാളിത്ത സമ്പദ്ഘടനയിൽ തൊഴിലില്ലായ്മാ നിരക്ക് വർധിപ്പിച്ചുകൊണ്ടുതന്നെ നിലനിർത്തുന്നു. ഈ വർധനവ് ഇന്ത്യയിലെ പരമ്പരാഗത ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളിൽനിന്ന് പൂർണ്ണമായി ഒഴിവാക്കപ്പെട്ടു പോകുന്നു. •

# സിഐടിയു ജനറൽ കൗൺസിലിൽ
# അഖിലേന്ത്യാ പ്രസിഡന്റ് സ. കെ. ഹേമലത നടത്തിയ
# അധ്യക്ഷ പ്രസംഗം

പ്രിയപ്പെട്ട സഖാക്കളെ,

മഹാമാരിയും അനുബന്ധ അടച്ചുപൂട്ടലുകളും, കർഫ്യൂകളും നിയന്ത്രണങ്ങളും 2020–ൽ കൊൽക്കത്തയിൽ നടത്താനിരുന്ന ജനറൽ കൗൺസിൽ യോഗം മാറ്റിവക്കുന്നതിന് നമ്മെ നിർബന്ധിതരാക്കി. മഹാമാരി നമ്മുടെ നിരവധി നേതാക്കളുടെയും അംഗങ്ങളുടെയും ജീവൻ കവർന്നെടുക്കുകയുണ്ടായി. ഒട്ടനവധി നേതാക്കൾക്കും പ്രവർത്തകർക്കും ഉറ്റവരെ നഷ്ടമായി. മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുന്നു.






## തുടരുന്ന പ്രതിസന്ധിയും മുതലാളിത്ത വ്യവസ്ഥയുടെ പരാജയവും

'കോവിഡ് 19 തുറന്നുവിട്ട കുഴപ്പങ്ങൾ നീണ്ടുനിൽക്കുന്നവ ആയിട്ടാണ് കാണപ്പെടുന്നത്' എന്നാണ് അന്താരാഷ്ട്ര നാണയ നിധി (ഐഎംഎഫ്) അതിന്റെ 2021 ഒക്ടോബർ മാസം പുറത്തിറക്കിയ വേൾഡ് എക്കണോമിക് ഓൺലുക്കിൽ പറഞ്ഞിരിക്കുന്നത്. വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ പല തലങ്ങളിലെ വെല്ലുവിളികളെ നേരിടുന്നതിന് നമുക്ക് 'വളരെ പരിമിതമായ തന്ത്രങ്ങളെ കൈവശമുള്ളൂ' എന്ന് റിപ്പോർട്ട് അംഗീകരിക്കുന്നുണ്ട്. 'വളർച്ചയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പ്രതികൂലമായ സൂചനകളാണ് നൽകുന്നത്' എന്നും റിപ്പോർട് പ്രവചിക്കുന്നുണ്ട്.

കഴിഞ്ഞ 13–14 വർഷങ്ങളായി പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. 'ചിലവ് ചുരുക്കൽ' നടപടികളിലൂടെയും, ക്ഷേമ ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടും, തൊഴിലാളികളുടെ മൗലികമായ സംഘടനാ അവകാശങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ടും തൊഴിലാളികളുടെ ചുമലിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിച്ച് പ്രതിസന്ധിയെ മറികടക്കാൻ മുതലാളിത്ത വർഗം നടത്തുന്ന ശ്രമങ്ങൾ ഇന്ന് തിരിച്ചടിക്കുകയാണ്. ഇന്ന് തൊഴിലാളികളെ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും തള്ളിവിട്ടിരിക്കുകയാണ്.

2021ൽ ലോകത്താകെയുള്ള മുഴുവൻ സമയ ജോലികളുടെ എണ്ണത്തിൽ മഹാമാരിക്ക്മുമ്പുണ്ടായിരുന്നതിനെ അപേക്ഷിച്ച് 125 ദശലക്ഷത്തിന്റെ കുറവുണ്ടാകുമെന്ന് ഐഎൽഒ 2021 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പ്രവചിക്കുന്നുണ്ട്.

തൊഴിൽ നഷ്ടത്താൽ കൂടുതൽ ബാധിക്കപ്പെട്ടത് സ്ത്രീകളാണ്. സ്ത്രീകൾ വലിയ സംഖ്യകളിൽ പണിയെടുക്കുന്ന അതിഥി സേവനം, ഹോട്ടലുകൾ, റെസ്റ്റാറന്റുകൾ തുടങ്ങിയ മേഖലകളിലാണ് മഹാമാരിയിൽ രൂക്ഷമായ തിരിച്ചടികളുണ്ടായത്.

ലോകത്താകെ തൊഴിലാളികൾക്ക് 3.3 ട്രില്യൺ ഡോളറിന്റെ വരുമാന നഷ്ടമുണ്ടായതായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

## വിശപ്പ്

ഭക്ഷ്യോൽപ്പാദനത്തിൽ റെക്കോഡ് നേട്ടം കൈവരിച്ചിട്ടും ലോകമാകെ പട്ടിണി രൂക്ഷമായിരിക്കുകയാണ്. '720–നും 811–നും ഇടയ്ക്ക് ദശലക്ഷം ജനങ്ങൾ 2020ൽ പട്ടിണിയെ അഭിമുഖീകരിച്ചു. ഇത് 2019–നേക്കാൾ 116 ദശലക്ഷം അധികമാണെന്നാണ് ഐക്യരാഷ്ട്ര സഭ ചൂണ്ടിക്കാട്ടിയത്.

## വിദ്യാഭ്യാസം

സ്കൂളുകളുടെ അടച്ചുപൂട്ടലും അതിനുശേഷം ഓൺലൈൻ പഠനത്തെ ആശ്രയിച്ചതും മഹാമാരിക്കാലത്ത് വിദ്യാഭ്യാസത്തിലെ അസമത്വം വർധിക്കുന്നതിന് ഇടയാക്കിയെന്ന് ഐക്യരാഷ്ട്ര സഭ കണ്ടെത്തിയിട്ടുണ്ട്. ലാപ്ടോപ്പ്, സ്മാർട്ട് ഫോൺ

എന്നിവയുടെയും ഇന്റർനെറ്റ് സൗകര്യത്തിന്റെയും അഭാവം ദശലക്ഷക്കണക്കിന് ദരിദ്രരായ വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതിന് കാരണമായി.




### ആരോഗ്യ പരിരക്ഷ : മുതലാളിത്ത സോഷ്യലിസ്റ്റ് വ്യവസ്ഥകൾ തമ്മിലുള്ള വൈരുദ്ധ്യം

ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ/ സാമ്പത്തിക/ സൈനിക ശക്തിയായ അമേരിക്കയിലാണ് ഏറ്റവും അധികം കോവിഡ് ബാധിതരുടെയും മഹാമാരി കാരണം മരണമടഞ്ഞവരുടെയും എണ്ണം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

4.61 കോടി ജനങ്ങൾ കോവിഡ് ബാധിതരായി. 7.47 ലക്ഷം ജീവനുകൾ നഷ്ടമായി. സ്വകാര്യ ആരോഗ്യ സൗകര്യങ്ങൾ അപ്രാപ്യമായിരുന്ന തൊഴിലാളികളും, കുടിയേറ്റക്കാരും കറുത്ത വർഗക്കാരും വെള്ളക്കാരല്ലാത്ത മറ്റ് ജനവിഭാഗങ്ങളും ഉൾപ്പെടുന്ന ദരിദ്രരാണ് മരിച്ചവരിൽ മഹാഭൂരിപക്ഷവും.

ഇതിന് വിപരീതമായി ഊർജസ്വലമായ പൊതു ആരോഗ്യ പരിരക്ഷാ സംവിധാനം നിലവിലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് ഫലപ്രദമായി മഹാമാരിയെ നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുമായി. പുതിയ വൈറസ് ആദ്യമായി കണ്ടെത്തപ്പെട്ട ചൈനയിൽ രോഗവ്യാപനം തടയുന്നതിനായി സമയോചിതമായ നടപടികൾ സ്വീകരിച്ചു.

ചൈന അതിന്റെ ജനസംഖ്യയുടെ 75 ശതമാനത്തിനും വാക്സിനേഷൻ പൂർത്തിയാക്കി കഴിഞ്ഞു. ഇതു കൂടാതെ 100 രാജ്യങ്ങൾക്ക് വാക്സിന്റെ 1.2 ദശലക്ഷം ഡോസുകൾ ചൈന നൽകുകയും ചെയ്തിട്ടുണ്ട്.

### വാക്സിനിലെ വർണവിവേചനം

മഹാമാരിയെ മറികടക്കാനുള്ള ഏകമാർഗം പ്രതിരോധ കുത്തിവയ്പാണെന്നും ലോകത്തിലെ ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും കുത്തിവയ്പ് പൂർത്തിയാക്കുന്നതുവരെ ആരും തന്നെ സുരക്ഷിതരല്ല എന്നും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സമ്പന്ന രാജ്യങ്ങൾ ദരിദ്ര രാജ്യങ്ങളുമായി വാക്സിൻ പങ്കുവയ്ക്കുന്ന കാര്യത്തിൽ തികഞ്ഞ സ്വാർഥതയാണ് പ്രകടിപ്പിക്കുന്നത്.

ലോകത്താകെ നൽകപ്പെട്ട വാക്സിനുകളുടെ 75 ശതമാനവും 10 സമ്പന്ന രാജ്യങ്ങളിലെ ജനങ്ങളാണ് സ്വീകരിച്ചത്. ബ്രിട്ടണിൽ 68 ശതമാനം ജനങ്ങൾക്കും കുത്തിവയ്പ് പൂർത്തിയായിക്കഴിഞ്ഞു. 75 ശതമാനത്തിന് ആദ്യ ഡോസ് നൽകിയിട്ടുമുണ്ട്. അമേരിക്കയിൽ ഇത് യഥാക്രമം 58 ശതമാനവും 67 ശതമാനവുമാണ്.

എന്നാൽ നിരവധി ദരിദ്ര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വാക്സിൻ അപ്രാപ്യമാണ്. ലോക ജനസംഖ്യയുടെ പത്ത് ശതമാനത്തിന് സെപ്റ്റംബറോടുകൂടിയും 40 ശതമാനത്തിന് വർഷാവസാനത്തോടെയും പൂർണമായും കുത്തിവയ്പ്പണമെന്നാണ് WHO ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ആഫ്രിക്കൻ രാജ്യങ്ങളിൽ ജനസംഖ്യയുടെ മൂന്ന് ശതമാനത്തിന് മാത്രമേ രണ്ട് ഡോസുകളും ലഭിച്ചിട്ടുള്ളൂ. ആകെയുള്ള 54 ആഫ്രിക്കൻ രാജ്യങ്ങളിൽ സെപ്റ്റംബർ അവസാനം എടുത്ത കണക്ക് പ്രകാരം ജനസംഖ്യയുടെ പത്ത് ശതമാനത്തിന് വാക്സിനേഷൻ പൂർത്തിയാക്കിയിരിക്കുന്നത് 15 രാജ്യങ്ങൾ മാത്രമാണ്.

### എന്താണ് മുൻഗണന; ജനങ്ങളുടെ ആവശ്യമോ കോർപറേറ്റുകളുടെ അത്യാഗ്രഹമോ

ഇന്നത്തെ സാഹചര്യത്തിൽ വാക്സിൻ ഉൽപ്പാദനം വൻകിട ബഹുരാഷ്ട്ര കമ്പനികളുടെ നിയന്ത്രണത്തിലാണ്. ശതകോടികളുടെ പൊതുപണമാണ് വാക്സിൻ നിർമാണത്തിന് ഉപയോഗിക്കുന്നത്.

ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്(ഐസിഎംആർ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി(എൻഐവി) എന്നിവയുമായി ചേർന്നാണ് ഭാരത് ബയോടെക് എന്ന സ്വകാര്യ കമ്പനി കോവാക്സിൻ തദ്ദേശീയമായി വികസിപ്പിച്ചെടുത്തത്. ഈ വാക്സിൻ ഉൽപ്പാദനത്തിന്റെ പേറ്റന്റ് ഈ സ്വകാര്യ കമ്പനിയാണ് കൈവശം വച്ചിരിക്കുന്നത്. വൻകിട ഔഷധ കമ്പനികൾ ഈ വർഷം കോവിഡ് വാക്സിൻ വിൽപ്പനയിലൂടെ നേടിയത് 190 ശതകോടി ഡോളറാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കോവിഡ് കാലത്ത് ഔഷധവ്യാപാരത്തിലൂടെ ഒമ്പത് പുതിയ 'മഹാമാരി ശതകോടീശ്വരന്മാർ (Pandemic Billionaires) ഉയർന്നു വരുകയും ശതകോടീശ്വരന്മാർ എല്ലാവരും അവരുടെ ആസ്തികൾ പല മടങ്ങ് വർധിപ്പിക്കുകയും ചെയ്തു.

തൊഴിലാളികൾ സംഘടിക്കുന്നത് വിലക്കിയ ആമസോണിൽ തൊഴിലാളികൾ നടത്തിയ പണിമുടക്ക് വളരെ ശ്രദ്ധേയമായിരുന്നു. മെച്ചപ്പെട്ട വേതനവും തൊഴിൽ സാഹചര്യങ്ങളും ആവശ്യപ്പെട്ട് പല രാജ്യങ്ങളിലും ആമസോൺ തൊഴിലാളികൾ പണിമുടക്കി.

അമേരിക്കയിൽ ആയിരത്തോളം പണിമുടക്കുകളാണ് നടന്നത്. സുരക്ഷിതമായ തൊഴിൽ സാഹചര്യത്തിന്റെ അഭാവത്തിൽ പെട്ടെന്ന് പൊട്ടിപ്പുറ




പ്പെട്ടതായിരുന്നു പല സമരങ്ങളും. കൂലിവർധനവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും, അടിസ്ഥാനപരമായ അന്തസ്സുള്ള ജീവിതസാഹചര്യവും ആവശ്യപ്പെട്ട് ഒക്ടോബറിൽ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പണിമുടക്ക് നടന്നു.

ലാറ്റിനമേരിക്കയിലും സമരത്തിന്റെ വേലിയേറ്റമായിരുന്നു. അർജന്റീന, ബ്രസീൽ, ചിലി, കൊളംബിയ, ഇക്വഡോർ, ഉറുഗ്വായ്, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങൾ വൻ തൊഴിലാളി മുന്നേറ്റങ്ങൾക്ക് ഇക്കാലയളവിൽ സാക്ഷ്യം വഹിച്ചു.

സോഷ്യലിസം എന്നത് സാമ്രാജ്യത്വത്തിന്റെ ആസ്ഥാനമായ അമേരിക്കയിൽ പോലും സ്വീകാര്യത നേടുന്ന പ്രത്യശാസ്ത്രമായി മാറിയെന്ന് പ്യൂ ആന്റ് ഗാലപ്പ് പോലുള്ള ഗവേഷണ ഏജൻസികൾ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രവണത പ്രത്യേകിച്ച് യുവാക്കളിലാണ് പ്രകടമാകുന്നത്.

മഹാമാരിക്കാലത്ത് നിരന്തരമായി സജീവമായി പ്രവർത്തിക്കാനും ലോകമെമ്പാടുമുള്ള തൊഴിലാളി സമരങ്ങൾക്ക് ഐക്യദാർഢ്യമേകാനും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും മറ്റിടങ്ങളിലും സാമ്രാജ്യത്വ ഇടപെടലുകൾക്കെതിരെ ഓൺലൈൻ സെമിനാർ സംഘടിപ്പിക്കാനും ക്യൂബയ്ക്കും പലസ്തീനും ഐക്യദാർഢ്യമേകാനുമൊക്കെ WFTUവിന് സാധിച്ചിരുന്നു.

ഒരുവശത്ത് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ഡൗൺ, കർഫ്യൂ, നിയന്ത്രണങ്ങൾ തുടങ്ങിയവ മൂലം കോടിക്കണക്കിന് തൊഴിലാളികൾക്കും തൊഴിലെടുക്കുന്ന മറ്റ് ജനവിഭാഗങ്ങൾക്കും അവരുടെ തൊഴിലും വേതനവും താമസസ്ഥലവും നഷ്ടപ്പെടുന്നു. പട്ടിണിയിലേക്കും കഷ്ടപ്പാടിലേക്കും അവർ തള്ളിവിടപ്പെടുന്നു. അവരുടെ ഉപജീവന മാർഗവും ഭക്ഷ്യ സുരക്ഷയും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അനിവാര്യമായ നടപടികളെടുക്കാൻ മോഡി സർക്കാർ വിമുഖത കാട്ടുന്നു. തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് പണം നൽകണമെന്ന ആവശ്യം ക്രൂരമായി അവഗണിക്കപ്പെട്ടു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അത് സമ്പദ്ഘടനയുടെ വീണ്ടെടുപ്പിന് സഹായകമാകുമായിരുന്നു.

പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് പാർലമെന്ററി ചട്ടങ്ങളെ മറികടന്നുകൊണ്ട് പ്രതിപക്ഷാംഗങ്ങളുടെ അഭാവത്തിൽ ഒരു ചർച്ചയും കൂടാതെയാണ് നിയമങ്ങൾ പാസാക്കിയത്. ബുദ്ധിജീവികളെയും മനുഷ്യാവകാശ, ദളിത് പ്രവർത്തകരെയുമെല്ലാം ക്രൂരമായി വേട്ടയാടുകയും യുഎപിഎ പോലുള്ള കിരാത നിയമങ്ങളുപയോഗിച്ചും രാജ്യദ്രോഹക്കുറ്റം ചുമത്തിയും അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുകയും ചെയ്യു.

ഇതുകൂടാതെ 'ഹിന്ദു രാഷ്ട്രം' സ്ഥാപിക്കുക എന്ന ആർഎസ്എസ് അജണ്ടയാണ് മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ മുന്നോട്ട് കൊണ്ടുപോകുന്നത്. ആർട്ടിക്കിൾ 370 റദ്ദാക്കൽ, രാമക്ഷേത്ര നിർമ്മാണത്തിന് പ്രധാനമന്ത്രിയുടെ തറക്കല്ലിടൽ എന്നിവയും ലവ് ജിഹാദ്, ജനസംഖ്യാ നിയന്ത്രണം, പശു സംരക്ഷണം, മതപരിവർത്തനം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങളുമെല്ലാം ഹിന്ദുരാഷ്ട്രം സ്ഥാപിക്കുക എന്ന ഉദ്ദേശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ദളിതർക്കും ആദിവാസികൾക്കുമെതിരായ ആക്രമണങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ബലാത്സംഗങ്ങളും സ്ത്രീകളെയും കുട്ടികളെയും പോലും കൊലപ്പെടുത്തുന്ന സംഭവങ്ങളും വർധിച്ചിരിക്കുന്നു.

നമ്മുടെ ഭരണഘടന അനുശാസിക്കുന്ന ഫെഡറൽ ഘടനയ്ക്കും തത്വങ്ങൾക്കും വിരുദ്ധമായി മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരം കൈകളിൽ കേന്ദ്രീകരിക്കുകയാണ്. കാർഷിക നിയമങ്ങൾ, പുതിയ വിദ്യാഭ്യാസ നയം, പഞ്ചാബിലും അസമിലും ബിഎസ്എഫിന്റെ പ്രവർത്തനമേഖല വിപുലീകരിക്കാനുള്ള സമീപകാല ഉത്തരവ്, ജിഎസ്ടിയിൽ സംസ്ഥാനങ്ങളുടെ വിഹിതം നഷ്ടപ്പെടുത്തൽ തുടങ്ങിയവയെല്ലാം സംസ്ഥാന സർക്കാരുകളുടെ അവകാശങ്ങൾക്കും അധികാരത്തിനും മേലുള്ള കടന്നുകയറ്റത്തിന്റെ വ്യക്തമായ സൂചനകളാണ്.

ജനനമരണ റജിസ്ട്രേഷൻ നിയമം ഭേദഗതി വരുത്തി അവയുടെ ഡാറ്റാബേസ് നിലനിർത്താൻ കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുത്താൻ തീരുമാനിച്ചതായി റിപ്പോർട്ടുണ്ട്. ഇത് നിലവിൽ സംസ്ഥാന സർക്കാരുകളുടെ പരിധിയിലാണ്. ദേശീയ പൗരത്വ രജിസ്റ്റർ (എൻആർസി) തയ്യാറാക്കേണ്ടതിന്റെ അടിസ്ഥാനമായ ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ (എൻപിആർ) പുതുക്കൽ സുഗമമാക്കുന്നതിനാണ് ഇത്.




### സമ്പത്തിന്റെ കേന്ദ്രീകരണം

ഇന്ത്യയിലെ അതിസമ്പന്നരായ 100 വ്യക്തികളുടെ സഞ്ചിത സമ്പത്ത് 257 ശതകോടി ഡോളർ വർധിച്ച് 2021ൽ 775 ശതകോടി ഡോളറിലെത്തി. ഗൗതം അദാനിയുടെ സമ്പത്ത് 2020നെ അപേക്ഷിച്ച് 200 ശതമാനമാണ് വർധിച്ചത്. മഹാമാരിക്കാലത്ത് ആരോഗ്യവുമായി ബന്ധപ്പെട്ട സ്വകാര്യ കമ്പനികളുടെ മേധാവികളുടെ സമ്പത്ത് കുതിച്ചുയർന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. സെറം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപകൻ സൈറസ് പൂണാവാല രാജ്യത്തെ അഞ്ചാമത്തെ സമ്പന്നനായി വളർന്നത് ഈ മഹാമാരിക്കാലത്താണ്.

### പട്ടിണി

ആഗോള പട്ടിണി സൂചിക 2021ന്റെ കണക്കു പ്രകാരം ഇന്ത്യയുടെ റാങ്ക് 2020ൽ 107 രാജ്യങ്ങളുടെ പട്ടികയിൽ 94 ആയിരുന്നത് 2021ൽ 117 രാജ്യങ്ങളുടെ പട്ടികയിൽ 101 ആയി കുറഞ്ഞു. അയൽരാജ്യങ്ങളായ പാകിസ്ഥാനും ബംഗ്ലാദേശിനും നേപ്പാളിനും പിന്നിലാണ് ഇന്ത്യയുടെ സ്ഥാനം. ഇന്ത്യയിലെ പട്ടിണിയുടെ നില ആപത്കരമായി ഉയർന്നു എന്ന മുന്നറിയിപ്പാണ് ഈ പട്ടിണി സൂചിക നൽകുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ കുട്ടികൾ പട്ടിണി കിടക്കുന്ന രാജ്യം ഇന്ത്യയാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

### വിലക്കയറ്റം

പെട്രോളിന്റെയും ഡീസലിന്റെയും വിലക്കയറ്റം എല്ലാ സാധനങ്ങളുടെയും വിലയെ സാരമായി ബാധിക്കുന്നു. പാചക വാതക സിലിണ്ടറിന്റെ ശരാശരി വില 2020 ഒക്ടോബറിൽ 604.63 രൂപയായിരുന്നു. 2021 ഒക്ടോബറിൽ അത് 906.38 രൂപയായി. ഒരു വർഷത്തികം 300ലധികം രൂപയുടെ വർധന. നാല് മെട്രോ നഗരങ്ങളിൽ ഒരു വർഷത്തിനിടെ പെട്രോളിന് ശരാശരി 26 ശതമാനവും ഡീസലിന് ശരാശരി 31 ശതമാനവും വില വർധിച്ചു. 2014ൽ മോദി അധികാരമേറിയ ശേഷം പെട്രോൾ വില 79 ശതമാനവും ഡീസൽ വില 101 ശതമാനവുമാണ് വർധിച്ചത്. പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ സർക്കാർ ചുമത്തുന്ന എക്സൈസ് തീരുവ വലിയൊരു ഘടകമാണ്. കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപന്നങ്ങളുടെ എക്സൈസ് തീരുവ ഇനത്തിൽ 2020–2021 സാമ്പത്തിക വർഷം ജനങ്ങളിൽനിന്ന് 3.73 ലക്ഷം കോടി രൂപയാണ് പിഴിഞ്ഞെടുത്തത്. 2014ൽ മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരമേറ്റശേഷം പെട്രോളിയം ഉൽപന്നങ്ങളിൽനിന്നുള്ള എക്സൈസ് തീരുവ 99000 കോടി രൂപയിൽനിന്ന് 3.73 ലക്ഷം കോടി രൂപയായി വർധിച്ചു

### അധ്വാനിക്കുന്ന ജനങ്ങളുടെ ചെറുത്തുനിൽപ്പ്

ആഗോള തലത്തിലെന്ന പോലെ തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ജനങ്ങളുടെയും വർദ്ധിച്ചുവരുന്ന ചെറുത്തുനിൽപ്പിനും പോരാട്ടങ്ങൾക്കുമാണ് നമ്മുടെ നാട് സാക്ഷ്യം വഹിക്കുന്നത് എന്നാണ് ഈ കാലഘട്ടത്തിന്റെ പ്രധാന സവിശേഷതകളിലൊന്ന്. അഞ്ഞൂറിലധികം കർഷക സംഘടനകളുടെ കൂട്ടായ്മയായ സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിൽ കർഷകർ മൂന്ന് കാർഷിക നിയമങ്ങൾക്കും വൈദ്യുതി ഭേദഗതി ബില്ലിനുമെതിരെയും, നിയമപരമായി ഉറപ്പുനൽകുന്ന കുറഞ്ഞ താങ്ങുവിലയ്ക്കു വേണ്ടിയും പോരാടുകയാണ്. ഒരു ട്രേഡ് യൂണിയൻ എന്ന നിലയിൽ, അടിയന്തരാവശ്യങ്ങൾ ഉന്നയിച്ച് തൊഴിലാളികളെ സംഘടിപ്പിക്കാനും അവരുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും യഥാർത്ഥ ശത്രുക്കളെയും യഥാർത്ഥ സുഹൃത്തുക്കളെയും തിരിച്ചറിയാൻ സഹായിക്കുന്ന വർഗബോധം അവരിൽ ക്രമേണ ഉയർത്താനും നമുക്ക് ഉത്തരവാദിത്തമുണ്ട്. അതേസമയം തൊഴിലാളികൾക്കപ്പുറത്തേക്ക് സാധാരണക്കാരിലേക്ക് നമ്മുടെ സ്വാധീനം വ്യാപിപ്പിക്കേണ്ടതുണ്ട്. •

## തൊഴിലാളികളുടെ അഖിലേന്ത്യാ കൺവൻഷൻ പ്രഖ്യാപനം

**2021 നവംബർ 11, ന്യൂദൽഹി**




# ദ്വിദിന പണിമുടക്കിന് സജ്ജരാകുക

ജനുവരി മാസം രണ്ട് ദിവസം തുടർച്ചയായ ദേശീയ പണിമുടക്ക് പ്രഖ്യാപിച്ചുകൊണ്ട് 2021 നവംബർ 11ന് രാജ്യത്തെ മൊത്തം തൊഴിലാളികളുടെ ദേശീയ കൺവൻഷൻ ന്യൂദൽഹിയിൽ വിളിച്ചു ചേർക്കാൻ മുൻകൈ എടുത്തത് കേന്ദ്ര തൊഴിലാളി സംഘടനകളുടെ സംയുക്ത വേദിയും വിവിധ മേഖലകളിലെ സ്വതന്ത്ര ദേശീയ ഫെഡറേഷനുകളും, അസോസിയേഷനുകളുമാണ്. ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ തൊഴിലാളി–കർഷക – ജനവിരുദ്ധവും, ദേശവിരുദ്ധവും കുത്തകകൾക്ക് അനുകൂലവുമായ നയങ്ങൾ ജനജീവിതം ദുസ്സഹമാക്കുകയും രാജ്യത്തിന്റെ സമ്പദ് ഘടനയെ തകർച്ചയുടെ വക്കിൽ എത്തിച്ചിരിക്കുകയുമാണ്.

നിലവിലുള്ള തൊഴിലുകൾ ഇല്ലാതായി തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുന്നു. വിദ്യാസമ്പന്നരായ വിദ്യാർഥികളും യുവാക്കളും തൊഴിൽ തേടി അലയുകയാണ്. 2021 ഏപ്രിൽ മാസം തുടങ്ങിയ കോവിഡിന്റെ രണ്ടാം തരംഗത്തോടെ 23 കോടി തൊഴിലാളികൾക്ക് അവരുടെ നിലവിലെ വരുമാനം വലിയ തോതിൽ വെട്ടിക്കുറയ്ക്കപ്പെട്ട അവസ്ഥയിലാണ്. മഹാഭൂരിപക്ഷത്തിന്റെയും ഉപജീവനത്തിന്റെ വാതിലുകൾ അടയുകയും ജീവിതം സാധാരണ മനുഷ്യരുടെ അതിജീവന പരിധിയിലും താഴെയായിരിക്കുകയുമാണ്. 107 രാജ്യങ്ങളുടെ പട്ടികയിൽ 'ആഗോള പട്ടിണി നിരക്കിൽ' ഇന്ത്യയുടെ സ്ഥാനം 101 ആണ് എന്ന ഞെട്ടിപ്പിക്കുന്ന വിവരം ഓക്സ്ഫോം ഇന്ത്യയുടെ സർവേയിൽ വ്യക്തമായിരിക്കുന്നു.

ഇക്കാലയളവിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടികൾ എല്ലാം തന്നെ സാധാരണ ജനങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്നതും എന്നാൽ നാടനും വിദേശികളുമായ കുത്തകകൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിലുമാണ്. ഈ നയത്തിന്റെ പരിണിത ഫലമായി മതിയായ ആരോഗ്യ പരിരക്ഷ പോലും ലഭ്യമല്ലാതെ കോവിഡ് കാലത്ത് ആയിരങ്ങളാണ് മരണപ്പെട്ടത്. മരുന്ന്, ഓക്സിജൻ, ആശുപത്രി കിടക്ക എന്നിവ ലഭിക്കാത്ത എത്രയോ കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ആദ്യ ഘട്ടത്തിൽ കോവിഡ് വാക്സിനേഷൻ പോലും സ്വകാര്യ കമ്പോളശക്തികളെയാണ് സർക്കാർ ഏൽപ്പിച്ചത്. ഇപ്പോഴും 25% വാക്സിനും കുത്തകകൾക്ക് ലാഭമുണ്ടാക്കുവാൻ വേണ്ടി നീക്കിവച്ചിരിക്കുകയാണ്.

പട്ടിണിയും ദാരിദ്ര്യവും പെരുകുമ്പോഴും ഭക്ഷ്യധാന്യങ്ങളുടെയും നിത്യോപയോഗക വസ്തുക്കളുടെയും വില അനുദിനം വർധിക്കുകയാണ്. ബിജെപി സർക്കാരിന്റെ വിവേചനപരമായ നികുതി ഈടാക്കലിന്റെയും ഫലമായി കൂടിയാണ് വില വർധിച്ചത്. ഈ നടപടി സമൂഹത്തിലെ ചുരുക്കം വരുന്ന കച്ചവട ലോബിയെ മാത്രമാണ് സഹായിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും, പാചക വാതകത്തിന്റയും വില അപകടകരമായ നിലയിൽ വർധിക്കുന്നത് നിത്യോപയോഗ വസ്തുക്കളുടെ വില ഉയരുന്നതിനും പൊതു ഗതാഗതച്ചെലവ് കൂടുന്നതിനും ഇടയാക്കുന്നു. കേന്ദ്ര സർക്കാരിന്റെ മൊത്തം വരുമാനത്തിന്റെ പകുതിയും ഇന്ധന നികുതിയിൽ നിന്നാണ്. ജിഎസ്ടി വഴി ഈടാക്കുന്ന പരോക്ഷ നികുതികളും ആരോഗ്യ, മരുന്ന്, വിദ്യാഭ്യാസ ചെലവുകളെയും ക്രമാതീതമായി വർധിപ്പിച്ചിരിക്കുന്നു.

അതേസമയം കോർപറേറ്റ് നികുതികൾ വെട്ടിക്കുറയ്ക്കാനും, ധനനികുതി ഉപേക്ഷിക്കുവാനും, കുത്തക നികുതികൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും, വൻകിടക്കാരുടെ കിട്ടാക്കടം എഴുതിത്തള്ളാനും ബിജെപി സർക്കാർ സ്വീകരിച്ച നടപടികൾ എല്ലാം തന്നെ കോവിഡ് കാലത്തും മൂലധന ശക്തികൾക്ക് സഹായകമാവുകയും അവരുടെ സമ്പത്ത് 10% കണ്ട് വർധിക്കുകയും ചെയ്തു.

തൊഴിലാളികൾ അധ്വാനിച്ചുണ്ടാക്കുന്ന സമ്പത്ത് അതിസമ്പന്നരുടെ പോക്കറ്റുകളിലാണ് എത്തുന്നത്. ഏറ്റവും കൂടുതൽ ധനാഢ്യന്മാരായ 1% ആകെ സമ്പത്തിന്റെ 70% കയ്യടക്കി വച്ചിരിക്കുമ്പോൾ രാജ്യത്തെ ജനസംഖ്യയുടെ 50 ശതമാനത്തിന്റെ പക്കലുള്ളത് 10% സമ്പത്ത് മാത്രമാണ്. മൂലധനശക്തികളുടെ താൽപര്യത്തിനായി നിത്യ

വരുമാനക്കാരായ മഹാഭൂരിപക്ഷത്തിനും വേണ്ടി സർക്കാർ ഒന്നും ചെയ്യുന്നില്ല. സൗജന്യ റേഷൻ, ആദായനികുതി നൽകേണ്ടതില്ലാത്ത എല്ലാവർക്കും പ്രതിമാസം 7500 രൂപ ആശ്വാസ ധനമായി നൽകുക എന്നിങ്ങനെയുള്ള ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയുടെ ആവശ്യം കേന്ദ്രം പരിഗണിക്കുന്നേയില്ല. തൊഴിലുറപ്പ്, ഐസിഡിഎസ്, എൻഎച്ച്എം തുടങ്ങി നിലവിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഫണ്ട് വലിയ തോതിൽ വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയുമാണ്.

ഭ്രാന്തമായ സ്വകാര്യവൽക്കരണം തുടരുകയാണ്. ആസ്തി വിൽപ്പനയിലൂടെ പശ്ചാത്തല വികസന മേഖലകളെല്ലാം സർക്കാർ സ്വകാര്യ മൂലധന ശക്തികളെ ഏൽപ്പിക്കുന്നു. എൻഎംപി പദ്ധതിയിലൂടെ 12 മന്ത്രാലയങ്ങൾ, വർഷങ്ങളായി ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് കെട്ടിപ്പടുത്ത വിലപിടിപ്പുള്ള ആസ്തികളാണ് കൈമാറുന്നത്. ധാതുസമ്പത്ത് ഉൾപ്പെടെയുള്ള ഉൽപ്പാദന മേഖല, ബാങ്ക്, ഇൻഷുറൻസ് ഉൾപ്പെടെ ധനകാര്യമേഖല, രാജ്യസുരക്ഷയുടെ ഭാഗമായ പ്രതിരോധ ആയുധ നിർമ്മാണമേഖല, പ്രധാന തുറമുഖങ്ങൾ, കൊച്ചി റിഫൈനറി ഉൾപ്പെടെ പെട്രോളിയവും പ്രകൃതിവാതകവും, റെയിൽവെ, വിമാനത്താവളങ്ങളും വിമാനങ്ങളും, ഊർജമേഖല, ഉരുക്ക്, എഞ്ചിനീയറിങ്, ദേശീയ പാത, ടെലികോം, പോസ്റ്റൽ സർവീസ് ഉൾപ്പെടെ തന്ത്രപ്രധാനമായ മേഖലകളാകെ വിറ്റഴിക്കുന്നു. 500 കൽക്കരി ഖനികളാണ് വിൽക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇടപാടുകാർക്കു വേണ്ടി ബാങ്കിങ് സംവിധാനത്തെ തരാറിലാക്കുന്ന 'ഹെയർകട്ട്' പദ്ധതി സർക്കാർ പ്രഖ്യാപിച്ചിരിക്കുകാണ്. കുത്തകൾക്കായി 'ബാങ്ക് ദേശവൽക്കരണ നിയമഭേദഗതി' അടുത്ത പാർലമെന്റ് സമ്മേളനത്തിൽ കൊണ്ടുവരാനാണ് നീക്കം.




തൊഴിൽ മേഖലയിൽ വ്യാപകമായ കരാർവൽക്കരണം നടപ്പാക്കുകയാണ്. സർക്കാർ സംവിധാനങ്ങൾ 'പുറം കരാർ' നൽകാനാണ് പരിപാടി. മോദി സർക്കാരിന്റെ മുദ്രാവാക്യം തന്നെ 'മിനിമം സർക്കാർ, പരമാവധി ഭരണം' എന്നതായിരിക്കുന്നു. പുതിയ ദേശീയ പെൻഷൻ സംവിധാനം (എൻപിഎസ്) ജീവനക്കാരുടെ താൽപര്യങ്ങൾക്ക് തീർത്തും വിരുദ്ധമാണ്. സർക്കാർ നിയന്ത്രണങ്ങളിലൂടെയുള്ള പെൻഷൻ എന്നതിന് പകരം PFRDA വഴി സൊസൈറ്റികൾക്കോ, കുത്തകകൾക്കോ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യാനുള്ള അവസരമാണ് സംജാതമായിരിക്കുന്നത്. മറുവശത്ത് ഇ.പി.എഫ് പെൻഷൻ സുപ്രീംകോടതി നിർദേശിച്ചിട്ടും വർധിപ്പിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാവുന്നില്ല എന്നതാണ് സ്ഥിതി.

മൂന്ന് പ്രധാന നിയമഭേദഗതികളിലൂടെ ഇന്ത്യൻ കാർഷിക മേഖലയിലും കുത്തകവൽക്കരണത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. രാജ്യത്തെ ഭക്ഷ്യസുരക്ഷയും, പൊതുവിതരണ സമ്പ്രദായവും ഇതോടെ അട്ടിമറിക്കപ്പെടും. ഈ നടപടികൾ മൊത്തം കാർഷിക മേഖലയെ മാത്രമല്ല രാജ്യത്തെ മൊത്തം ജനങ്ങളുടെ ജീവിതത്തെ തന്നെ പ്രതിസന്ധി നിറഞ്ഞതാക്കും. തൊഴിലാളിവർഗം കാലങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ പോലെ കാർഷികമേഖലയിലും വൻതിരിച്ചടികൾ സൃഷ്ടിക്കുന്ന ബിജെപി സർക്കാരിന്റെ ആസൂത്രിത നീക്കത്തിനെതിരെ മൂന്ന് കർഷകദ്രോഹ ബില്ലുകളും വൈദ്യുതി സ്വകാര്യവൽക്കരണ ബില്ലും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കർഷക മോർച്ചയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരുവർഷമായി ചരിത്രപോരാട്ടത്തിലാണ് കർഷകർ. കർഷക പ്രക്ഷോഭത്തിന് പരിഹാരം കണ്ടെത്താതെ പ്രക്ഷോഭത്തെ ചോരയിൽ മുക്കി കൊല്ലുവാനാണ് ബിജെപി സർക്കാരും സംഘപരിവാറും ശ്രമിക്കുന്നത്. തൊഴിലാളിവർഗവും കർഷകസമൂഹവും ഒരുമിച്ച് ഉയർത്തിയ 'ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സംരക്ഷിക്കുക' എന്ന മുദ്രാവാക്യം രാജ്യം മുഴുവൻ ഇന്ന് അലയടിക്കുകയാണ്.

തൊഴിലാളിവർഗത്തിന്റെയും കർഷക ജനസാമാന്യത്തിന്റെയും യോജിപ്പിനെതിരെ വർഗീയ ധ്രുവീകരണം സൃഷ്ടിക്കുവാൻ ആസൂത്രിതമായ നീക്കം സമാന്തരമായി നടക്കുകയാണ്. ബിജെപി നയങ്ങളെ എതിർക്കുന്നവരെ രാഷ്ട്രീയമായി കൈകാര്യം ചെയ്യാൻ സിബിഐ, ഇ.ഡി, എൻഐഎ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുന്നതിനും സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. വർഗീയത, വർഗഐക്യത്തിനെ തകർക്കും എന്നത് തിരിച്ചറിഞ്ഞ് മുന്നേറാൻ തൊഴിലാളിവർഗത്തിന് കഴിയുമെന്നത് ഉറപ്പാണ്.

'ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ' മറവിൽ തൊഴിലാളികളുടെ 'കൂട്ടായി വിലപേശാനും, സംഘടിക്കാനുമുള്ള' അവകാശങ്ങൾ പോലും ഇല്ലാതാക്കാൻ പുതിയ തൊഴിൽ നിയമഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. 29 തൊഴിൽ നിയമങ്ങൾക്ക് പകരം നാല് ലേബർ കോഡുകൾ പാർലമെന്റിൽ മതിയായ ചർച്ചയ്ക്ക് പോലും അനുവാദം

നൽകാതെ കേന്ദ്രസർക്കാർ പാസാക്കിക്കഴിഞ്ഞു. പ്രതിരോധ മേഖലയിൽ പണിമുടക്ക് നിരോധിച്ചു കൊണ്ട് ഉത്തരവിറക്കിയിരിക്കുകയാണ്.

ഗൗരവതരമായ ഇത്തരമൊരു പശ്ചാത്തല ത്തിൽ പൂർവാധികം ശക്തമായ പ്രതിരോധം ഉയർത്തിക്കൊണ്ടുവരാൻ തൊഴിലാളിവർഗവും ട്രേഡ് യൂണിയനുകളും നിർബന്ധിതരാണ്. ജനാ ധിപത്യ അവകാശങ്ങളെപ്പോലും ബിജെപി സർ ക്കാർ കവർന്നെടുത്തു കൊണ്ടിരിക്കുകയാണ്. തൊഴിലാളിസംഘടനകൾ യോജിച്ച് ഉയർത്തിയ 'തൊഴിലവകാശങ്ങളുടെ സംരക്ഷണം, ജീവിക്കാ നുള്ള വേതനവും സൗജന്യവും മികച്ചതുമായ ആരോഗ്യപരിരക്ഷ, എല്ലാവർക്കും വിദ്യാഭ്യാസം, ഭരണഘടനയുടെ സംയോജനം' തുടങ്ങിയ ആവ ശ്യങ്ങളും കർഷകർ ഉയർത്തുന്ന ആവശ്യങ്ങളും എല്ലാ രാഷ്ട്രീയ പാർടികളും അവരവരുടെ മാനിഫെ സ്റ്റോവിൽ ഉൾപ്പെടുത്തുവാൻ നാം ആവശ്യപ്പെടു ന്നു. 2022ലെ നിയമസഭാ തെരഞ്ഞെടുപ്പുകളിലും 2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും ഈ ഡി മാന്റുകൾ ചർച്ച ചെയ്യപ്പെടണമെന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നു. ബിജെപിക്ക് കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ ഏറ്റുവാങ്ങേ ണ്ടി വന്ന തിരിച്ചടി, പെട്രോളിന്റെയും ഡീസലിന്റെ യും വില കുറയ്ക്കുന്നതിലേക്ക് എത്തിച്ചു എന്ന കാര്യം പോരാട്ടങ്ങൾക്ക് ഫലമുണ്ടാകും എന്ന വസ്തുതയാ ണ് വെളിപ്പെടുത്തുന്നത്.

### ഭാവി പ്രവർത്തന പരിപാടികൾ

കർഷക മോർച്ചയുടെ ദൽഹി മാർച്ചിന്റെ വാർഷിക ദിനമായ നവംബർ 26ന് കൂട്ടായ സംഗമ ങ്ങൾ രാജ്യവ്യാപകമായി സംഘടിപ്പിക്കണം.

2022ലെ പാർലമെന്റ് ബജറ്റ് സമ്മേളന സമയ ത്ത് രണ്ടു ദിവസം നീണ്ടുനിൽക്കുന്ന അഖിലേന്ത്യാ പൊതുപണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പണിമുട ക്കിന്റെ തയ്യാറെടുപ്പ് നടത്തുന്നതിലേക്കായി അതി വിപുലവും വ്യാപകവുമായ പ്രവർത്തനം ഏറ്റെടു ക്കുക.

സംസ്ഥാന/ജില്ലാ/ഏരിയാ/പഞ്ചായത്ത് തല സംയുക്ത കൺവൻഷനുകൾ നവംബർ/ ഡിസംബർ മാസങ്ങളിൽ വിളിച്ച് ചേർക്കണം.

ഡിസംബർ, ജനുവരി മാസങ്ങളിൽ എല്ലാ യൂ ണിയനുകളുടെയും ജനറൽ ബോഡി യോഗങ്ങൾ ചേരണം. ഒപ്പുശേഖരണം ഉൾപ്പെടെ വ്യത്യസ്തമായ പ്രചരണം സംസ്ഥാന തലത്തിൽ ആസൂത്രണം ചെയ്യണം സംസ്ഥാന/ജില്ല/സെക്ടർ മേഖലാ തലത്തിൽ തുടർച്ചയായ ധർണ, ഒരു ദിവസത്തെ ധർണ, ജാഥകൾ, റാലികൾ തുടങ്ങിയവ സംഘടി പ്പിക്കണം.

'ജനങ്ങളെ സംരക്ഷിക്കുക, രാജ്യത്തെ സം രക്ഷിക്കുക' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് വരാൻപോകുന്ന ദ്വിദിന ദേശീയ പണിമുടക്കിലൂ ടെ പുതിയൊരു പ്രക്ഷോഭ ചരിത്രം സൃഷ്ടിക്കാൻ ഇന്ത്യയിലെ എല്ലാ വിഭാഗം തൊഴിലാളികളോടും ട്രേഡ് യൂണിയനുകളോടും ഈ കൺവൻഷ ൻ ആഹ്വാനം ചെയ്യുന്നു.

INTUC, AITUC, HMS, CITU, AIUTUC, TUCC, SEWA, AICCTU, LPF, CITUE AND OTHER INDEPENDENT SECTORAL FEDERATIONS / ASSOCIATIONS

## ആവശ്യങ്ങൾ

1. ലേബർ കോഡുകൾ പിൻവലിക്കുക
2. കർഷകദ്രോഹ ബില്ലുകളും വൈദ്യുതി ബില്ലും റദ്ദാക്കുക
3. ആസ്തി വിൽപ്പന ഉപേക്ഷിക്കുക, സ്വകാര്യ വൽക്കരണം അവസാനിപ്പിക്കുക
4. ആദായനികുതി പരിധിക്ക് താഴെയുള്ളവർ ക്കെല്ലാം പ്രതിമാസം 7500 രൂപ ആശ്വാസധ നം നൽകുക
5. തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കുകയും പദ്ധതി നഗരമേഖല യിലേക്കും വ്യാപിപ്പിക്കുക
6. അനൗപചാരിക അസംഘടിത തൊഴിലാ ളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക
7. അംഗൻവാടി, ആഷ, സ്കൂൾ പാചകം, എൻഎച്ച്എം ഉൾപ്പെടെ സ്കീം വർക്കർ മാർക്ക് മിനിമം വേജസ് പ്രഖ്യാപിക്കുക
8. കോവിഡ് മഹാമാരിക്കാലത്ത് ആരോഗ്യ മേഖലയിൽ മുൻനിരയിൽ ജോലി ചെയ്ത എല്ലാ തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ അനുവദിക്കുക
9. ആസ്തി വിൽപ്പന നയം ഉപേക്ഷിച്ച് സമ്പ ന്നരിൽ നിന്നും ധനനികുതി പിരിച്ചെടുത്ത് കാർഷിക മേഖലയിലും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന മേഖ ലകളിലും സർക്കാർ നിക്ഷേപം വർധിപ്പി ക്കുക
10. കേന്ദ്ര എക്സൈസ് നികുതി കുറച്ച് ഇന്ധ നവില കുറയ്ക്കുകയും വിലക്കയറ്റം നിയന്ത്രി ക്കുകയും ചെയ്യുക.

EPF പെൻഷൻ വർധനവ്, ഐഎൽഒ കൺ വൻഷൻ നിർദേശങ്ങൾ നടപ്പിലാക്കുക തുടങ്ങി സംയുക്ത ട്രേഡ് യൂണിയൻ വേദി അംഗീകരിച്ചി ട്ടുള്ള എല്ലാ മുദ്രാവാക്യങ്ങളും മേൽ ആവശ്യങ്ങ ളോടൊപ്പം ഉയർത്തേണ്ടതാണ്.

## രാജ്യസുരക്ഷയും സ്വകാര്യതയും ജനാധിപത്യവും അട്ടിമറിക്കുന്ന

# ബിജെപിക്ക് തടയണ കെട്ടി സുപ്രീം കോടതി




കഴിഞ്ഞ പാർലമെന്റ് സെഷനിൽ ഏറെ വിവാദമായ പെഗാസസ് വിഷയത്തിൽ സുപ്രീം കോടതി സ്വതന്ത്രാന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നു. ഈ നടപടി ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവർക്ക് വലിയ ആശ്വാസമാണ്. പല തവണ അവസരം നൽകിയിട്ടും പെഗാസസിനെ കുറിച്ച് വ്യക്തമായ മറുപടി നൽകാൻ കേന്ദ്രം തയ്യാറാവാത്തതു കൊണ്ടാണ് ഇങ്ങനെയൊരു ഉത്തരവിറേക്കേണ്ടി വന്നതെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടിയത് ബിജെപി സർക്കാരിന് ക്ഷീണമായി. നമ്മുടെ ജനാധിപത്യത്തിന്റെ ആധാര ശിലകളായ സ്ഥാപനങ്ങളും മറ്റും സത്യസന്ധവും സുതാര്യവും ഭരണഘടനാനുസൃതവുമായാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താനുള്ള ജാഗ്രതാ നിർദേശമാണ് പെഗാസസ് കേസ്. മുൻ ജ്ഡ്ജി ആർ.വി. രവീന്ദ്രൻ, റോ മുൻമേധാവി അലോക് ജോഷി, സൈബർ സുരക്ഷാ വിദഗ്ധൻ ഡോ. സന്ദീപ് ഒബ്റോയി എന്നിവർ വിദഗ്ധ സമിതി അംഗങ്ങളാണ്. ദേശീയ ഫോറൻസിക് സയൻസസ് സർവകലാശാല ഡീനായ പ്രൊഫ. നവീൻകുമാർ ചൗധരി, കൊല്ലം അമൃത വിശ്വവിദ്യാപീഠം, സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് പ്രൊഫ. പ്രഭാഹരൻ പൂർണചന്ദ്രൻ, ബോംബെ ഹൈക്കോടതിയിലെ അശ്വിൻ അനിൽ ഗുമസ്തേ എന്നിവർ സമിതിയിലെ സാങ്കേതിക വിദഗ്ധരാണ്.

പെഗാസസിൽ ഉയർന്ന അതീവ ഗുരുതരമായ ആരോപണങ്ങളുടെ അടിവേര് കണ്ടെത്തണമെന്നും, രാജ്യസുരക്ഷയുടെ പേരിൽ സർക്കാരിന് ജനങ്ങളുടെ സ്വകാര്യത ഇല്ലാതാക്കാൻ അവകാശമില്ലെന്നും ജനാധിപത്യ രാജ്യത്ത് തോന്നിയതു പോലെ വിവരങ്ങൾ ചോർത്താനും നിരീക്ഷിക്കാനും

**താൻ നിരീക്ഷണത്തിലാണെന്നുള്ള തോന്നൽ പൗരന്റെ സാധാരണ ജീവിതത്തെ താറുമാറാക്കും. മാധ്യമപ്രവർത്തകർക്ക് 'സോഴ്സുകൾ' സംരക്ഷിക്കാനാകില്ല. മാധ്യമസ്വാതന്ത്ര്യത്തിന്റെ അടിത്തറ തകർക്കാനാണോ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.**



**കെ.എൻ.ഗോപിനാഥ്**

കഴിയില്ലെന്നും ഭരണഘടനാപരമായ യുക്തി വേണമെന്നും, കൃത്യമായ നടപടിക്രമം പാലിച്ചും തെളിവുകൾ അവശേഷിപ്പിച്ചുമാകണം ഓരോ കാര്യവും ചെയ്യേണ്ടതെന്നും കോടതി വ്യക്തമാക്കി.

വിവരങ്ങൾ ചോർത്തുന്നുണ്ടെങ്കിൽ താൻ നിരീക്ഷണത്തിലാണെന്നുള്ള തോന്നൽ പൗരന്റെ സാധാരണ ജീവിതത്തെ താറുമാറാക്കും. ജനങ്ങൾ സ്വയം സെൻസർഷിപ്പ് ഏർപ്പെടുത്താൻ നിർബന്ധിതരാകും. മാധ്യമ പ്രവർത്തകർക്ക് 'സോഴ്സുകൾ' സംരക്ഷിക്കാനാകില്ല. മാധ്യമസ്വാതന്ത്ര്യത്തിന്റെ അടിത്തറ കുളം തോണ്ടപ്പെടാനാണോ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഭരണഘടനാ താൽപ്പര്യങ്ങൾ തകർക്കപ്പെടുമ്പോൾ കോടതിക്ക് മാപ്പുസാക്ഷിയാനാകില്ല എന്നും കോടതി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്.

രാജ്യസുരക്ഷ എല്ലാത്തിൽ നിന്നും ഒഴിഞ്ഞുമാറാനും, ജനാധിപത്യവിരുദ്ധമായി പ്രവർത്തിക്കാനുള്ള ഫ്രീ പാസായി സർക്കാർ ഉപയോഗിക്കരുതെന്ന കർശനമായ താക്കീതാണ് സുപ്രീം കോടതി നൽകിയിട്ടുള്ളത്. പെഗാസസ് ചാര സോഫ്റ്റ് വെയറിലൂടെ വിവരങ്ങൾ ചോർത്തിയോ എന്ന് കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ഉയർന്ന ചോദ്യത്തിന് രാജ്യസുരക്ഷ പറഞ്ഞ് ഒഴിഞ്ഞുമാറിയ നരേന്ദ്ര മോദി സർക്കാരിനെ ഇത് വെട്ടിലാക്കിയിരിക്കുകയാണ്. രാജ്യസുരക്ഷയുടെ പേരിൽ ഉമ്മാക്കി കാണിച്ച്

### സുപ്രീംകോടതി പ്രഖ്യാപിച്ച അന്വേഷണത്തിന്റെ പരിഗണനാവിഷയങ്ങൾ

1. ഇന്ത്യയിലെ ജനങ്ങളുടെ ഫോണുകളിലും മറ്റ് ഉപകരണങ്ങളിലും പെഗാസസ് സ്ഥാപിച്ചിട്ടുണ്ടോ ? എന്തെല്ലാം വിവരങ്ങളാണ് ഇതിനം ചോർത്തിയിട്ടുള്ളത് ?
2. ചാരപ്രവൃത്തിക്ക് ഇരയായവരുടെ വിശദാംശങ്ങൾ ?
3. 2019ൽ പെഗാസസ് വാട്സ് ആപ്പ് ഹാക്ക് ചെയ്തതിന്റെ പേരിൽ കേന്ദ്ര സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ?
4. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരുകളോ പെഗാസസ് സ്വന്തമാക്കിയോ ?
5. സ്വന്തമാക്കിയിട്ടുണ്ടെങ്കിൽ അവ ഏത് നിയമപ്രകാരം ?
6. ഇന്ത്യയിൽ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ പെഗാസസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടോ ?
7. മേൽവിഷയങ്ങൾക്ക് പുറമെ വിദഗ്ധ സമിതിക്ക് പ്രസക്തമെന്ന് തോന്നുന്ന ഏതു വിഷയവും അന്വേഷിക്കാമെന്നും കോടതി വ്യക്തമാക്കിയിരിക്കുന്നു.

കോടതികളെ വിരട്ടാൻ നോക്കേണ്ട എന്നും അതുകേട്ട് കോടതികൾ പേടിച്ച് അകന്നുമാറിനിൽക്കില്ല എന്നും വ്യക്തമാക്കി ചീഫ് ജസ്റ്റീസ് എൻ.വി. രമണ അധ്യക്ഷനായ മൂന്നംഗ ബഞ്ച്, ബിജെപി സർക്കാരിനെതിരെ ആഞ്ഞടിച്ചു.

പൗരന്മാരുടെ വിവരം ചാര സോഫ്റ്റ് വെയർ ആയുധമാക്കി ചോർത്തുന്നു എന്ന ചർച്ച പാർലമെന്റിലും പുറത്തും ആഞ്ഞടിച്ചതിനെ തുടർന്നാണ് സുപ്രീം കോടതി അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്. ഇത് ആർഎസ്എസ് സംഘപരിവാർ ബിജെപി കൂട്ടുകെട്ട് തുടർന്നുവരുന്ന ഫാസിസ്റ്റ് സമീപനങ്ങൾക്കെതിരെ ജനാധിപത്യ സംരക്ഷണത്തിന് വേണ്ടിയുള്ള വളർന്നുവരുന്ന പോരാട്ടങ്ങൾക്ക് ശക്തി പകരുന്നതാണ്.

രാജ്യത്തെ ചോർത്തിയ ചാരക്കണ്ണ് ലോകത്തെ തന്നെ ചോർത്തിക്കൊണ്ടിരിക്കുന്ന ഇസ്രായേലിന്റെ സാമ്രാജ്യത്വ മൂലധന ശക്തികളുടെയും പുതിയ ശ്രമത്തിലുള്ള ആസൂത്രിത വൈറസാണ്. അമേരിക്കയിലെ സിഐഎയും അവരുടെ ചാരപ്രവർത്തനത്തിലൂടെലോകത്ത്എത്രയോ സ്വതന്ത്ര പരമാധികാര രാജ്യങ്ങളെ തകർക്കുവാൻ കൂട്ടുനിന്നിട്ടുണ്ട്. 1957ലെ കേരളത്തിലെ കമ്യൂണിസ്റ്റ് സർക്കാരിനെ പോലും. ഇവിടെ ബിജെപി പെഗാസസ് പ്രവൃത്തിയിലൂടെ സ്വന്തം മന്ത്രിസഭയിലെ തന്നെ സംശയമുള്ളവരുടെ വിവരങ്ങൾ ചോർത്തുന്ന അതീവ ഗുരുതരമായ കുറ്റവും വിശ്വാസ വഞ്ചനയുമാണ്

കാണിച്ചിട്ടുള്ളത്. സുപ്രീം കോടതിയുടെ ഇടപെടലിന് ഇക്കുറിയും വഴിയൊരുക്കിയത് സിപിഐ എമ്മിന്റെ നിയമപരമായ പോരാട്ടമാണ്.

നോട്ട് നിരോധനം മുതൽ പിഎം കെയർ ഫണ്ട് വരെ ഇലക്ടറൽ ബോണ്ടു മുതൽ യുഎപിഎ വരെയുള്ള വിഷയങ്ങളിൽ കേന്ദ്രത്തിനെതിരെ സമയോചിതവും ശക്തവുമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയാതിരുന്ന സുപ്രീംകോടതി പക്ഷെ, സമീപകാലത്ത് ചില സുപ്രധാന ഇടപെടലുകളിലൂടെ അതിന്റെ ഭരണഘടനാപരമായ ധർമ്മം നിർവഹിക്കുന്നതിന്റെ സൂചനകൾ നൽകാൻ തുടങ്ങിയിരിക്കുന്നത് എക്സിക്യൂട്ടീവിന്റെ നിഷ്ക്രിയത്വം തുറന്നു കാണിക്കുവാൻ ജുഡീഷ്യറിക്ക് കഴിയുമെന്നതിന്റെ സൂചനയാണ്. എക്സിക്യൂട്ടീവ് നിഷ്ക്രിയമാകുന്നത് ഇന്ത്യൻ ജനാധിപത്യത്തിന് ദോഷമാണ്. ജുഡീഷ്യറി ആക്ടിവിസം അപകടകരമായ തലങ്ങളിലേക്ക് പടരുവാൻ ആഗ്രഹിക്കുന്നവർ നാളെ പട്ടാളഭരണമോ, അടിയന്തിരവസ്ഥയോ വേണമെന്ന വാദത്തിലേക്ക് നീങ്ങുന്നത് അതിനേക്കാൾ അപകടകരമാണെന്നത് രാജ്യം ഭരിക്കുന്നവർ തിരിച്ചറിയണം. എന്നാൽ ബിജെപിയിൽ നിന്നും അത്തരം ഒരു തിരിച്ചറിവും പ്രതീക്ഷിക്കേണ്ടതില്ല. ഏകാധിപത്യഭരണം സ്വപ്നം കാണുന്ന ബിജെപി വിമർശനങ്ങളെ ഭയപ്പെടുന്നു. പൗരത്വ ഭേദഗതി നിയമത്തിലൂടെ ഇന്ത്യൻ ഭരണഘടനയ്ക്ക് വിള്ളലുണ്ടാക്കാൻ പരിശ്രമിച്ചവരാണവർ. ജമ്മു കാശ്മീരിലും, ലക്ഷദ്വീപിലും ബിജെപി കാണിച്ചത് ജനാധിപത്യവിരുദ്ധ ശ്രമങ്ങൾ തന്നെയാണ്. കർഷകരുടെ സമരത്തെ തള്ളിപ്പറയാൻ കഴിയില്ലെന്ന് ഹൈക്കോടതി പറഞ്ഞിട്ടും തിരിഞ്ഞുനോക്കാത്ത ബിജെപിക്ക് ഇന്ത്യൻ ജനാധിപത്യത്തോട് പുച്ഛമാണ്. ഗോഡ്സേ ദിനമാചരിക്കാനുള്ള ആഹ്വാനവും ദേശീയത പറയുന്ന ബിജെപി ദേശവൽകൃത സ്ഥാപനങ്ങളെയും പൊതുമേഖലയേയും കയ്യൊഴിഞ്ഞു കൊണ്ടിരിക്കുന്നതും, അതിനെതിരെയുള്ള തൊഴിലാളി വർഗത്തിന്റെ പ്രതിഷേധത്തെ അവഗണിക്കുന്നതും മറ്റൊരു തരം ജനാധിപത്യവിരുദ്ധമായ പ്രവർത്തനം തന്നെയാണ്. കഴിഞ്ഞ പാർലമെന്റ് ശൈത്യകാല സമ്മേളനത്തിലാണ് പ്രതിരോധ മേഖലയിലെ ഓർഡിനൻസ് ഫാക്ടറികളെ വിൽക്കാൻ തീരുമാനിച്ച കേന്ദ്ര സർക്കാർ നടപടിക്കെതിരെ യോജിച്ച പണിമുടക്കിന് സന്നദ്ധരായവർക്കെതിരെ പണിമുടക്ക് നിരോധിച്ചു കൊണ്ട് ഇഡിഎസ്ഒ എന്ന കരിനിയമം ബിജെപി സർക്കാർ പാസാക്കിയെടുത്തത്. തൊഴിലാളിവർഗത്തെ മൂലധന ശക്തികൾക്ക് അടിയറ വയ്ക്കാനായിരുന്നു ഈസ് ഓഫ് ഡ്യൂയിങ് ബിസിനസിന്റെ പേരിൽ 29 തൊഴിൽ നിയമങ്ങൾ ഇല്ലാതാക്കി പുതിയ ലേബർ കോഡുകൾ പാസാക്കിയത്.

കുതിരക്ക് ലാടൻ കെട്ടിയതു പോലെ, കേന്ദ്ര ബിജെപി സർക്കാരിന്റെ ഒറ്റബുദ്ധി പ്രയാണത്തിന് തടയണ കെട്ടുന്നതിലൂടെ സുപ്രധാനമായ ഒരു ചുവടു വയ്പാണ്




നിയമപരമായ ഇടപെടലിന്റെ സാധ്യതകൾ തേടി സുപ്രീം കോടതി പെഗാസസ് കേസിൽ പരീക്ഷിച്ചിരിക്കുന്നത്. ഇത് കേവലം സ്വകാര്യത ഇല്ലാതാക്കിയ ഫോൺ ചോർത്തൽ എന്ന ക്രിമിനൽ കുറ്റത്തിന്റെ മാത്രം പ്രശ്നമല്ല, ജനാധിപത്യത്തിന്റെ സംരക്ഷണത്തിന്റെ പ്രശ്നം കൂടിയാണ്.

ബിജെപി സർക്കാരിന്റെ ഏകാധിപത്യപരമായ ഇടപെടലിനുള്ളിലെ ക്രിമിനൽകുറ്റം സുപ്രീംകോടതി ഗൗരവത്തിൽ എടുത്തുവെന്നത് ആശ്വാസകരമാണ്. എന്നാൽ ഇക്കാര്യത്തിൽ കോടതി മാത്രം ജാഗ്രത കാണിച്ചാൽ പോര. രാജ്യമൊന്നാകെ ഇത്തരം അപകടകരമായ നീക്കങ്ങൾക്കെതിരെ തുടക്കം മുതൽ ഒടുക്കം വരെ ജനാധിപത്യപരമായ ശുഷ്കാന്തി കാണിക്കേണ്ടതുണ്ട്. ഇതിനായി ജനങ്ങൾക്ക് ശക്തി പകർന്നു നൽകാൻ തൊഴിലാളിവർഗവും മാധ്യമങ്ങളും പുരോഗമന ശക്തികളും മുന്നിട്ടിറങ്ങണം. ഇല്ലെങ്കിൽ അപകടത്തിലാകുന്നത് നമ്മുടെ മഹത്തായ ജനാധിപത്യം തന്നെയായിരിക്കും.●



റിച്ചാർഡ് ഡി വൂൾഫ്

# യുഎസ് സാമ്രാജ്യം എന്തുകൊണ്ട് എളുപ്പം നാമാവശേഷമാകും?

**ഇറാഖിലെയും** അഫ്ഘാനിസ്ഥാനിലെയും പരാജയപ്പെട്ട യുഎസ് ദൗത്യങ്ങൾ 20 വർഷത്തെ യുദ്ധത്തിനേക്കാൾ ഉപരിയായി സാമ്രാജ്യത്വത്തിന്റെ അതിരുകവിഞ്ഞ രാഷ്ട്രീയ ലാഭക്കൊതി മൂലം ഉണ്ടായ പ്രക്രിയ ആണെന്ന് പറയാം.

ഈ യുദ്ധങ്ങളുടെ പ്രധാന ചാലകശക്തി ഭൗമരാഷ്ട്രീയത്തേക്കാൾ ഉപരിയായി ആഭ്യന്തര രാഷ്ട്രീയവും ആഭ്യന്തര സൈനികവ്യവസായ അച്ചുതണ്ടിന്റെ ധനസഹായമായിരുന്നുവെന്ന് പരാജയങ്ങൾ സൂചിപ്പിക്കുന്നു.

**അമേരിക്കൻ സാമ്രാജ്യത്വത്തിൽ സംഘർഷാവസ്ഥ വർധിക്കുകയാണ്. വിഭജനത്തിൽ മുരടിച്ചു നിൽക്കുന്ന അമേരിക്കയിൽ പ്രധാനപ്പെട്ട മാറ്റങ്ങളൊന്നും തന്നെ സംഭവിക്കുന്നില്ല. വരേണ്യവർഗ്ഗം തങ്ങളുടെ സാമൂഹ്യ പദവി ഉപയോഗിച്ച് സാമ്രാജ്യ തകർച്ചയുടെ വില സാധാരണ ജനങ്ങളിലേക്ക് ചുമത്താൻ ശ്രമിക്കുകയാണ്. സാമ്രാജ്യത്തകർച്ചയ്ക്ക് കാരണമായ അസമത്വങ്ങളെയും വിഭജനങ്ങളെയും കൂടുതൽ വർദ്ധിപ്പിക്കാൻ മാത്രമേ ഇത് ഇടയാക്കുകയുമുള്ളൂ.**



രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ മേധാവിത്വമുള്ള ന്യൂനപക്ഷങ്ങളുടെ സങ്കുചിത താൽപ്പര്യങ്ങൾക്കായി സാമൂഹിക ലക്ഷ്യങ്ങൾ ത്യജിക്കുന്നതുകൊണ്ടാണ് സാമ്രാജ്യത്വ ശക്തികൾ തകരുന്നത്. ലോക ജനസംഖ്യയുടെ 4.25 ശതമാനം മാത്രമാണ് അമേരിക്കയിലുള്ളത്. എന്നാൽ കോവിഡ് 19 മൂലമുള്ള ആഗോള മരണങ്ങളിൽ 20 ശതമാനവും സംഭവിച്ചത് അമേരിക്കയിൽ തന്നെയാണ്.

ആഗോള ശക്തിയായ അമേരിക്കയിലെ വികസിത ആരോഗ്യ മേഖലയ്ക്ക് പോലും കോവിഡ് പോലുള്ള വൈറൽ

മഹാമാരിയെ നേരിടുന്നതിനും അതിനോട് പൊരുത്തപ്പെടുന്നതിനും സാധിച്ചില്ല.

അമേരിക്കയിലെ ഒരു വലിയ വിഭാഗം ജനങ്ങൾ രാജ്യത്തെ മുഖ്യ സാമ്പത്തിക, രാഷ്ട്രീയ സ്ഥാപനങ്ങളിൽനിന്ന് വേർപ്പെട്ട് നിൽക്കുകയാണ്. ഈ വിഭാഗം ജനങ്ങൾ അമേരിക്കൻ സർക്കാരുമായി നിരന്തരം മൽപ്പിടുത്തത്തിലാണ്. തങ്ങൾക്ക് സ്വയം നശിക്കാനും മറ്റുള്ളവർക്ക് കോവിഡ് വ്യാപിപ്പിക്കാനുമുള്ള അവകാശമുണ്ടെന്നാണ് ഇവർ കരുതുന്നത്. കോവിഡ് 19 വാക്സിൻ എടുക്കാതിരിക്കുക, സ്വാതന്ത്ര്യത്തിന്റെ പേരിൽ മാസ്‌ക് ധരിക്കാതിരിക്കുക എന്നിവ ഭയപ്പെടുത്തുന്ന തരത്തിലുള്ള ആദർശപരമായ ആശയകുഴപ്പങ്ങളുടെയും സാമൂഹിക വിഭജനത്തിന്റെയും ജനങ്ങൾക്കിടയിൽ തന്നെയുണ്ടാകുന്ന വിദ്വേഷപരമായ ശത്രുതാമനോഭാവത്തിന്റെയും ഉദാഹരണങ്ങളാണ്.

വാഷിങ്ടണിലെ ജനുവരി 6–ലെ സംഭവവികാസങ്ങൾ മഞ്ഞുമലയുടെ അറ്റം മാത്രമാണ്. സർക്കാർ, കോർപ്പറേറ്റ് തലങ്ങളിലെയും ഗാർഹിക മേഖലയിലെയും കടബാധ്യതയുടെ നില ചരിത്രത്തിലെ തന്നെ ഉയർന്നനിരക്കിലാണ്. വർദ്ധിച്ചുവരുന്ന കടത്തെ അളവ് ലഘുകരണത്തിലൂടെ താങ്ങി നിർത്തുക എന്നതാണ് ഫെഡറൽ റിസർവിന്റെ വർഷങ്ങളായുള്ള ഉത്തരവാദിത്വം. ട്രില്യൺ ഡോളർ പ്ലാറ്റിനം കോയിൻ സംബന്ധിച്ച സാധ്യതകളെക്കുറിച്ചാണ് ഉന്നതതലങ്ങളിലെ ചർച്ച. ഈ പുതിയ കടം മൂലം യുഎസ് ട്രഷറിക്ക് കൂടുതൽ പണം ഗവണ്മെന്റ് വഴി ചിലവഴിക്കാൻ സാധിക്കും.

ദേശീയ കടത്തിന്റെ പരിധിയെക്കുറിച്ചുള്ള തർക്കവിതർക്കങ്ങൾക്കപ്പുറം പോകാനാണ് ഇതിന്റെ ലക്ഷ്യം. കേട്ടുകേൾവിയില്ലാത്ത തകർച്ചകളിൽ നിന്ന് മുതലാളിത്ത വ്യവസ്ഥയെ കരകയറ്റാൻ കൂടുതൽ പണം വിപണിയിലേക്ക് കുത്തിയിറക്കാൻ കഴിയുംവിധം സർക്കാരിനെ കൂടുതൽ സ്വതന്ത്രമാക്കി നിർത്തുന്നതിൽ കുറഞ്ഞൊന്നും തന്നെയല്ല ലക്ഷ്യം. ഇന്നത്തെ മുതലാളിത്തത്തിന് നിലനിൽക്കാൻ ഇത്തരം ധന ഉത്തേജന പാക്കേജുകൾ വേണമെന്ന് 2000, 2008, 2020 വർഷങ്ങളിലെ സാമ്പത്തിക തകർച്ചകളിൽ നിന്നും ഫെഡറൽ റിസർവ് മനസ്സിലാക്കിയ കാര്യമാണ്. തങ്ങൾ അത്ര വിദൂരമല്ലാത്ത കാലത്ത് പരിഹസിക്കുകയും നിരസിക്കുകയും ചെയ്തുപോന്ന ആധുനിക ധനവ്യവസ്ഥ നിയമത്തെ ആശയറ്റ സാമ്രാജ്യം ആശ്ലേഷിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

തീവ്ര അസമത്വം എന്ന അമേരിക്കൻ ഐക്യനാടുകളുടെ സവിശേഷ സ്വഭാവം മഹാമാരിക്കാലത്ത് പൂർവ്വാധികം വർധിച്ചിട്ടുണ്ട്. ഉള്ളവരും ഇല്ലാത്തവരും ഉണ്ടെന്ന് സ്വയം കരുതുന്നവരും തമ്മിൽ വർധിച്ചുവരുന്ന പട്ടിണിയേയും മറ്റ് സാമൂഹ്യ വിഭജനനങ്ങളേയും ഈ അസമത്വം പെരുപ്പിക്കുന്നു.

മഹാമാരി കാരണവും 2020 ലെയും 2021 ലെയും മുതലാളിത്ത സാമ്പത്തിക തകർച്ച മൂലവും നഷ്ടമായ ലാഭം തിരിച്ചുപിടിക്കാനുള്ള തൊഴിലുടമളുടെ ശ്രമം തൊഴിലാളികളുടെ മുകളിൽ

**ഇന്നത്തെ മുതലാളിത്തത്തിന് നിലനിൽക്കാൻ ധന ഉത്തേജന പാക്കേജുകൾ വേണമെന്ന് 2000, 2008, 2020 വർഷങ്ങളിലെ സാമ്പത്തിക തകർച്ചകളിൽ നിന്നും ഫെഡറൽ റിസർവ് മനസ്സിലാക്കിയ കാര്യമാണ്. തങ്ങൾ അത്ര വിദൂരമല്ലാത്ത കാലത്ത് പരിഹസിക്കുകയും നിരസിക്കുകയും ചെയ്തുപോന്ന ആധുനിക ധനവ്യവസ്ഥ നിയമത്തെ ആശയറ്റ സാമ്രാജ്യം ആശ്ലേഷിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.**

അധിക ചൂഷണമായാണ് വന്നുഭവിക്കുന്നത്. പുത്തൻ ഉണർവ്വോടു കൂടിയ തൊഴിലാളി മുന്നേറ്റത്തിന്റെ സാന്നിധ്യത്തിൽ ഔദ്യോഗികവും അനൗദ്യോഗികവുമായ സമരങ്ങളിലേക്കാണ് ഇത് കൊണ്ടെത്തിച്ചത്.

വ്യക്തിഗതതലത്തിൽ നോക്കുകയാണെങ്കിൽ ഇന്ന് ജോലി രാജിവെക്കുന്ന തൊഴിലാളികളുടെ എണ്ണം കുത്തനെ ഉയരുകയാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ ലാഭനഷ്ടം തിരിച്ചുപിടിക്കാനുള്ള തൊഴിലുടമകളുടെ ശ്രമവും നടപ്പ് പണപ്പെരുപ്പത്തിൽ ദർശിക്കാവുന്നതാണ്. തൊഴിലുടമകളാണ് തങ്ങൾ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിലയിടുന്നത്. ഫെഡറൽ റിസർവ് വിപണിയിലേക്ക് പണം ഇറക്കിക്കൊണ്ട് ജനങ്ങളുടെ വാങ്ങൽ ശേഷിയെ ഊറ്റിയെടുത്തതായി അവർക്കറിയാം. മഹാമാരിയും സാമ്പത്തിക തകർച്ചയും സൃഷ്ടിച്ച ആവശ്യകത പണപ്പെരുപ്പത്തെ നിലനിർത്താൻ കാരണമാകും. എന്നാൽ, താൽക്കാലികമാണെങ്കിൽ തന്നെയും ഈ പണപ്പെരുപ്പം വരുമാനസമ്പത്ത് അസമത്വങ്ങൾ സൃഷ്ടിക്കുകയും അതുവഴി അമേരിക്കൻ ഐക്യനാടുകളിൽ അടുത്ത തകർച്ചയ്ക്കുള്ള അരങ്ങൊരുക്കുകയും ചെയ്യും. പുതിയ നൂറ്റാണ്ടിലെ മൂന്ന് തകർച്ചകൾ (2000, 2008, 2020) ഓരോന്നും തൊട്ടുമുൻപത്തവയെക്കാൾ രൂക്ഷമായാണ് വന്നുഭവിച്ചത്. ഇനി സംഭവിക്കാൻ പോകുന്ന സാമ്പത്തിക തകർച്ച മുൻപത്തവയേക്കാൾ രൂക്ഷമാകാനും അത് മുതലാളിത്ത സമ്പത് വ്യവസ്ഥയുടെ അതിജീവനത്തെ ചോദ്യം ചെയ്യാനും സാധ്യതയുണ്ട്.

തീപ്പിടുത്തങ്ങൾ, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ, വരൾച്ച തുടങ്ങിയ കാലാവസ്ഥാ ദുരന്തങ്ങളും അവയുടെ കുതിച്ചുയരുന്ന ചെലവുകളും കുറിക്കുന്നത് ആസന്നമായ സാമ്രാജ്യത്തകർച്ചയെ തന്നെയാണ്. ഇവിടെയും ഈ കാലാവസ്ഥ ദുരന്തങ്ങളെ നേരിടാനുള്ള സാമൂഹ്യ ഇടപെടലുകളെ തടയാനോ വൈകിപ്പിക്കാനോ ചെറു ന്യൂനപക്ഷമായ ഫോസിൽ ഇന്ധന നേതൃത്വത്തിന് കഴിയുന്നുണ്ട്.

സാമ്രാജ്യങ്ങൾ തകരുന്നത് വരേണ്യ ന്യൂനപക്ഷങ്ങളെ സേവിക്കുന്ന അവരുടെ ദീർഘകാല ശീലങ്ങൾ അവരെ അന്ധരാക്കുന്നതുമൂലമാണ്. സാമ്രാജ്യങ്ങൾക്ക് അതിജീവിക്കാൻ വരേണ്യ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ താൽക്കാലികമായെങ്കിലും തള്ളിക്കളയേണ്ടതായിട്ടുണ്ട്.

ഒരു നൂറ്റാണ്ടിനിടെ ആദ്യമായിട്ട് അമേരിക്കയ്ക്ക് ഒരു യഥാർത്ഥ ആഗോള എതിരാളി ഉണ്ടായിരിക്കുകയാണ്. ബ്രിട്ടീഷ്, ജർമൻ, റഷ്യൻ ജപ്പാനീസ് സിസ്റ്റങ്ങൾ ആ ഒരു പദവിയിലേക്ക് ഉയർന്നിരുന്നില്ല. എന്നാൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന ആ പദവിയിലേക്ക് എത്തിയിരിക്കുകയാണ്. അമേരിക്കയിലെ ആഭ്യന്തര വൈരുധ്യങ്ങളും ചൈനയുടെ അവിശ്വസനീയമായ വളർച്ചയും കാരണം ചൈനയെ സംബന്ധിച്ച എല്ലാ യുഎസ് പോളിസികളും അസാധ്യമെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്.

രാഷ്ട്രീയനേതാക്കൾക്കും 'പ്രതിരോധ' കോൺട്രാക്ടർമാർക്കും ചൈന വിമർശനം ആകർഷകമായി തോന്നാറുണ്ട്. ചൈനയെ അപലപിക്കുക എന്നതാണ് അമേരിക്കയിലെ ഇരുപാർടികളിലെയും രാഷ്ട്രീയക്കാർ ജനകീയത പിടിച്ചുപറ്റാനായും മിലിട്ടറിയിലെ വർദ്ധിച്ചുവരുന്ന ഡിഫൻസ് സ്പെന്റിങ്ങിനുള്ള സാധൂകരണമായും ഉപയോഗിക്കുന്നത്. എന്നിരുന്നാലും വൻകിട ബിസിനസ് കോർപറേറ്റുകൾ നൂറുകണക്കിന് ബില്യൻ പണം ചൈനയിലും ചൈന ഉൾപ്പെട്ട ആഗോള വിതരണ ശ്രിംഖലകളിലും നിക്ഷേപിച്ചിട്ടുണ്ട്. അവർ അത് നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇതുകൂടാതെ ലോകത്തിലെ ഏറ്റവും ചെലവ് കുറഞ്ഞ, മികച്ച രീതിയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകപ്പെട്ട, ഏറ്റവും അച്ചടക്കമുള്ള തൊഴിൽ ശക്തി ചൈനയ്ക്കുണ്ട്. അതോടൊപ്പം മൂലധനത്തിനും ഉപഭോക്തൃവസ്തുക്കൾക്കും ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന വിപണി കൂടിയാണ് ഇന്ന് ചൈന.

ലോകത്തേറ്റവും ജനസംഖ്യയുള്ളതും ഏറ്റവും ചെലവുകുറഞ്ഞ തൊഴിലാളികളുള്ളതും അതിവേഗം വളരുന്ന വിപണിയുള്ളതുമായ രാജ്യത്ത് വേണ്ടപോലെ പ്രവർത്തിച്ചാൽ മാത്രമേ ആഗോള വിജയം സാധ്യമാവൂ എന്ന് മത്സരാധിഷ്ടിത അമേരിക്കൻ കച്ചവട സ്ഥാപനങ്ങൾ വിശ്വസിക്കുന്നു. ബിസിനസ് സ്കൂളുകളിൽ പഠിച്ചതും പഠിപ്പിക്കുന്നതും ഈയൊരു കാഴ്ചപ്പാടു തന്നെ അടിവരയിടുകയും ചെയ്യുന്നു. യുഎസ് ചേമ്പർ ഓഫ് കൊമ്മേഴ്സ് യുഎസ് മുൻ പ്രസിഡന്റ് ഡോണൾഡ് ട്രമ്പിന്റെ കച്ചവട /നികുതി യുദ്ധങ്ങൾ എതിർത്തതും ജോ ബൈഡന്റെ ചൈന അപലപനങ്ങളെയും എതിർത്തുപോരുന്നതും ഇതുമൂലമാണ്.

ചൈനയുടെ അടിസ്ഥാന സാമ്പത്തിക, രാഷ്ട്രീയ നയങ്ങൾ മാറ്റാൻ യുഎസിന് സാധിക്കില്ല. ആ നയങ്ങളാണ് അമേരിക്ക പോലുള്ള വൻ ശക്തിക്ക് തികഞ്ഞ എതിരാളി എന്ന ഇന്നത്തെ അസൂയാവഹമായ നേട്ടത്തിലേക്ക് ചൈനയെ കൊണ്ടെത്തിച്ചതുതന്നെ. അതേസമയം, ഈ ദശകത്തിന്റെ അവസാനത്തോടുകൂടി സാമ്പത്തിക സമത്വത്തിന്റെ കാര്യത്തിൽ ചൈന അമേരിക്കയെ പിന്തള്ളുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിൽ സംഘർഷാവസ്ഥ വർധിക്കുകയാണ്. വിഭജനത്തിൽ മുരടിച്ചു നിൽക്കുന്ന അമേരിക്കയിൽ പ്രധാനപ്പെട്ട മാറ്റങ്ങളൊന്നും തന്നെ സംഭവിക്കുന്നില്ല.

സായുധ സംഘർഷങ്ങളും അണുവായുധ യുദ്ധങ്ങളും മാത്രമാണ് ഇതിൽ നിന്ന് വ്യത്യസ്തമായുള്ളത്.

സാമ്രാജ്യങ്ങൾ തകരുമ്പോൾ അവ സ്വയം ദൃഢീകരിക്കുന്ന കീഴ്പോട്ടുള്ള ഉൾപ്പിരിവുകളായി നിപതിക്കുകയാണ് പതിവ്. വരേണ്യവർഗ്ഗം തങ്ങളുടെ സാമൂഹ്യ പദവി ഉപയോഗിച്ച് സാമ്രാജ്യ തകർച്ചയുടെ വില സാധാരണ ജനങ്ങളിലേക്ക് ചുമത്താൻ ശ്രമിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. സാമ്രാജ്യത്തകർച്ചയ്ക്ക് കാരണമായ അസമത്വങ്ങളെയും വിഭജനങ്ങളെയും കൂടുതൽ വർദ്ധിപ്പിക്കാൻ മാത്രമേ ഇത് ഇടയാക്കുകയുമുള്ളൂ.

ഈയിടെ പുറത്തുവിട്ട പാൻഡോറ പേപ്പേഴ്സിൽ ടാക്സ് ചുമത്താൻ അധികാരപ്പെട്ട ഗവണ്മെന്റിൽ നിന്നും പൊതുജനങ്ങളുടെ അറിവിൽ നിന്നും മറച്ചുവെച്ചുകൊണ്ട് ടാക്സ് ഹെവനുകളിൽ ഒളിച്ചുവെക്കപ്പെട്ട സ്വത്തുകളെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്. മേൽപ്പറഞ്ഞ സാമ്രാജ്യ തകർച്ചകളിൽ നിന്നും വരേണ്യരുടെ സ്വത്തുക്കളെ അകറ്റിവെക്കാനാണ് ഇത്തരം ഒളിപ്പിച്ചുവെക്കൽ. 2016 ലെ പനാമ പേപ്പേഴ്സ് വെളിപ്പെടുത്തൽ ഉണ്ടായിട്ടുകൂടി ഈ ഒളിച്ചുവെക്കൽ എന്തുകൊണ്ട് അവസാനിച്ചില്ല എന്നത് ഇതിനെ ഭാഗികമായി വിശദീകരിക്കുന്നുണ്ട്.

പൊതുജനത്തിന് ഈ ഒളിച്ചുവെക്കപ്പെട്ട സമ്പത്തിന്റെ ഉത്ഭവം, വിസ്താരം, ലക്ഷ്യം തുടങ്ങിയവയെക്കുറിച്ച് അറിവുലഭിക്കുന്ന പക്ഷം ഇവയുടെ പൊതുലഭ്യതയെപ്പറ്റിയുള്ള ജനകീയ ആവശ്യങ്ങൾ ആഴത്തിലുള്ളതായി മാറുന്നു. അങ്ങനെ ഈ ഒളിച്ചു വെക്കപ്പെട്ട സമ്പത്ത് സാമ്രാജ്യത്തകർച്ചയുടെ തോത് കുറയ്ക്കാനോ അത് വിപരീത ദിശയിലാക്കാനോ വേണ്ടിയുള്ള ലക്ഷ്യമായി ഉപയോഗപ്പെടുന്നു.

സാമ്രാജ്യ തകർച്ച കൂടുതൽ സമ്പത്തിന്റെ ഒളിച്ചുവെക്കലിന് ഉൽപ്രേരണമാവുന്നു. അത് തിരിച്ച് സാമ്രാജ്യതകർച്ചയുടെ തോതും വർദ്ധിപ്പിക്കുന്നു. തകർച്ചയുടെ കീഴ്പോട്ടുള്ള ഉൾപ്പിരിവുകൾ വ്യാപൃതമാവുന്നു.

കൂടാതെ, കുടിയേറ്റക്കാരെ ദുഷ്ടവൽക്കരിക്കുകയും ചൈനയെ ബലിയാടാക്കുകയും സാംസ്കാരിക യുദ്ധങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന വർദ്ധിതമായ രീതിയിൽ ഉത്കണ്ഠാകുലരായ പൊതുജനത്തിന്റെ ശ്രദ്ധതിരിക്കാനുള്ള ശ്രമങ്ങൾ ഫലിക്കാതെ പോകുന്നു. സാമ്രാജ്യത്തകർച്ച തുടരുന്നുവെങ്കിലും അത് മുഖവിലയ്ക്കെടുക്കാതെ പൂർണ്ണമായും നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യപ്പെടുന്നു.

**ചൈനയുടെ അടിസ്ഥാന സാമ്പത്തിക, രാഷ്ട്രീയ നയങ്ങൾ മാറ്റാൻ യുഎസിന് സാധിക്കില്ല. ആ നയങ്ങളാണ് അസൂയാവഹമായ നേട്ടത്തിലേക്ക് ചൈനയെ കൊണ്ടെത്തിച്ചത്. ഈ ദശകത്തിന്റെ അവസാനത്തോടുകൂടി സാമ്പത്തിക സമത്വത്തിന്റെ കാര്യത്തിൽ ചൈന അമേരിക്കയെ പിന്തള്ളുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.**



സമ്പ്രദായിക രാഷ്ട്രീയത്തിന്റെ പഴയ ചെയ്തികൾ, സാമ്പത്തിക മേഖല, സ്വന്തം ചെയ്തികളിലൂടെ ലോകത്തെ നിർവചിക്കുന്ന ജനങ്ങൾ. ഇവരുടെ താല്പര്യങ്ങൾ മാത്രമാണ് ആഴത്തിലുള്ള സാമൂഹിക വിഭജനം, പ്രത്യാരോപണങ്ങൾ, ആഗോളമായ ആഭ്യന്തര ശത്രുതയായി മാറിയത്. യുഎസ് മുതലാളിത്ത സാമ്രാജ്യം തകർച്ചയിലാണെന്ന് ഇപ്പോഴും അംഗീകരിക്കാൻ കഴിയാത്ത നിരവധി അമേരിക്കക്കാരെ ഇത് നിഗൂഢമായി അസ്വസ്ഥരാക്കുന്നുണ്ട്. ●

സമ്മേളനങ്ങൾ

# മുതലാളിത്തത്തിന് ബദൽ മാതൃക വികസിപ്പിക്കണം

> "മുതലാളിത്തത്തിന് ബദലായ ഒരു മാതൃക വികസിപ്പിക്കണം. ഗ്രീൻ ക്യാപ്പിറ്റലിസവും അന്തർദേശീയ കാർബൺ മാർക്കറ്റും വികസിപ്പിച്ച് പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ മറ ഉപയോഗിച്ച് പുതിയ തരം കോളനിവൽക്കരണമാണ് വികസിത രാജ്യങ്ങൾ നടപ്പാക്കുന്നത്. 'കാർബൺ കൊളോണിയലിസം' എന്ന് ഇതിനെ വിളിക്കാവുന്നതാണ്."
>
> ബൊളീവിയൻ പ്രസിഡന്റ് ലൂയിസ് അർസെ



ജോസ് ടി എബ്രഹാം



**രണ്ട്** പ്രധാനപ്പെട്ട ആഗോള സമ്മേളനങ്ങൾ ഒക്ടോബർ അവസാനവും നവംബർ ആദ്യവുമായി നടന്നു. G20 സമ്മേളനം ഒക്ടോബർ 30–31 തീയതികളിൽ റോമിലും, COP 26 യു.എന്നിന്റെ കാലാവസ്ഥാ സമ്മേളനം ഒക്ടോബർ 31 മുതൽ നവംബർ 12 വരെ സ്കോട്‌ലന്റിലെ ഗ്ലാസ്ഗോയിലുമാണ് നടന്നത്. ഈ രണ്ടു സമ്മേളനങ്ങളും മനുഷ്യരാശിയുടെ നിലനിൽപും ഭാവിയുമായും ബന്ധപ്പെട്ട വിഷയങ്ങളാണ് ചർച്ച ചെയ്തത്. അത് എത്രമാത്രം ഗുണപ്രദമായി എന്നത് മറ്റൊരു വിഷയമാണ്.

### G20 സമ്മേളനം

ഇന്ത്യയുൾപ്പെടെ ലോകത്തെ പ്രധാന സാമ്പത്തിക ശക്തികൾ ഒത്തുചേരുന്ന ഒരു വേദിയാണ് G20. ആഗോള GDP യുടെ 80%വും ജനസംഖ്യയുടെ 60% വും , വ്യാപാരത്തിന്റെ 75% വും ഈ വേദി പ്രതിനിധീകരിക്കുന്നു. 1999ൽ തുടങ്ങി ഈ വേദിയുടെ മീറ്റിംഗ് നടന്നു വരികയാണ്. വികസിത രാജ്യങ്ങളും, ഇന്ത്യ, അർജന്റീന, സൗത്ത് ആഫ്രിക്ക തുടങ്ങിയ വികസ്വരരാജ്യങ്ങളും ഉൾപ്പെടെ 20 അംഗങ്ങൾ ഈ വേദിയിലുണ്ട്. സ്പെയിൻ ഈ വേദിയിലേക്കുള്ള ഒരു സ്ഥിരം ക്ഷണിതാവാണ്. മറ്റു അന്തർദേശീയ, പ്രാദേശിക സംഘടനകളേയും ഓരോ മീറ്റിംഗിലേക്കും പ്രത്യേകം ക്ഷണിക്കാറുണ്ട്. G20ക്ക് സ്ഥിരമായ ഒരു സെക്രട്ടറിയേറ്റും സംവിധാനവും ഇല്ല.

1994ലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്താണ് G20 എന്ന ആശയം രൂപം കൊള്ളുന്നത്. വികസിത രാജ്യങ്ങളുടെ മാത്രം വേദിയായിരുന്ന G7, 1994ൽ ഇന്ത്യയുൾപ്പെടയുള്ള പ്രധാനപ്പെട്ട വികസ്വര രാജ്യങ്ങളെ കൂടി ഉൾപ്പെടുത്തി G20 രൂപീകരിച്ചു. 2008ലെ സാമ്പത്തിക തകർച്ചയ്ക്കു ശേഷം നടന്ന പിറ്റ്സ്പെർഗ് സമ്മേളനത്തിലാണ് G20 ഒരു സ്ഥിരം വേദിയാക്കാനും എല്ലാ വർഷവും സമ്മേളനം നടത്താനും തീരുമാനിക്കുന്നത്.

ഈ വർഷം ഒക്ടോബർ 30.31 തീയതികളിലായി റോമിലാണ് G20 സമ്മേളനം നടന്നത്.

ഈ വർഷത്തെ സമ്മേളനം പ്രധാനമായി ചർച്ച ചെയ്തത് കോവിഡ്19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക തകർച്ചയിൽ നിന്ന് എങ്ങനെ മറികടക്കാം എന്ന വിഷയവും, കാലാവസ്ഥാവ്യതിയാനവുമാണ്. സമ്മേളനശേഷം പുറത്തുവിട്ട റോം പ്രഖ്യാപനത്തിന്റെ കേന്ദ്രവിഷയവും മഹാമാരിയും, കാലാവസ്ഥാവ്യതിയാനവുമാണ്.

പാവപ്പെട്ട രാജ്യങ്ങൾക്ക് വാക്സിൻ എത്തിക്കാനുള്ള ശ്രമങ്ങൾ വികസിതരാജ്യങ്ങൾ ഊർജിതമാക്കണമെന്ന് ആതിഥേയ രാജ്യമായ ഇറ്റലിയുടെ പ്രധാനമന്ത്രി മാരിയോഡ്രാഹി ആഹ്വാനം ചെയ്തു. സമ്പന്ന രാജ്യങ്ങളിലെ 70% ജനങ്ങളും ഇതിനകം വാക്സിൻ സ്വീകരിച്ചു കഴിഞ്ഞു. അതേസമയം പാവപ്പെട്ട രാജ്യങ്ങളിലെ 3% ജനങ്ങൾക്കു മാത്രമാണ് വാക്സിൻ ലഭിച്ചിട്ടുള്ളത്. ഇത് അധാർമികമാണെന്ന് മാരിയോഗ്രാഫി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. ഓരോ രാജ്യങ്ങലും ഉല്പാദിപ്പിക്കുന്ന കോവിഡ് പ്രതിരോധ വാക്സിന് പരസ്പരം അംഗീകാരം നൽകണമെന്ന് ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിങ്ങ് G20 സമ്മേളനത്തിൽ ആവശ്യപ്പെട്ടു. വാക്സിൻ വികസിപ്പിക്കുന്നതിലും, നിർമ്മിക്കുന്നതിലും വിതരണം ചെയ്യുന്നതിലും മറ്റുരാജ്യങ്ങളുമായി സഹകരിക്കാൻ ചൈന തയ്യാറാണ്, വാക്സിനുകൾക്കു മേലുള്ള അവകാശം ഒഴിവാക്കാനുള്ള ലോക വ്യാപാരസംഘടനയുടെ തീരുമാനത്തിന് ചൈനയുടെ പിന്തുണ ഷീ ആവർത്തിച്ചു. വികസ്വര രാജ്യങ്ങളിലേക്ക് വാക്സിൽ സാങ്കേതിക വിദ്യ കൈമാറാൻ വാക്സിൻ കമ്പനികളെ പ്രോത്സാഹിപ്പിക്കണമെന്നും ഷീ ജിൻ പിങ്ങ് ആവശ്യപ്പെട്ടു.

സമ്പദ് രംഗത്തെയും വ്യാപാരം രംഗത്തെയും ഡിജിറ്റലൈസഷനും ആഗോള തലത്തിൽ പല കമ്പനികളും വൻ തോതിൽ ഓൺലൈൻ വ്യാപാരങ്ങളും മറ്റും നടത്തുന്നതിന്റെ പശ്ചാത്തലത്തിലെ വെല്ലുവിളികൾ നേരിടാൻ ഈ കമ്പനികളുടെ മേൽ പൊതുവായ ഒരു നികുതിനിരക്ക് ഏർപ്പെടുത്താനുള്ള തീരുമാനത്തിന് സമ്മേളനം അംഗീകാരം




നൽകി. ആഗോളതലത്തിൽ ബഹുരാഷ്ട്ര കമ്പനികളുടെ നികുതിനിരക്ക് കുറഞ്ഞത് 15% ആയി നിജപ്പെടുത്താനുള്ള തീരുമാനം സമ്മേളനം അംഗീകരിച്ചു. 2028ഓടു കൂടി ഇതു സംബന്ധിച്ച പുതിയ നിയമങ്ങൾ ക്രമീകരിക്കാൻ ധാരണയായി.

ജൈവ വൈവിധ്യം നഷ്ടപ്പെടുന്ന സ്ഥിതി 2030തോടു കൂടി ഇല്ലാതാക്കാൻ സമ്മേളനത്തിൽ ചർച്ചകൾ നടന്നു. കൽക്കരി ഇന്ധനമായ ഊർജ്ജഉത്പാദനത്തിന് പൊതുധനസഹായം അവസാനിപ്പിക്കണമെന്നും കാർബൺ സന്തുലിതാവസ്ഥ എന്ന ലക്ഷ്യം ഈ നൂറ്റാണ്ടിന്റെ പകുതിയോടെ നേടണമെന്നും സമ്മേളനം തീരുമാനിച്ചു. അതേസമയം ആഗോള താപനം ഉൾപ്പെടെയുള്ള കാലവസ്ഥാ വിഷയങ്ങൾ പരിഹരിക്കുന്നതിന് G20 സമ്മേളനം വ്യക്തമായ പദ്ധതി മുന്നോട്ടു വച്ചിട്ടില്ലെന്ന് പരിസ്ഥിതി സംഘടനകൾ ആരോപിച്ചു.

കുടിയേറ്റം, കോവിഡ് കാലത്തെ യാത്രാനിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിദ്യാഭ്യാസം, സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വ്യാപാരവും നിക്ഷേപവും തുടങ്ങി ഇന്നു ലോകം നേരിടുന്ന എല്ലാ വിഷയങ്ങളും സമ്മേളനം ചർച്ച ചെയ്തു. എന്നാൽ ചട്ടപ്പടി ചർച്ചകളല്ലാതെ വ്യക്തമായ തീർമാനങ്ങളെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നീക്കങ്ങൾ ഈ സമ്മേളനത്തിലും ഉണ്ടായില്ല.

COP26, കാലാവസ്ഥവ്യതിയാന സമ്മേളനം

കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും നേരിടുന്നതിനു 2015ലെ പാരീസ് ഉച്ചകോടി ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തുവാനും, ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ പുതിയ തീരുമാനങ്ങളെടുക്കാനുമുള്ള COP 26 സമ്മേളനം ഒക്ടോബർ 31 ന് സ്കോട്ലന്റിലെ ഗ്ലാസ്ഗോയിൽ തുടങ്ങി. COP 26 ഭൂമിയെ രക്ഷിക്കാനുള്ള അവസാന അവസരമായാണ് വിവക്ഷിക്കപ്പെടുന്നത്. കഴിഞ്ഞവർഷം നടക്കേണ്ടിയിരുന്ന സമ്മേളനം കോവിഡ് വ്യാപനം മൂലം ഈ വർഷത്തേക്കു മാറ്റിവയ്ക്കുകയായിരുന്നു.

'കോൺഫ്രൻസ് ഓഫ് പാർട്ടീസ്'(COP) സമ്മേളനങ്ങൾ 1990കളുടെ മദ്ധ്യം മുതൽ ആരംഭിച്ച യുണൈറ്റഡ് നേഷൻസിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനങ്ങളാണ്. യൂണൈറ്റഡ് നേഷൻസ് ഫ്രെയിം വർക്ക് കൺവൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച് (UNFCCC United Nation Frame Work Convention On Climate Change) ന്റെ ചട്ടങ്ങൾക്കനുസരിച്ചാണ് COP നടക്കുന്നത്. COP1 നടന്നത് 1995ൽ ജർമനിയിലെ ബർലിനിലാണ്. COP3 നടന്നത് ജപ്പാനിലെ ക്വയോഡോയിലാണ് (Kyoto). COP സമ്മേളനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട

ഒരു സമ്മേളനമാണ് ക്വയോഡോയിൽ നടന്നത്. അവിടെ വച്ചാണ് ക്വയോട്ടോ പ്രോട്ടോക്കോൾ അംഗീകരിക്കപ്പെടുന്നത്. കാർബൺ ബഹിർഗമനത്തിന് നിയമപരമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ തുടക്കമിട്ടത് ഈ സമ്മേളനത്തിലാണ്.

COP സമ്മേളനത്തിലെ മറ്റൊരു പ്രധാനപ്പെട്ട സമ്മേളനം COP 21, പാരീസിൽ വച്ച് നടന്നതാണ്. 2015 നവംബർ 30 മുതൽ ഡിസംബർ 12 വരെയാണ് സമ്മേളനം നടന്നത്. പാരീസ് കാലാവസ്ഥ ഉടമ്പടി ഉണ്ടാകുന്നത് ഈ സമ്മേളനത്തിൽ വച്ചാണ്. 2020 മുതൽ നടപ്പാക്കേണ്ട കാർബൺ ബഹിർഗമന നിയന്ത്രണങ്ങൾ ഈ സമ്മേളനത്തിലുണ്ടായി.

2015ലെ പാരീസ് ഉടമ്പടി അനുസരിച്ച് ആഗോള താപനില 150 വർഷം മുൻപ് ഉണ്ടായിരുന്നതിനെക്കാൾ 2 ഡിഗ്രി സെൽഷ്യസിലും കൂടാതെ നോക്കണം. കഴിയുമെങ്കിൽ 1.5 ഡിഗ്രിയോ അതിലും താഴെയോ നിർത്താനാവണം. ഇപ്പോൾ തന്നെ വ്യവസായവൽക്കരണം ശക്തമായി തുടങ്ങിയ 150 വർഷം മുമ്പത്തെക്കാൽ 1.16 ഡിഗ്രി സെൽഷ്യസ് താപനില ഉയർന്നു കഴിഞ്ഞു. അന്തരീക്ഷ താപം 27.2ഡിഗ്രി സെൽഷ്യസിനു മുകളിലേക്കു പോയാൽ ലോകം നാശത്തിലേക്കു പോകുന്നതു തടയാൻ ആർക്കുമാവില്ല. അതോടെ ധ്രുവങ്ങളിലെ മഞ്ഞുരുകി സമുദ്രനിരപ്പുയരും, മരുവൽക്കരണം വ്യാപകമാകും.

പടിഞ്ഞാറൻ വികസന രാജ്യങ്ങൾ വർഷങ്ങൾക്കുമുമ്പ് കോപ്പൻഹേഗൻ സമ്മേളനത്തിൽ കാലാവസ്ഥാ സംരക്ഷണത്തിനായി 10,000 കോടി ഡോളർ മാറ്റിവയ്ക്കുമെന്ന് പ്രതിജ്ഞ ചെയ്തിരുന്നു. ശുദ്ധമായ അന്തരീക്ഷത്തിനായി ഈ തുക ഉപയോഗിക്കാം എന്നതായിരുന്നു ധാരണ. എന്നാൽ ഈ രാജ്യങ്ങൾ വാഗ്ദാനം ചെയ്തതു പോലെ ഈ തുക ഇതുവരെ ലഭ്യമാക്കിയിട്ടില്ല. നേരത്തെ നൽകിയ നടപ്പാക്കാത്ത വാഗ്ദാനങ്ങൾക്ക് പുറമെ ഇപ്പോൾ പുതിയൊരു വാഗ്ദാനവും വികസിത രാജ്യങ്ങൾ നടത്തുന്നുണ്ട്. 2050 ആകുമ്പോൾ 'നെറ്റ് സീറോ' എന്ന ലക്ഷ്യം

**കോപ്പൻഹേഗൻ സമ്മേളനത്തിൽ 10,000 കോടി ഡോളർ ശുദ്ധമായ അന്തരീക്ഷത്തിനായി നീക്കിവച്ചിരുന്നു. ഈ തുക ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇപ്പോൾ പുതിയൊരു വാഗ്ദാനവും വികസിത രാജ്യങ്ങൾ നടത്തുന്നുണ്ട്. 2050 ആകുമ്പോൾ 'നെറ്റ് സീറോ' എന്ന ലക്ഷ്യം നേടും എന്നാണ് വാഗ്ദാനം. കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നതിന്റെയും തിരിച്ച് അന്തരീക്ഷത്തിൽ നിന്ന് മാറ്റുന്നതിന്റെയും തോത് സമമാക്കുക എന്നതാണ് നെറ്റ് സീറോ.**

നേടും എന്നാണ് വാഗ്ദാനം. കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നതിന്റെയും തിരിച്ച് അന്തരീക്ഷത്തിൽ നിന്ന് മാറ്റുന്നതിന്റെയും തോത് സമമാക്കുക എന്നതാണ് നെറ്റ് സീറോ എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒക്ടോബർ 31ന് ഗ്ലാസ്ഗോയിൽ തുടങ്ങിയ COP 26 ഈ കുറിപ്പ് എഴുതുമ്പോൾ അത് മൂന്നു ദിവസം പിന്നിട്ടിട്ടേയുള്ളൂ. അവിടെ നിന്നും വരുന്ന ചില റിപ്പോർട്ടുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളും പ്രഖ്യാപനങ്ങളും നവംബർ 12–ഓടെ മാത്രമേ വ്യക്തമാകൂ. വന്ന റിപ്പോർട്ടുകളനുസരിച്ച് 2030–ഓടെ വനനശീകരണം ഇല്ലാതാകുമെന്ന് നൂറിലേറെ രാജ്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. വനസംരക്ഷണത്തിനും നശിച്ചുപോയ ഭാഗത്ത് വീണ്ടും മരങ്ങൾ നട്ടുപിടിപ്പിച്ച് പുതിയ വനം സൃഷ്ടിക്കുന്നതിനുമായി 1900 കോടി ഡോളർ മാറ്റിവയ്ക്കാൻ COP 26 ഉച്ചകോടി തീരുമാനിച്ചു. ലോകത്തെ

വനഭൂമിയുടെ 55% ഉൾക്കൊള്ളുന്ന ബ്രസീൽ, റഷ്യ, ഇന്തോനേഷ്യ, കോംഗോ റിപ്പബ്ലിക് തുടങ്ങിയ രാജ്യങ്ങൾ ഈ തീരുമാനത്തെ പിന്തുണച്ചിട്ടുണ്ട്.

2020–ൽ ലോകത്തിന് നഷ്ടമായത് 2,55,000 ച.കി.മീ. വനമാണ്. ഏതാണ്ട് ബ്രിട്ടനേക്കാൾ വലിപ്പമുള്ള പ്രദേശത്തെ വനങ്ങൾ നശിച്ചു. 2014–ലെ ന്യൂയോർക്ക് പ്രഖ്യാപനത്തിൽ 40 രാജ്യങ്ങൾ വനസംരക്ഷണം ഉറപ്പ് നൽകിയിരുന്നു.

അന്തരീക്ഷ വായുവിനെ പുറന്തള്ളുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന മിഥൈൻ വാതകം പുറന്തള്ളുന്നത് 2030–നകം 30 ശതമാനം കുറയ്ക്കുമെന്ന് കാലാവസ്ഥാ ഉച്ചകോടിയിൽ യുഎസും യൂറോപ്യൻ യൂണിയൻ ഉൾപ്പെടെ 90 രാജ്യങ്ങൾ ഉറപ്പ് നൽകിയിട്ടുണ്ട്. വ്യാവസായിക വിപ്ലവത്തിന് ശേഷം ആഗോള താപനം 30% കൂടിയത് മിഥൈൻ വാതകം മൂലമാണ്. മീഥൈന്റെ ബഹിർഗമനം കുറയ്ക്കുന്നത് അന്തരീക്ഷ താപനം നിയന്ത്രിക്കുന്നതിൽ പ്രധാന ഘടകമാണ്.

## പ്രതിഷേധങ്ങൾ

ഗ്ലാസ്ഗോ ഉച്ചകോടിയിൽ പങ്കെടുക്കാൻ ലോക നേതാക്കൾ എത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ യൂറോപ്പ്, അമേരിക്ക തുടങ്ങി 25ലധികം രാജ്യങ്ങളിലെ വിവിധ നഗരങ്ങളിൽ ധനസ്ഥാപനങ്ങൾക്ക് മുമ്പിൽ ആയിരക്കണക്കിന് പേർ തടിച്ചുകൂടി പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി. ബാർ ഫ്ളേക്സ്, സ്റ്റാൻഡേർഡ് ചാർടേഡ്, ലോയ്ഡ്സ്, ബാങ്ക് ഓഫ് ഇംഗ്ലണ്ട് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾക്ക് മുമ്പിൽ പ്രകടനങ്ങൾ നടന്നു. ലണ്ടനിൽ നടന്ന പ്രകടനത്തിൽ സ്വീഡിഷ് പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ ട്യൂൺബർഗ് പങ്കെടുത്തു. ലോകനേതാക്കൾ വാഗ്ദാനങ്ങൾ നൽകുക മാത്രം ചെയ്യാതെ അവ നടപ്പാക്കാൻ നടപടി എടുക്കണമെന്ന് സമരക്കാർ ആവശ്യപ്പെട്ടു.

കാലാവസ്ഥ ഉച്ചകോടിയിൽ സംസാരിച്ച ഇന്ത്യൻ വിദ്യാർഥിനി വിനിഷ ഉമാശങ്കറിന്റെ ശബ്ദം പ്രതിഷേധത്തിന്റേതും രോഷത്തിന്റേതുമായി മാറി. തന്റെ തലമുറയ്ക്ക് ലോക നേതാക്കൾ ഇതുവരെ നൽകിയ പൊള്ളയായ വാഗ്ദാനങ്ങളിൽ അസംതൃപ്തിയും രോഷവും രേഖപ്പെടുത്തുകയാണെന്ന് വിനിഷ പ്രസംഗത്തിൽ പറഞ്ഞു. പ്രഖ്യാപനങ്ങൾ നിർത്തി എല്ലാ നേതാക്കളും പ്രവർത്തിക്കാൻ തുടങ്ങണമെന്ന അഭ്യർഥനയോടെയാണ് വിനിഷ COP 26 വേദിയിൽ സംസാരിച്ചു തുടങ്ങിയത്.

## മുതലാളിത്തത്തിന് ബദലായ മാതൃക വികസിപ്പിക്കണം

ബൊളീവിയൻ പ്രസിഡന്റ് ലൂയിസ് അർസെ COP 26 വേദിയിൽ നടത്തിയ പ്രസംഗമാണ് ഏറ്റവും ശ്രദ്ധേയം. അദ്ദേഹം പറഞ്ഞത് നമ്മുടെ ഇപ്പോഴത്തെ സംസ്കാരം തന്നെ മാറി, മുതലാളിത്തത്തിന് ബദലായ ഒരു മാതൃക തന്നെ വികസിപ്പിക്കണം, ഭൂമി മാതാവിനോടു ചേർന്ന് സമന്വയിപ്പിച്ച് ജീവിക്കുന്ന ഒരു രീതിയുണ്ടാകണം എന്നാണ്. ഗ്രീൻ ക്യാപ്പിറ്റലിസവും അന്തർദേശീയ കാർബൺ മാർക്കറ്റും വികസിപ്പിച്ച് ഇപ്പോൾ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. വികസിത രാജ്യങ്ങൾ ഈ വിഷയത്തിന്റെ ഗൗരവം മനസിലാക്കി ഇടപെടാതെ സമയം പാഴാക്കി തീരുമാനങ്ങൾ നടപ്പാക്കുന്നത് ദീർഘിപ്പിച്ചു കൊണ്ടുപോകുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ മറ ഉപയോഗിച്ച് ഒരു പുതിയ തരം കോളനിവൽക്കരണമാണ് വികസിത രാജ്യങ്ങൾ നടപ്പാക്കുന്നത്. അതിന് 'കാർബൺ കൊളോണിയലിസം' എന്ന് വിളിക്കാവുന്നതാണ്. ഇപ്പോഴത്തെ തലമുറ കാലാവസ്ഥാ വ്യതിയാനം വേണ്ടവിധം കൈകാര്യം ചെയ്യില്ലെങ്കിൽ വരുംതലമുറകൾക്ക് ഇത് കൈകാര്യം ചെയ്യാനാവാത്ത സ്ഥിതിയുണ്ടാകുമെന്നും ലൂയിസ് അർസെ പറഞ്ഞു.

മനുഷ്യരാശിയുടെ നിലനിൽപ് ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുമ്പോഴും മുതലാളിത്തം പ്രകൃതിയേയും മനുഷ്യനേയും അനുസ്യൂതം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് യഥാർഥ പ്രശ്നം. അതവസാനിപ്പിക്കാതെ കാലാവസ്ഥാ വ്യതിയാനത്തിന് പരിഹാരം കാണാൻ കഴിയില്ല. ●

ആശംസകളോടെ

# മെഴുവേലി സർവീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 2570

ഉള്ളന്നൂർ : Phone : 04682287477)

Branches : ഇലവുംതിട്ട (04682257215), ആലക്കോട് (04682289488)

email : mazhuveliscb2570@gmail.com

ജില്ലയിലെ പ്രമുഖ ക്ലാസ് I സഹകരണ ബാങ്ക്

- 75 വർഷത്തെ സേവന പാരമ്പര്യം
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- നിക്ഷേപങ്ങൾക്കും വായ്പകൾക്കും ഇൻഷുറൻസ് പരിരക്ഷ
- കുറഞ്ഞ പലിശനിരക്കിൽ വൈവിധ്യമാർന്ന വായ്പാ പദ്ധതികൾ
- കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം കാർഷിക വായ്പകൾ
- മിതമായ നിരക്കിൽ സ്വർണ്ണപണയ വായ്പ
- കുടുംബശ്രീ • എസ്എച്ച്ജി വായ്പകൾ
- 10 ലക്ഷം വരെ സലയുള്ള ചിട്ടികൾ
- നീതി മെഡിക്കൽ സ്റ്റോർ ഇലവുംതിട്ടയിൽ
- കൺസ്യൂമർ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ഫിഷ്മാർട്ട്, വളം ഡിപ്പോ
- NEFT/RTGS സൗകര്യം
- വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ
- മലബാർ സിമന്റ്സിന്റെ അംഗീകൃത ഏജൻസി

ടി.കെ. ജനാർദനൻ (പ്രസിഡന്റ്)
Ph: 9847742159

ബിജി പുഷ്പൻ (സെക്രട്ടറി)
Ph : 9496272960

# നോട്ട് നിരോധനം നടപ്പാക്കിയിട്ട് 5 വർഷം പൂർത്തിയായി കറൻസി ഉപയോഗം ഉയർന്നുതന്നെ

**നിലവിലെ കറൻസിമൂല്യം 28.30 ലക്ഷം കോടി**

നോട്ട് നിരോധനം നടപ്പാക്കിയിട്ട് 5 വർഷം പൂർത്തിയാകുമ്പോഴും രാജ്യത്ത് കറൻസി ഉപയോഗം ഉയർന്നുതന്നെ. കറൻസി ഉപയോഗം കുറച്ചുകൊണ്ട് ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങളിലേക്കു മാറുകയെന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നു 2016 നവംബർ 8ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രഖ്യാപനത്തിന്. 5 വർഷം കഴിയുമ്പോൾ പൊതുജനങ്ങളുടെ പക്കലുള്ള കറൻസിയുടെ ആകെ മൂല്യത്തിൽ 57.48 % വർധനയുണ്ടായെന്നാണ് റിസർവ് ബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഒക്ടോബർ 8 വരെയുള്ള കണക്കു പ്രകാരം പൊതുജനങ്ങൾ തമ്മിൽ വിനിമയം ചെയ്യുന്ന കറൻസിയുടെ മൂല്യം 28.30 ലക്ഷം കോടി രൂപയാണ്. നോട്ട് നിരോധനം നടന്ന 2016 നവംബർ ആദ്യ വാരം ഇത് 17.97 ലക്ഷം കോടി രൂപയായിരുന്നു. 2016 നവംബറിലാണ് 1000, 500 രൂപ നോട്ടുകൾ സർക്കാർ നിരോധിച്ചത്. തുടർന്നു ജനങ്ങളുടെ പക്കലുള്ള കറൻസികളുടെ മൂല്യം 2017 ജനുവരിയിൽ 7.8 ലക്ഷം കോടിയായി കുറഞ്ഞിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ ഇതു കുതിച്ചുകയറി. യുപിഐ (യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫെയ്സ്) അടക്കമുള്ള ഡിജിറ്റൽ പേയ്മെന്റുകൾ ശക്തി പ്രാപിച്ചെങ്കിലും കോവിഡ് ലോക്ഡൌൺ മൂലം ആളുകൾ കറൻസി കൈവശം സൂക്ഷിക്കുന്ന രീതിയിലേക്കു മടങ്ങിയെന്നാണു വിലയിരുത്തൽ.




ജനങ്ങളുടെ കൈവശമുള്ള കറൻസി മൂല്യം
2016 നവംബർ
17.97 ലക്ഷം കോടി
2021 ഒക്ടോബർ
28.30 ലക്ഷം കോടി

# ഭൂമിക്കായി ശബ്ദമുയർത്തി പരിസ്ഥിതി പ്രക്ഷോഭകർ

ഐക്യരാഷ്ട്ര സംഘടനയുടെ കാലാവസ്ഥാ ഉച്ചകോടി ഒരാഴ്ച പിന്നിടുമ്പോൾ, പ്രതിഷേധം ശക്തമാക്കി യുവപരിസ്ഥിതിപ്രക്ഷോഭകർ. പ്രതിഷേധത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നായി പതിനായിരങ്ങൾ പങ്കെടുക്കുന്നു. ഉച്ചകോടി പരാജയമാണെന്നും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ലോകനേതാക്കൾ കാട്ടുന്ന വ്യഗ്രത അഭിനയമാണെന്നും പ്രക്ഷോഭകർ മുദ്രാവാക്യമുയർത്തി.ഫ്രൈഡേസ് ഫോർ ഫ്യൂച്ചർ എന്ന ആഗോളപരിസ്ഥിതിപോരാട്ട സംഘടനയുടെ നേതൃത്വത്തിലാണ് പ്രതിഷേധം. ഉച്ചകോടി ലോകനേതാക്കൾക്കുവേണ്ടിയുള്ള പ്രചാരണവേദി മാത്രമാണെന്ന് സ്വീഡിഷ് യുവ പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ ത്യൂൺബർഗ് പറഞ്ഞു. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് എത്രയും വേഗം കൽക്കരി ഊർജത്തിൽ നിന്ന് പിന്മാറുമെന്ന് 40 രാജ്യം ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. അമേരിക്ക, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങൾ സമയം ആവശ്യപ്പെട്ട് കരാറിൽനിന്ന് വിട്ടുനിന്നു.



സാമ്പത്തികം

## 8 വർഷം കൊണ്ട് 8 കോടി ദരിദ്രർ

# കോവിഡിനുമുമ്പേ ദാരിദ്ര്യം പെരുകി

കോവിഡിനുമുമ്പുള്ള എട്ട് വർഷത്തിൽ രാജ്യത്ത് ദരിദ്രരുടെ എണ്ണത്തിൽ എട്ടുകോടിയോളം വർധന. അതിസമ്പന്നരുടെ എണ്ണത്തിൽ കുതിപ്പുണ്ടാകുമ്പോഴാണ് ദാരിദ്ര്യവും പെരുകുന്നത്. ഇത്രയും കുത്തനെ ദാരിദ്ര്യം വളർന്നത് രാജ്യചരിത്രത്തിൽ ആദ്യം. 2012 മുതൽ 2020 ജൂൺവരെ ദരിദ്രരുടെ എണ്ണം 7.6 കോടി വർധിച്ചെന്നാണ് റിപ്പോർട്ട്. കാർഷികമേഖലയിലെ വരുമാനക്കുറവ്, നോട്ട് നിരോധനം, തൊഴിലില്ലായ്മ എന്നിവ ദാരിദ്ര്യം പെരുകാൻ പ്രധാന കാരണമായി.

നോട്ട് നിരോധനം ഇന്ത്യയിലെ അനൗപചാരിക മേഖലയെ തകർത്തു. ദശലക്ഷങ്ങൾ തൊഴിൽരഹിതരായി. ജർമനിയിലെ ബോൺ ആസ്ഥാനമായ ഐഇസഡ്എ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ഇക്കണോമിക്സിലെ ഗവേഷകൻ സന്തോഷ് മെഹ്റോത്രയുടെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ടാണ് പുറത്തുവന്നത്.

രാജ്യത്തെ ദാരിദ്ര്യത്തിന്റെ കണക്ക് മോദിസർക്കാർ ഔദ്യോഗികമായി പുറത്തുവിടുന്നില്ല. കേന്ദ്ര സ്ഥിതിവിവര മന്ത്രാലയം 2017–18ലെ ലേബർ സർവേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം. ഇതിൽ ഉപഭോക്തൃ ചെലവ് വിവരങ്ങൾ മറച്ചുവച്ചു. ഇതേ



**2012 മുതൽ 2020 ജൂൺവരെ ദരിദ്രരുടെ എണ്ണം 7.6 കോടി വർധിച്ചു**

ത്തുടർന്ന്, സിഎംഐഇ (സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കണോമി) തയ്യാറാക്കിയ കുടുംബങ്ങളുടെ ഉപഭോക്തൃ ചെലവ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മെഹ്റോത്രയും സഹപ്രവർത്തകരും ദാരിദ്ര്യക്കണക്ക് തിട്ടപ്പെടുത്തിയത്.

ബിപിഎൽ നിർണയിക്കാൻ രാജ്യത്തിന്റെ ഔദ്യോഗിക മാനദണ്ഡം തയ്യാറാക്കിയ ടെണ്ടുൽക്കർ കമ്മിറ്റി നിർദേശങ്ങൾ അനുസരിച്ചാണ് ദാരിദ്ര്യരേഖ നിർണയിച്ചത്. ഓരോ വർഷവും ദശലക്ഷങ്ങൾ കാർഷികവൃത്തി ഉപേക്ഷിച്ചു. കൃഷി ആദായകരമല്ലാതായതാണ് കാരണം. എന്നാൽ, 2012നുശേഷം പ്രതിവർഷം പുതുതായി ഉണ്ടാകുന്ന കാർഷികേതര തൊഴിലുകളുടെ എണ്ണം ശരാശരി 29 ലക്ഷമായി ഇടിഞ്ഞു. ജോലിയുള്ളവരുടെ യഥാർഥ വരുമാനം കുറഞ്ഞു. തൊഴിലില്ലായ്മ 2011–2012ന് ശേഷമുള്ള ആറ് വർഷത്തിൽ മൂന്നിരട്ടിയായി. പിന്നാലെ നോട്ട് നിരോധനവും വന്നതോടെ ആഘാതം ഇരട്ടിച്ചു. ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തിയവരിൽ 6.6 കോടിയും ഗ്രാമീണമേഖലയിലാണ്. നിർമാണ മേഖലയിലെ തളർച്ചയാണ് നഗരങ്ങളിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും സൃഷ്ടിക്കുന്ന പ്രധാന ഘടകം.

## പഞ്ചായത്തുകളുടെ സ്വത്ത് വിൽപ്പനാ നിർദേശം

# കേന്ദ്രലക്ഷ്യം ഗ്രാന്റ് റദ്ദാക്കലും സ്വകാര്യവൽക്കരണവും

പഞ്ചായത്തുകൾ സ്വന്തം ആസ്തി സ്വകാര്യമേഖലയ്ക്ക് വിറ്റഴിച്ച് വിഭവസമാഹരണം നടത്തണമെന്ന കേന്ദ്ര നിർദേശം ഗ്രാന്റ് നിർത്തലാക്കാനും സ്വകാര്യവൽക്കരണവും ലക്ഷ്യമിട്ട്.

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം സംസ്ഥാനങ്ങൾക്കയച്ച കത്തിലാണ് ആസ്തി വിറ്റഴിക്കൽ നിർദേശം. നിതി ആയോഗ് തയ്യാറാക്കിയ നാഷണൽ മോണിറ്റൈസേഷൻ പൈപ്ലൈനിന്റെ (എൻഎംപി) തുടർച്ചയാണിത്. പൊതുമേഖലാ സ്ഥാപനങ്ങളും റെയിൽവേയും വിമാനത്താവളങ്ങളുമുൾപ്പെടെ ആറ് ലക്ഷം കോടിയുടെ ആസ്തി വിറ്റഴിക്കുന്നതിന്റെ തുടർച്ചയാണ് പഞ്ചായത്തുകളുടെ ആസ്തി വിൽപ്പനാനിർദേശവും.

**റെയിൽവേയും വിമാനത്താവളങ്ങളുമുൾപ്പെടെ ആറ് ലക്ഷം കോടിയുടെ ആസ്തി വിറ്റഴിക്കുന്നതിന്റെ തുടർച്ചയാണ് പഞ്ചായത്തുകളുടെ ആസ്തി വിൽപ്പനാനിർദേശവും.**




ഗ്രാമസഭകളെ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായെന്നുള്ള കുറിപ്പോടെ കേന്ദ്ര സെക്രട്ടറി അയച്ച സർക്കുലറിൽ ഗ്രാമസഭകൾക്കുള്ള അജൻഡകളിലൊന്നായാണ് ആസ്തികൾ വിൽക്കാനുള്ള ആവശ്യം. പഞ്ചായത്തിന്റെ കീഴിലുള്ള കളിസ്ഥലം, ഷോപ്പിങ് കോംപ്ലക്സുകൾ, ആശുപത്രികൾ, മറ്റ് ആസ്തികൾ എന്നിവ സ്വകാര്യമേഖലയ്ക്ക് കൈമാറിയാണ് വിഭവ സമാഹരണം നടത്തേണ്ടത്. ഉടമസ്ഥാവകാശം കൈമാറാതെ കരാർ വ്യവസ്ഥയിൽ നടത്തിപ്പ് സ്വകാര്യമേഖലയ്ക്ക് കൈമാറി അടിസ്ഥാന സൗകര്യ വികസന ഫണ്ട് കണ്ടെത്തണമെന്നാണ് നിതി ആയോഗിന്റെ മാർഗരേഖയും പറയുന്നത്.

തനത് ഫണ്ടിനും സംസ്ഥാന ബജറ്റ് വിഹിതത്തിനുമൊപ്പം കേന്ദ്ര ധനകമീഷൻ ഗ്രാന്റുകളെ ആശ്രയിച്ചാണ് പഞ്ചായത്തുകളുടെ പ്രവർത്തനം.

ഭാവിയിൽ കേന്ദ്ര ഫണ്ട് ഇല്ലാതാക്കുമെന്ന സൂചന കൂടിയാണിത്. സർക്കാർ നിയന്ത്രണവും പൊതു ഉടമസ്ഥതയ്ക്കും പകരം എല്ലാ സ്വകാര്യമേഖലയ്ക്ക് തീറെഴുതുക എന്ന നയത്തിന്റെ ഭാഗമാണ് പുതിയ നിർദേശവും.

കേന്ദ്ര സർക്കാരിന്റെ വിവാദ നിർദേശം പിൻവലിക്കണമെന്ന് കേരള തദ്ദേശമന്ത്രി എം വി ഗോവിന്ദൻ ആവശ്യപ്പെട്ടിട്ടുണ്ട്. കോർപറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ രാജ്യത്തിന്റെ ഹൃദയങ്ങളായ ഗ്രാമപഞ്ചായത്തുകളെ ഇല്ലാതാക്കാൻ അനുവദിക്കില്ലെന്നും കേരളം വ്യക്തമാക്കി. ●

# തൊഴിലുറപ്പ് പ്രതിസന്ധിയിൽ

കേന്ദ്രം മതിയായ ഫണ്ട് അനുവദിക്കാത്തതിനെ തുടർന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കടുത്ത പ്രതിസന്ധിയിൽ. സാമ്പത്തികവർഷത്തിന്റെ പകുതി പിന്നിട്ടപ്പോൾത്തന്നെ കേന്ദ്രബജറ്റ് വിഹിതം തീർന്നു. 21 സംസ്ഥാനവും കേന്ദ്രവിഹിതത്തിന്റെ 100 ശതമാനത്തിലേറെ പദ്ധതിക്കായി ചെലവിട്ടു. 2020–21ൽ 1.11 ലക്ഷം കോടി രൂപ ചെലവിട്ടു. ഈ സാമ്പത്തികവർഷം 73,000 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ നീക്കിവച്ചത്.

രാജ്യവ്യാപക അടച്ചുപൂട്ടൽ കഴിഞ്ഞതിനാൽ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യക്കാർ ഉണ്ടാകില്ലെന്ന് വാദിച്ചാണ് കേന്ദ്രം ബജറ്റ് വിഹിതം കുറച്ചത്. എന്നാൽ, ഗ്രാമീണമേഖലയിൽ കടുത്ത സാമ്പത്തിക, തൊഴിൽപ്രതിസന്ധി തുടരുകയാണെന്നും തൊഴിലുറപ്പ് പദ്ധതി കൂടുതൽ വിപുലമായി നടപ്പാക്കണമെന്നും സിപിഐ എം അടക്കമുള്ള കക്ഷികൾ തുടർച്ചയായി ആവശ്യപ്പെട്ടിരുന്നു. ഗ്രാമീണ മേഖലയിൽ പ്രതിവർഷം 100 തൊഴിൽദിനം നൽകാനാണ് തൊഴിലുറപ്പ് പദ്ധതി.കഴിഞ്ഞ ദിവസത്തെ കണക്കുപ്രകാരം 28 സംസ്ഥാനത്തും ഏഴ് കേന്ദ്ര ഭരണ പ്രദേശത്തുമായി 79,810 കോടി രൂപ പദ്ധതിക്ക് ചെലവിട്ടു.

കേരളമടക്കം പല സംസ്ഥാനങ്ങളും കേന്ദ്രം അനുവദിച്ചതിനേക്കാൾ തുക വിനിയോഗിച്ചു. തമിഴ്നാട് 139.3 ശതമാനവും ആന്ധ്രപ്രദേശ് 137 ശതമാനവും ഹിമാചൽ പ്രദേശ് 135.2 ശതമാനവും കേരളം 127.1 ശതമാനവും ചെലവിട്ടു. നൽകിയ ജോലിയുടെ കൂലിയും ഉപയോഗിച്ച സാമഗ്രികളുടെ വിലയും സംസ്ഥാനങ്ങൾ നൽകേണ്ട സ്ഥിതിയാണ്. അല്ലാത്തപക്ഷം കേന്ദ്രം അധികവിഹിതം അനുവദിക്കണം. രാജ്യത്ത് 2019നെ അപേക്ഷിച്ച് 2020ൽ കർഷക കർഷകത്തൊഴിലാളികളുടെ ആത്മഹത്യ 18 ശതമാനവും കൂലിപ്പണിക്കാരുടെ ആത്മഹത്യ 15.67 ശതമാനവും വർധിച്ചതായി ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.



നിതി ആയോഗ് റിപ്പോർട്ട്

# 40 കോടി പേർക്ക് ആരോഗ്യപരിരക്ഷയില്ല

**സാമ്പത്തികം**

രാജ്യത്തെ 40 കോടിയോളം പേർക്ക് ആരോഗ്യപരിരക്ഷയ്ക്ക് ഒരു സഹായവും ലഭിക്കുന്നില്ലെന്ന് നിതി ആയോഗ് റിപ്പോർട്ട്. രാജ്യത്തെ മൂന്നിൽ രണ്ടുപേരും ആശ്രയിക്കുന്നത് സ്വകാര്യആശുപത്രികളെയാണ്. ആരോഗ്യഇൻഷുറൻസ് ഇല്ലാത്തവർ വൻതോതിൽ പണം ചെലവിടണം. പല കുടുംബവും തകരാൻ ഇതിടയാക്കുന്നുവെന്നും 'ഹെൽത്ത് ഇൻഷുറൻസ് ഫോർ ഇന്ത്യാസ് മിസിങ് മിഡിൽ' എന്ന റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നു.

എഴുപത് കോടിയോളം പേർ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ആരോഗ്യഇൻഷുറൻസ് പദ്ധതി ഗുണഭോക്താക്കളാണ്. 25 കോടിയോളം പേർ സാമൂഹികസുരക്ഷ പദ്ധതികളിലും സ്വകാര്യ ഇൻഷുറൻസ് പദ്ധതികളിലുമായുണ്ട്. ജനസംഖ്യയുടെ 30 ശതമാനം വരുന്ന ബാക്കി 40 കോടി പേർ ഇതിനെല്ലാം പുറത്ത്. ഗ്രാമങ്ങളിൽ കാർഷികകാർഷികേതര മേഖലകളിൽ സ്വയംതൊഴിലെടുക്കുന്നവരും നഗരങ്ങളിൽ അസംഘടിത മേഖലകളിൽ പണിയെടുക്കുന്നവരുമാണ് ഇവരിൽ ഏറിയപങ്കും.

ഉയർന്ന പ്രീമിയം അടയ്ക്കേണ്ട ഹെൽത്ത് ഇൻഷുറൻസ് പദ്ധതികളിൽ ചേരാൻ ഇവർക്ക് ശേഷിയില്ല. ഇവർക്കായി പ്രധാൻമന്ത്രി ജൻആരോഗ്യ യോജന(പിഎംജെഎവൈ) പുതിയ സംവിധാനം നടപ്പാക്കണമെന്നും നിർദേശിക്കുന്നു. കുടുംബങ്ങൾ ആയിരക്കണക്കിനു രൂപ




പ്രീമിയം അടയ്ക്കേണ്ടിവരുന്ന ആരോഗ്യ സഞ്ജീവനി പദ്ധതിയാണ് മുന്നോട്ടുവയ്ക്കുന്നത്.

ആരോഗ്യമേഖലയിൽനിന്ന് കേന്ദ്രം കൂടുതൽ പിന്മാറുമെന്ന് സൂചിപ്പിക്കുന്ന റിപ്പോർട്ടാണിത്. ചികിത്സാസൗകര്യം വർധിപ്പിക്കാൻ പൊതുനിക്ഷേപം ഉണ്ടാകില്ല. ആരോഗ്യപരിരക്ഷ വേണമെങ്കിൽ ഇൻഷുറൻസ് എടുക്കണം. ഈ നയം കൂടുതൽ തീവ്രമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് റിപ്പോർട്ടിൽ വ്യക്തം.

# ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് സഹകരണ സംഘം

## ക്ലിപ്തം നമ്പർ ക്യൂ. 232

ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബാങ്ക്

പവർ ഹൗസ്, കൊല്ലം,
ഫോൺ : 0474 2744935

email : ebecskollam@gmail.com

ബ്രാഞ്ച് : കൊട്ടാരക്കര, ഫോൺ : 0474 2451711

- സ്ഥിരം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു
- പലിശ ദേശസാൽകൃത ബാങ്കുകളേക്കാൾ ഉയർന്ന നിരക്ക്
- പുതിയ ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീമുകൾ (ചിട്ടി) എല്ലാ മാസവും
- വായ്പ തിരിച്ചടവിന് EMI സൗകര്യം
- 5 ലക്ഷം രൂപാ വരെയുള്ള വായ്പകൾ ഉടൻ അനുവദിക്കുന്നു.

## പലിശ നിരക്ക്

| | | | |
|---|---|---|---|
| സാധാരണ വായ്പ | 10.5% | 25,00,000 | രൂപ വരെ |
| ഭവന നവീകരണ വായ്പ | 10% | 25,00,000 | രൂപ വരെ |
| സുഗമ വായ്പ | 10.5 % | 3,00,000 | രൂപ വരെ |
| മെഡിക്കൽ വായ്പ | 8% | 3,00,000 | രൂപ വരെ |
| വ്യക്തിഗത വായ്പ | 10.5% | 2,00,000 | രൂപ വരെ |
| ഫെസ്റ്റിവൽ വായ്പ | 10.5% | 1,00,000 | രൂപ വരെ |
| വിദ്യാഭ്യാസ വായ്പ | 9.5% | 1,00,000 | രൂപ വരെ |
| കമ്പ്യൂട്ടർ വായ്പ | 10.5% | 50,000 | രൂപ വരെ |
| എമർജൻസി വായ്പ | 11% | 1,00,000 | രൂപ വരെ |
| ഹയർ പർച്ചേസ് വായ്പ | 10% | 5,00,00 | രൂപ വരെ |
| മംഗല്യ വായ്പ | 9% | 5,00,000 | രൂപ വരെ |

പ്രസിഡന്റ്
സാബു ജി

സെക്രട്ടറി
മനോജ് എ.എസ്

# തൊഴിലാളിവർഗ ചരിത്രത്തിൽ പണിമുടക്കിന്റെ ആവിർഭാവം



എൻ.പത്മലോചനൻ

**1905ലെ വിപ്ലവം പൊതുപണിമുടക്കിന്റെ അനന്തമായ സാധ്യതകൾ വ്യക്തമാക്കി. തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ അജണ്ടയിൽ പണിമുടക്കെന്ന രാഷ്ട്രീയ ആയുധം പ്രഥമ സ്ഥാനമാണ് നേടിയത്.പണിമുടക്കങ്ങൾ വഴി ഒട്ടേറെ സാമ്പത്തിക രാഷ്ട്രീയ നേട്ടങ്ങൾ തൊഴിലാളിവർഗം കൈവരിച്ചിട്ടുണ്ട്. പ്രത്യയശാസ്ത്രപരമായി മുന്നോട്ടു പോകുന്നതിനും പണിമുടക്കങ്ങൾ അവസരമൊരുക്കി.**



1905ലെ റഷ്യൻ വിപ്ലവം, പൊതു പണിമുടക്ക് സംബന്ധിച്ച സങ്കീർണമായ പ്രശ്നങ്ങൾക്ക് അടിസ്ഥാനപരമായി വ്യക്തത വരുത്തി. തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ ഇതൊരു തർക്കവിഷയമായിരുന്നു. 1905ലെ വിപ്ലവം ഒരു മിന്നൽപ്പിണർ പോലെ പൊതു പണിമുടക്കിന്റെ അനന്തമായ സാധ്യതകൾ വ്യക്തമാക്കി. ഒരു വിപ്ലവപരിതസ്ഥിതിയിൽ പ്രത്യേകിച്ചും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ അജണ്ടയിൽ ഈ രാഷ്ട്രീയ ആയുധം പ്രഥമ സ്ഥാനം നേടി.

തൊഴിലാളികൾ ആദ്യമായി സംഘടിക്കാൻ തുടങ്ങിയപ്പോൾ തന്നെ അവരുടെ സാമ്പത്തിക ശക്തി ബോധ്യപ്പെടുകയും പണിമുടക്കിലൂടെ തൊഴിലുടമകളിൽ നിന്നും ആനുകൂല്യങ്ങൾ പിടിച്ചു വാങ്ങുകയും ചെയ്തു. തൊഴിലാളി വർഗത്തിന്റെ അതിപ്രധാനമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ പണിമുടക്കിന്റെ പ്രാധാന്യം അവർ മനസിലാക്കി. തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി പ്രത്യയശാസ്ത്രപരമായി മുന്നോട്ടു പോകുന്നതിന് പണിമുടക്കങ്ങൾ അനായാസം അവസരമൊരുക്കി.

ട്രേഡ് യൂണിയനിസത്തിന്റെ ഈറ്റില്ലമായ ഇംഗ്ലണ്ടിൽ 1932ൽ തന്നെ ചെരുപ്പ് നിർമ്മാണ തൊഴിലാളി യൂണിയൻ നേതാവായ വില്യം വെൻബോ 'മഹത്തായ ദേശീയ പൊതുഒഴിവും, ഉൽപ്പാദക വർഗങ്ങളുടെ സമ്മേളനവും' എന്ന തന്റെ ലഘുലേഖയിൽ ഒരുമാസത്തെ പൊതു അവധി, അഥവാ പൊതുപണിമുടക്ക് എന്ന ആശയം അവതരിപ്പിച്ചിരുന്നു. 1930കളിൽ ചാർ

ട്ടിസ്റ്റ് പ്രസ്ഥാനത്തിൽ ഈ ആശയം വലിയ പങ്ക് വഹിച്ചു. 1930കളിൽ അമേരിക്കയിൽ ഉണ്ടായ വമ്പിച്ച മുന്നേറ്റങ്ങളിലും പണിമുടക്കം എന്ന ആശയം പ്രധാന ഘടകമായിരുന്നു. 1935ലെ ഫിലാഡെൽഫിയാ പൊതുപണിമുടക്ക് ഇതിന്റെ ഉദാഹരണമാണ്.

ഓരോ പ്രദേശത്തും സ്ഥാപനങ്ങളിൽ പണിമുടക്കി. ക്രമേണ അവർ ദേശീയമായി ഒരേ തൊഴിലിൽ അഥവാ വ്യവസായത്തിൽ പണിമുടക്കി. തുടർന്ന് ഖനി തൊഴിലാളികൾ, റെയിൽവേ തൊഴിലാളികൾ, ടെക്സ്റ്റൈൽ തൊഴിലാളികൾ, നാവിക തൊഴിലാളികൾ തുടങ്ങി വിവിധ വിഭാഗങ്ങൾ ദേശവ്യാപകമായി പണിമുടക്ക് നടത്തി.

ഒന്നാം ഇന്റർനാഷണലിന്റെ കാലത്ത് (1864–76) ബുക്കിനിസ്റ്റ് അരാജകവാദികൾ എല്ലാ പ്രശ്നങ്ങൾക്കുമുള്ള മൗലികമായ ഒറ്റമൂലി എന്ന നിലയിൽ പണിമുടക്കിനെ ഉപയോഗപ്പെടുത്തി. പ്രധാനമായും സ്പെയിനിലും ഇറ്റലിയിലും തങ്ങളുടെ മുദ്രാവാക്യത്തിന്റെ സാക്ഷാത്കാരത്തിനായി പല സന്ദർഭത്തിലും അവർ ഒരു കരുവായി ഉപയോഗിച്ചിരുന്നു. അവരുടെ പ്രത്യയശാസ്ത്രത്തിന്റെയും പരിപാടിയുടെയും ആകെ കേന്ദ്ര ബിന്ദുവായി പൊതുപണിമുടക്കിനെ അവതരിപ്പിച്ചു.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി പൊതുപണിമുടക്കിനായുള്ള അരാജകവാദികളുടെയും അനാർക്കോസിൻഡിക്കലിസ്റ്റുകളുടെയും പ്രചരണ കോലാഹലങ്ങളെ 'മാർക്സിസ്റ്റുകൾ' എതിർത്തു. ഒരു പണിമുടക്ക് വിജയകരമായി നടത്തണമെങ്കിൽ അതു നയിക്കാൻ പറ്റിയ സുദൃഢമായ സംഘടനയും പക്വമായ സാഹചര്യവും വ്യക്തമായ ദിശാബോധവും തൊഴിലാളികൾക്കിടയിൽ ഉണ്ടാകണമെന്ന് മാർക്സിസ്റ്റുകൾക്ക് ബോധ്യമായിരുന്നു.

1873ൽ 'ഡെൽവേൾക്സ്റ്റാറ്റ്'' മാസികയിൽ സ്വയം ഭൂവായി ഉയർന്നുവരുന്ന പൊതുപണിമുടക്കിനോടുള്ള ബുക്കിനിസ്റ്റ് അരാജകവാദികളുടെ ആശ്രിതത്വത്തെ എതിർത്തുകൊണ്ട് ''ഏംഗൽസ്'' ഒരു വിശകലനം നടത്തിയിരുന്നു. അദ്ദേഹം പറഞ്ഞു 'ഇത്തരം ഒരു പണിമുടക്കിനായി തൊഴിലാളിവർഗത്തിന്റെ സമ്പൂർണമായ സംഘടനയും സമസ്ത വിഭവങ്ങളും ആവശ്യമാണ്.'' ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിന്നും തൊഴിലാളിവർഗത്തെ പിന്തിരിപ്പിക്കാൻ പിന്തിരിപ്പൻ സർക്കാരുകൾ 'ശ്രമിക്കുമെന്നും' അദ്ദേഹം അഭിപ്രായപ്പെട്ടു. 'തങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള മാർഗമെന്ന നിലയിൽ പൊതുപണിമുടക്കിനെ കരുതേണ്ട ആവശ്യമില്ല' എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പൊതുപണിമുടക്കിനോടുള്ള തങ്ങളുടെ എതിർപ്പിനെ ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് നേതാവ് 'അവേർ' ഒറ്റ വാക്യത്തിൽ ഇങ്ങനെ പ്രകടിപ്പിച്ചു – പൊതുപണിമുടക്കമെന്നാൽ 'പൊതു അസംബന്ധം' എന്നാണ്.

'എംഗൽസും' – പൊതുപണിമുടക്കവും സംബന്ധിച്ച് വിഷയത്തെ കുറിച്ച് 'സ്റ്റാലിൻ' ഇങ്ങനെ പറയുന്നു 'എംഗൽസിന്റെ വിമർശനം പൊതുപണിമുടക്കവുമായി പൊതുവേ ബന്ധപ്പെട്ടായിരുന്നില്ല എന്നും മറിച്ച് തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയ സമരങ്ങൾക്ക് പകരമായി പൊതുപണിമുടക്കിനെ കണക്കാക്കിയ അരാജകവാദികളുടെ കേവലം വ്യവസായികാടിസ്ഥാനത്തിലുള്ളതോ, ശുദ്ധ സാമ്പത്തികം മാത്രമോ ആയ പണിമുടക്കുകളെ ആണ് എന്നും നാം ഓർക്കേണ്ടതുണ്ട്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായുള്ള പൊതു പണിമുടക്കുകൾക്ക് ഈ വിമർശനം ബാധകമാകുന്നില്ല' റഷ്യൻ വിപ്ലവത്തിന് ശേഷം മാത്രമാണ് വർഗസമരത്തിൽ ദേശീയ പണിമുടക്കിനെ, കൂടുതൽ കൃത്യമായി പറഞ്ഞാൽ ബഹുജന രാഷ്ട്രീയ പണിമുടക്കിനെ – തന്ത്രപരമായും അടവുപരമായും കൃത്യമായി ഉപയോഗിക്കുന്നതിന്റെ വക്താക്കളായി മാർക്സിസ്റ്റുകൾ മാറിയത്.

കൂലിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വേണ്ടിയോ, അത്തരം ആവശ്യങ്ങൾക്കായുള്ള കടുത്ത തൊഴിലാളിവർഗ പോരാട്ടങ്ങൾക്ക് പിന്തുണയായോ പ്രാദേശികവും ദേശീയവുമായ പൊതു പണിമുടക്കങ്ങളുടെ വിവരങ്ങൾ കൊണ്ട് പരിപൂരിതമാണ് ലോക തൊഴിലാളി വർഗ ചരിത്രം. ഒട്ടേറെ പ്രകടനപരമായ പണിമുടക്കങ്ങളും ഉണ്ടായിട്ടുണ്ട്.

ഇറ്റലിയിൽ ധാരാളം പണിമുടക്കുകൾ നടന്നിട്ടുണ്ട്. 1900ൽ ജനീവയിലും 1902ൽ ഫ്ളോറൻസിലും 1903ൽ റോമിലും 1908ൽ പാർമയിലും 1907ലും 1913ലും മിലാനിലും നഗരവ്യാപകവും, 1904ലും 1914ലും ദേശവ്യാപകമായും ഇറ്റലിയിൽ പൊതുപണിമുടക്കം നടന്നിരുന്നു. ഈ പണിമുടക്കങ്ങൾ വഴി ഒട്ടേറെ സാമ്പത്തിക രാഷ്ട്രീയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ഇതേ വീര്യം തന്നെ ലാറ്റിൻ അമേരിക്കയിലും പ്രകടമായിരുന്നു. രണ്ടാംലോക യുദ്ധാനന്ത

## 1905ലെ റഷ്യൻ വിപ്ലവത്തെപ്പറ്റി ലെനിൻ

**‘ലോകത്തിലെ ഒരു മുതലാളിത്ത രാജ്യത്തിലും ഇംഗ്ലണ്ടിനെയോ അമേരിക്കയേയോ, ജർമ്മനിയേയോ പോലുള്ള വികസിത രാജ്യങ്ങളിൽ പോലും 1905ൽ റഷ്യയിൽ സംഭവിച്ചതുപോലുള്ള വ്യാപകമായ ഒരു പൊതുപണിമുടക്ക് പ്രസ്ഥാനം ഉണ്ടായിട്ടില്ല.**





**റോസാ ലക്സംബർഗ് ജനുവരിയിലെ പണിമുടക്കത്തെപ്പറ്റി വിശേഷിപ്പിച്ചത് ‘വിപ്ലവത്തിന്റെ വിപുലമായ പിന്നണി’ എന്നായിരുന്നു.**

രം ജപ്പാനിലും നിരവധി വമ്പിച്ച പൊതുപണിമുടക്കങ്ങൾ നടക്കുകയുണ്ടായി.

കൊളോണിയൽ ഇന്ത്യയിലെ മഹാനായ സ്വാതന്ത്ര്യ സമരപോരാളി ‘ലോകമാന്യതിലകനെ’ ജയിൽ മോചിതനാക്കണമെന്ന രാഷ്ട്രീയ ആവശ്യം ഉന്നയിച്ച് 1908ൽ ബോംബയിലെ തൊഴിലാളി വർഗ്ഗം എല്ലാം സ്തംഭിപ്പിച്ചു കൊണ്ട് 7 ദിവസം നടത്തിയ പണിമുടക്ക് ഒരു മഹാസംഭവമായിരുന്നു. ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാഷ്ട്രീയമായ പക്വത കൈവരിക്കുന്നതിന്റെ ആരംഭമായാണ് 'ലെനിൻ' സംഭവത്തെ വാഴ്ത്തിയത്.

ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള വേറേയും പണിമുടക്കങ്ങൾ നടന്നതായി കാണാം. 1886ൽ 8 മണിക്കൂർ തൊഴിൽ ദിനത്തിനായി അമേരിക്കയിൽ പൊതുപണിമുടക്കം നടന്നും. 1917 ആഗസ്റ്റിലെ ആസ്ട്രേലിയൻ പൊതുപണിമുടക്കം, ഷിപ്പ് യാർഡ് തൊഴിലാളികളുടെ പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് 1919 ഫെബ്രുവരിയിൽ 65000 തൊഴിലാളികൾ പങ്കെടുത്ത് വാഷിങ്ടണിലെ സിയാറ്റിൽ നടന്ന പൊതുപണിമുടക്കം എന്നിവ ശ്രദ്ധേയമാണ്.

പൊതു പണിമുടക്കുകളുടെ മറ്റൊരു പ്രധാന സ്രോതസ്സ് വോട്ടവകാശത്തിനായി യൂറോപ്പിലെ തൊഴിലാളി വർഗ്ഗം നടത്തിയ പോരാട്ടങ്ങൾ ആയിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പ് ജർമ്മനി ഉൾപ്പെടെ ഉള്ള യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളും തൊഴിലാളികളുടെ രാഷ്ട്രീയമായ പൗരാവകാശത്തിനെതിരെ ഏറിയോ കുറഞ്ഞോ തോതിൽ വിവേചനം പുലർത്തിയിരുന്നു. മിക്കവാറും എല്ലാ രാജ്യങ്ങളിലേയും സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ തങ്ങളുടെ അടിയന്തരപരിപാടികളിൽ മുൻഗണന നൽകിയത് അതാത് രാജ്യങ്ങളിൽ ‘തുല്യവും രഹസ്യസ്വഭാവത്തിലുള്ളതും നേരിട്ടുള്ളതും സാർവത്രികവുമായ വോട്ടവകാശത്തിനുള്ള പോരാട്ടങ്ങൾക്കായിരുന്നു ആ പ്രസ്ഥാനം പൊതുപണിമുടക്കമെന്ന പ്രശ്നം അടിക്കടി ഉന്നയിച്ചത്. ഈ കാഴ്ചപ്പാട് ട്രേഡ് യൂണിയനുകളെ സംബന്ധിച്ചിടത്തോളവും ഏറെ പ്രാധാന്യം അർഹിക്കുന്നതായിരുന്നു.

ട്രേഡ് യൂണിയൻ കാര്യങ്ങളിൽ മാർഗദർശകമായിരുന്ന ഇംഗ്ലണ്ടിലെ തൊഴിലാളികളായിരുന്നു വിപുലമായ പൊതുരാഷ്ട്രീയ പണിമുടക്കിലൂടെ ആദ്യമായി വോട്ടവകാശം നേടിയെടുത്തത്. 1830കളിലും 1840കളിലും ചാർട്ടിസ്റ്റ് പ്രസ്ഥാനം ഈ ആവശ്യം ഉന്നയിച്ചെങ്കിലും അക്കാലത്ത് ബ്രിട്ടണിലെ തൊഴിലാളികൾ നടത്തിയ വമ്പിച്ച പണിമുടക്കങ്ങൾ പരാജയപ്പെടുകയാണ് ചെയ്തത്. എല്ലാ രാജ്യത്തേയും ഭരണവർഗം പൊതുവിൽ വോട്ടവകാശം തൊഴിലാളികൾക്ക് നൽകുന്നതിൽ എതിരായിരുന്നു. എന്നാൽ ഒന്നാംലോക യുദ്ധാനന്തരമുണ്ടായ വമ്പിച്ച വിപ്ലവമുന്നേറ്റങ്ങളുടെ ഫലമായി ഒടുവിൽ തൊഴിലാളികൾ തുല്യവോട്ടവകാശം നേടിയെടുത്തു. 1905ന് ആസ്ട്രേലിയയിലാകെ തൊഴിലാളികൾ വോട്ടവകാശം നേടിയെടുക്കുന്നതിന് വേണ്ടി നടത്തിയ പോരാട്ടം ഭാഗികമായി വിജയിച്ചു. പുരുഷന്മാർക്കു മാത്രം വോട്ടവകാശം ലഭിച്ചു.

1905ലെ റഷ്യൻ വിപ്ലവത്തിൽ പൊതുപണിമുടക്കുകൾ ലക്ഷ്യം വച്ചത് യുദ്ധത്തിനും

സാറിസ്റ്റ് മുതലാളിത്ത വ്യവസ്ഥിതിയുടെ തന്നെ നിനിൽപ്പിനും എതിരായിരുന്നു. ഈ കാലത്ത് റഷ്യയിൽ ഒട്ടേറെ വമ്പൻ പണിമുടക്കുകൾ നടന്നിരുന്നു. തുടർന്ന് നിരവധി വ്യവസായ സ്ഥാപനങ്ങളിൽ എട്ട് മണിക്കൂർ ജോലി സമയം നടപ്പാക്കുന്നതിന് ഇടവരുത്തി.

1905ലെ റഷ്യൻ വിപ്ലവത്തെപ്പറ്റി 'ലെനിൻ' ഇങ്ങനെ പ്രസ്താവിച്ചു 'ലോകത്തിലെ ഒരു മുതലാളിത്ത രാജ്യത്തിലും ഇംഗ്ലണ്ടിനെയോ അമേരിക്കയേയോ, ജർമ്മനിയേയോ പോലുള്ള വികസിത രാജ്യങ്ങളിൽ പോലും 1905ൽ റഷ്യയിൽ സംഭവിച്ചതുപോലുള്ള വ്യാപകമായ ഒരു പൊതുപണിമുടക്ക് പ്രസ്ഥാനം ഉണ്ടായിട്ടില്ല. വിപ്ലവ റഷ്യയെ സംബന്ധിച്ച് അദ്ദേഹം ഇങ്ങനെ തുടർന്നു 'തങ്ങളുടെ അവസ്ഥയിൽ പെട്ടെന്ന്, പ്രത്യക്ഷത്തിൽ തന്നെ അഭിവൃദ്ധി വരുത്തുന്നതിനായുള്ള പോരാട്ടത്തിലൂടെ മാത്രമേ ചൂഷിത ജനവിഭാഗങ്ങളിലെ പിൻനിരയിൽ നിൽക്കുന്നവരെ അണിനിരത്താനാകൂ. ആ വിപ്ലവ മുന്നേറ്റത്തിനിടയിൽ യഥാർഥ വിദ്യാഭ്യാസം ലഭിക്കുകയും അത് അവരിൽ മാറ്റമുണ്ടാക്കുകയും ഏതാനും മാസങ്ങൾക്കിടയിൽ രാഷ്ട്രീയ പോരാളികളാക്കി അതവരെ മാറ്റുകയും ചെയ്യുന്നു. രാജ്യത്താകെ അലയടിച്ചുയർന്ന പൊതുപണിമുടക്കങ്ങളുടെ തരംഗങ്ങളാണ് –റഷ്യ–ജപ്പാൻ സാമ്രാജ്യത്വ യുദ്ധമുണ്ടാക്കിയ കടുത്ത കെടുതികൾക്കൊപ്പം കർഷക ജനസാമാന്യത്തെ അവരുടെ ആലസ്യം വിട്ടുണരാൻ പ്രേരിപ്പിച്ചത്. റഷ്യയിൽ പൊതുപണിമുടക്കിന്റെ പ്രമുഖ പ്രചാരകയും വക്താവുമായി മാറുകയും റഷ്യൻ പൊതുപണിമുടക്കുകളുടെ ചരിത്രത്തെപ്പറ്റി എഴുതുകയും ചെയ്ത 'റോസാലക്സംബർഗ്' ജനുവരിയിലെ പണിമുടക്കത്തെപ്പറ്റി വിശേഷിപ്പിച്ചത് 'വിപ്ലവത്തിന്റെ വിപുലമായ പിന്നണി' എന്നായിരുന്നു.

1905ലെയും 1917ലെയും റഷ്യൻ വിപ്ലവങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ നിരവധി യൂറോപ്യൻ രാജ്യങ്ങളിൽ പൊതുപണിമുടക്കുകൾ നടന്നിരുന്നു. മൊറോക്കൻ യുദ്ധത്തിനെതിരെ സ്പാനിഷ് തൊഴിലാളികൾ വിപ്ലവകരമായ പണിമുടക്കമാണ് നടത്തിയത്. ക്രമേണ സ്പെയിനിന്റെ മറ്റു ഭാഗങ്ങളിലേക്കും പണിമുടക്ക് വ്യാപിച്ചു.

1917ലെ മഹത്തായ റഷ്യൻ വിപ്ലവത്തെ തുടർന്ന് പല പൂർവ യൂറോപ്യൻ രാജ്യങ്ങളിലും മധ്യ യൂറോപ്യൻ രാജ്യങ്ങളിലും മുതലാളിത്ത ഗവൺമെന്റുകളെ തകർക്കുക എന്ന ലക്ഷ്യത്തോടെ പൊതു പണിമുടക്കങ്ങളുടെ പരമ്പര തന്നെ അഴിച്ചുവിടപ്പെട്ടു. റഷ്യയിൽ തന്നെ വിപ്ലവത്തിന്റെ ആദ്യഘട്ടത്തിന്, അതിന്റെ ബൂർഷ്വ ഘട്ടത്തിന് തുടക്കം കുറിച്ചത് തൊഴിലാളികളുടെ പൊതു രാഷ്ട്രീയ പണിമുടക്കിലൂടെയായിരുന്നു. ജനുവരി 9ന് സെന്റ് പീറ്റേഴ്സ്ബർഗിൽ പണിമുടക്കം ആരംഭിച്ചു.

ഏതാനും ദിവസങ്ങൾക്കുള്ളിൽ അത് മോസ്കോയിലേക്കും മറ്റ് നഗരങ്ങളിലേക്കും വ്യാപിച്ചു. ബോൾഷെവിക്കുകളുടെ നേതൃത്വത്തിൽ അത് അതിവേഗം വിപ്ലവ സ്വഭാവം കൈവരിച്ചു. ഫെബ്രുവരി 27ന് തൊഴിലാളികളെ വെടിവയ്ക്കാൻ സാറിന്റെ പട്ടാളം വിസമ്മതിച്ചു. ബൂർഷ്വാ വിപ്ലവം വിജയിച്ചു. രണ്ടാം ഘട്ടം, സോഷ്യലിസ്റ്റ് ഘട്ടം ഏഴ് മാസത്തിനുശേഷം നവംബർ ഏഴിന് ബോൾഷെവിക്കുകളുടെ നേതൃത്വത്തിലും തൊഴിലാളികൾ ഫാക്ടറികൾ പിടിച്ചെടുത്തുകൊണ്ടും ഒരു ഉയിർത്തെഴുന്നേൽപ്പായാണ് യാഥാർഥ്യമായത്.

1918ലെ ജർമ്മൻ വിപ്ലവം യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ വ്യാപകമായ പണിമുടക്കുകളെ തുടർന്നാണ് നടന്നത്. നിരവധി മാസങ്ങളിൽ അധികാരം ഏറ്റെടുക്കാനും സോഷ്യലിസം സ്ഥാപിക്കാൻ തുടങ്ങാനും റിവിഷനിസ്റ്റുകളായ സോഷ്യൽ ഡെമോക്രാറ്റുകൾ വിസമ്മതിച്ചിട്ടും ജർമ്മൻ തൊഴിലാളിവർഗം ഒട്ടേറെ പണിമുടക്കങ്ങൾ നടത്തി.

തൊഴിലാളിവർഗ ചരിത്രത്തിലെ പൊതുപണിമുടക്കുകളുടെ നീണ്ട പട്ടിക ഖണ്ഡിതമായും വെളിപ്പെടുത്തുന്നത് : തൊഴിലുടമകളും അവരുടെ സർക്കാർ ദല്ലാളുമായുള്ള തങ്ങളുടെ രൂക്ഷമായ പോരാട്ടത്തിന്റെ ഘട്ടത്തിൽ തൊഴിലുടമകളുടെയും അവരുടെ രാഷ്ട്രീയ ഉപകരണങ്ങളുടെയും പിന്തിരിപ്പൻ ചെറുത്തുനിൽപ്പിനെ തകർക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികൾ വ്യാവസായിക പ്രവർത്തനത്തെ ആകെ പൊതുവിൽ നിശ്ചലമാക്കുന്നതിന് സഹജമായി തന്നെ തിരിയുമെന്നതാണ്. പൊതുപണിമുടക്കത്തെ ഇങ്ങനെ ഉപയോഗിക്കുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കാൻ നേതാക്കന്മാരുടെ അശുഭ പ്രവർത്തനങ്ങൾക്കൊന്നും കഴിയില്ല. കാലാകാലങ്ങളിൽ ഏറ്റവും പ്രയാസമേറിയ അവസ്ഥകളിൽ അവർ രാഷ്ട്രീയ പൊതുപണിമുടക്കിലേക്ക് തിരിഞ്ഞിട്ടുള്ളതായി ചരിത്രം തെളിയിക്കുന്നു.

(തുടരും)

# ശിശുമരണ നിരക്കിൽ കേരളത്തിന് അഭിമാന നേട്ടം

## രാജ്യത്ത് മുന്നിൽ കേരളം; കേരളം അമേരിക്കയ്ക്ക് ഒപ്പം

രാജ്യത്തെ ആരോഗ്യ രംഗത്തിന്റെ പ്രധാന സൂചികയായ ശിശുമരണ നിരക്കിൽ (ഐഎംആർ)കേരളത്തിന് അഭിമാന നേട്ടം. അഞ്ച് വർഷത്തിനിടെ കേരളത്തിലെ ശിശുമരണ നിരക്ക് നിരക്ക് പകുതിയായി കുറഞ്ഞു. 2009–2014ൽ 12 ആയിരുന്ന ശിശുമരണ നിരക്ക് 2019ൽ ആറായി കുറക്കാൻ സംസ്ഥാനത്തിന്റെ ഇടപ്പെലുകൾ മൂലം സാധ്യമായി.
കേരളത്തിന്റെ അഞ്ചിരട്ടിയാണ് ദേശീയ ശരാശരി. നിലവിൽ കേരളത്തിന്റെ നിരക്ക് സമ്പന്ന രാഷ്ട്രമായ അമേരിക്കയ്ക്ക് തുല്യമാണ്. അതേസമയം ശിശുമരണ നിരക്ക് 42 ഉള്ള മധ്യപ്രദേശ് ദരിദ്ര രാജ്യങ്ങളായ യെമൻ, സുഡാൻ എന്നിവയ്ക്കും താഴെയാണ്. ആയിരം കുട്ടികൾ ജനിക്കുമ്പോൾ നിശ്ചിത കാലയളവിൽ ഒരു വയസ്സിൽ താഴെയുള്ള എത്രകുട്ടികൾ മരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ശിശുമരണ നിരക്ക് കണക്കാക്കുന്നത്.
രാജ്യത്തെ ആകെ ശിശുമരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. നിലവിൽ രാജ്യത്തെ ശിശുമരണ നിരക്ക് 30 ആണ്. എന്നാൽ 2009–14 കാലഘട്ടത്തിൽ നേടിയ മികവ് പിന്നീട് രാജ്യത്തിന് തുടരാനായില്ല. 2009ൽ 50ആയിരുന്ന നിരക്ക് അഞ്ച് വർഷം കൊണ്ട് 39 എത്തി. എന്നാൽ പിന്നീടുള്ള അഞ്ച് വർഷത്തിൽ നിരക്കിലുണ്ടായ കുറവ് ഒമ്പത് മാത്രമാണ്. മധ്യദേശ്, ഉത്തർപ്രദേശ്, പഞ്ചാബ്, ഛത്തീഗഢ് സംസ്ഥാനങ്ങളിലുണ്ടായ പിന്നോട്ട് പോക്കാണ് തിരിച്ചടിയായത്.
1971ൽ രാജ്യത്തെ ശിശുമരണനിരക്ക് 129 ആയിരുന്നു. 25 വർഷത്തിൽ അത് നാലിൽ ഒന്നായി കുറക്കാനായിട്ടുണ്ട്. ആഗോള തലത്തിൽ ശിശുമരണ നിരക്ക് രണ്ടുള്ള ഫിൻലാൻഡ്, നോർവേ, ഐസ്ലാൻഡ്, സിങ്കപ്പൂർ, ജപ്പാൻ എന്നീ രാജ്യങ്ങളാണ് മുന്നിൽ.

**ശിശുമരണ നിരക്ക് കുറവുള്ള സംസ്ഥാനം**

| സംസ്ഥാനം | 2019 | 2014 | 2009 |
|---|---|---|---|
| കേരളം | 6 | 12 | 12 |
| ഡൽഹി | 11 | 20 | 33 |
| തമിഴ്നാട് | 15 | 20 | 28 |
| മഹാരാഷ്ട്ര | 17 | 22 | 31 |

**ശിശുമരണ നിരക്ക് കൂടുതലുള്ള സംസ്ഥാനം**

| സംസ്ഥാനം | 2019 | 2014 | 2009 |
|---|---|---|---|
| മധ്യപ്രദേശ് | 46 | 52 | 67 |
| ഉത്തർപ്രദേശ് | 41 | 48 | 63 |
| അസം | 40 | 49 | 61 |
| ഛത്തീസ്ഗഢ് | 40 | 43 | 54 |
| ദേശീയ ശരാശരി | 30 | 39 | 50 |

# കേരളം : ഭരണമികവിൽ വീണ്ടും ഒന്നാമത്

| റാങ്ക് | സംസ്ഥാനം | സ്കോർ |
|---|---|---|
| 1 | കേരളം | 1.618 |
| 2 | തമിഴ്നാട് | 0.897 |
| 3 | തെലങ്കാന | 0.891 |
| 4 | ഛത്തീസ്ഗഢ് | 0.872 |
| 5 | ഗുജറാത്ത് | 0.782 |
| 6 | പഞ്ചാബ് | 0.643 |
| 7 | കർണാടകം | 0.121 |
| 8 | ആന്ധ്രപ്രദേശ് | 0.077 |
| 9 | ജാർഖണ്ഡ് | –0.071 |
| 10 | മധ്യപ്രദേശ് | –0.113 |

ഭരണമികവിൽ രാജ്യത്ത് വീണ്ടും ഒന്നാമതായി കേരളം. പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പൊതുകാര്യ സൂചിക 2021ലാണ് (പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പിഎഐ 2021) 18 വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഒന്നാമതെത്തിയത്. 1.618 ആണ് കേരളത്തിന്റെ പി.എ.ഐ സ്കോർ. സമത്വം, പുരോഗതി, സുസ്ഥിരത എന്നിങ്ങനെ മൂന്ന് മാനകങ്ങളെ അടിസ്ഥാനമാക്കിയാണ് സൂചിക തയ്യാറാക്കിയത്. കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യദൗത്യം, സമഗ്ര ശിക്ഷാ അഭിയാൻ എന്നിവയിലും കേരളം മുന്നിലാണ്. മുൻവർഷവും കേരളമായിരുന്നു ഒന്നാമത്. വലിയ സംസ്ഥാനങ്ങളിൽ ഉത്തർപ്രദേശിനാണ് ഏറ്റവും താഴ്ന്ന റാങ്ക്. മൈനസ് 1.418 ആണ് യുപിയുടെ ഇൻഡക്സ് പോയിന്റ്. പതിനെട്ടാം സ്ഥാനം. രണ്ടാം സ്ഥാനത്തുള്ള തമിഴ്നാടിന് കേരളത്തിന്റെ പകുതി ഇൻഡക്സ് പോയിന്റു (0.897) മാത്രമാണുള്ളത്. 11 ചെറുസംസ്ഥാനങ്ങളിൽ സിക്കിം (0.907) ഒന്നാം സ്ഥാനത്തും മണിപ്പൂർ (0.783) അവസാന സ്ഥാനത്തുമാണ്. കേന്ദ്രഭരണപ്രദേശങ്ങളിൽ പുതുച്ചേരിയാണ് (1.345) ഭരണമികവിൽ ഒന്നാമത്. ആൻഡമാൻ നിക്കോബർ ദ്വീപ് (0.696) അവസാനം. സമത്വം, പുരോഗതി എന്നിവയിൽ രണ്ടാമതും സുസ്ഥിരതയിൽ ഒന്നാമതും എത്തിയാണ് കേരളം ഏറ്റവും മികച്ച ഭരണമികവുള്ള സംസ്ഥാനമായത്.

ആശംസകളോടെ....

സേവനം..പ്രതിബദ്ധത..നിശ്ചയദാർഢ്യം നമ്മുടേയും നമ്മുടെ നാടിന്റെയും അഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു ...

# പെരുമ്പുഴ ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 2533

പെരുമ്പുഴ പി.ഒ , കൊല്ലം , ഫോൺ : 0474 2522496
ബ്രാഞ്ച് : ഈച്ചാടി മുക്ക് : 0474 2562497
email id : gscbperumpuzha@gmail.com

**പൂർണ്ണമായും കംപ്യൂട്ടർറൈസ് ചെയ്ത ജില്ലയിലെ പ്രമുഖ ക്ലാസ് 1 സൂപ്പർ ഗ്രേഡ് സഹകരണ ബാങ്ക്**

1. ഭവന നിർമ്മാണ വായ്പ – 10 വർഷ കാലാവധിയ്ക്ക്
2. ടൂ വീലർ വായ്പ – പരസ്പര ജാമ്യവ്യവസ്ഥയിൽ
3. കൺസംക്ഷൻ വായ്പ ഏത് ആവിശ്യത്തിനും 25 ലക്ഷം രൂപ വരെ
4. പേഴ്സണൽ ലോൺ – സർക്കാർ / അർദ്ധസർക്കാർ/ പൊതു സഹകരണ മേഖല ഉദ്യോഗസ്ഥർ
5. സ്വർണ്ണപണയം 25 ലക്ഷം രൂപ വരെ
6. ലോക്കർ സൗകര്യം ലഭ്യമാണ്

**RTGS / NEFT / Western Union Money Transfer**

പ്രസിഡന്റ്
സി.സോമൻപിള്ള
9961625318

സെക്രട്ടറി
മണികണ്ഠൻപിള്ള
9846898452

# കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം



കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ അധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ.എൻ. ഗോപിനാഥ്, എറണാകുളം ജില്ലാ സെക്രട്ടറി സ. പി.ആർ. മുരളീധരൻ എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. ജനറൽ സെക്രട്ടറി സ. വി.എസ്. അരുൺ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ എ. ഷാജു വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, കർഷക ദ്രോഹ ബില്ലുകൾ പിൻവലിക്കണമെന്നും, ബിവറേജ് കോർപ്പറേഷനെ സംരക്ഷിക്കുന്നതിനുള്ള പ്രമേയവും സമ്മേളനം പാസാക്കി.

സമ്മേളനം 126 അംഗങ്ങളുള്ള സംസ്ഥാന ജനറൽ കൗൺസിലിനെയും 37 അംഗ സംസ്ഥാന കമ്മിറ്റിയേയും 13 അംഗ ഭാരവാഹികളേയും 16 അംഗ വനിതാ സബ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. വനിതാ സബ് കമ്മിറ്റി കൺവീനറായി സ. ഒ. ശ്രീലതയെ തെരഞ്ഞെടുത്തു.

**സംസ്ഥാന ഭാരവാഹികൾ :** പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, ജനറൽ സെക്രട്ടറി വി.എസ്. അരുൺ, ട്രഷറർ എ. ഷാജു എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.

# കേരള സ്റ്റേറ്റ് ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ കൗൺസിൽ



കേരള സ്റ്റേറ്റ് ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ കൗൺസിൽ 2021 നവംബർ അഞ്ചിന് തിരുവനന്തപുരം ബിടിആർ ഭവനിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എം.പി. ഉദ്ഘാടനം ചെയ്തു.
സമ്മേളനത്തെ സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ, സംസ്ഥാന സെക്രട്ടറിമാരായ കെ.എൻ. ഗോപിനാഥ്, കെ.എസ്. സുനിൽകുമാർ എന്നിവർ അഭിവാദ്യം ചെയ്തു.
കൺവൻഷൻ പ്രസിഡന്റായി ടി.പി. രാമകൃഷ്ണൻ എം.എൽ.എയേയും ജനറൽ സെക്രട്ടറിയായി ആർ. രാമുവിനെയും ട്രഷററായി എം.എച്ച് സലിമിനെയും തെരഞ്ഞെടുത്തു. **വൈസ് പ്രസിഡന്റുമാർ :** സി. ജയൻ ബാബു, പി.കെ. ശശി, കെ.സി. രാജഗോപാൽ, കെ. രാമദാസ്, സി.കെ. മണിശങ്കർ, കോശി അലക്സ്.
**സെക്രട്ടറിമാർ :** ടി.ആർ. സോമൻ, കെ.പി. രാജൻ, എം.എം. ഇക്ബാൽ, കെ.എം. അഷറഫ്, സി. നാസർ, കെ.ആർ. രവി.

# ആട്ടോ ടാക്സി തൊഴിലാളികളുടെ സെക്രട്ടറിയേറ്റ് -കളക്ടറേറ്റ് മാർച്ച്

ഓട്ടോ ടാക്സി നിരക്ക് അടിയന്തരമായി പുതുക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഗതാഗതവകുപ്പിന് നിവേദനം നൽകിയിരുന്നു. എന്നിട്ടും ചാർജ് വർധിപ്പിച്ചുതരുകയോ, യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയോ ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ടാണ് സംസ്ഥാനത്ത് സെക്രട്ടറിയേറ്റിന് മുന്നിലും കളക്ടറേറ്റുകൾക്ക് മുന്നിലും മാർച്ചും ധർണയും നടത്തിയത്.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ധർണ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉൽഘാടനം ചെയ്തു. കൊല്ലം കളക്ടറേറ്റിൽ നടന്ന



ധർണ സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എസ്. സുനിൽകുമാർ ഉൽഘാടനം ചെയ്തു.

എല്ലാ ജില്ലാ കളക്ടറേറ്റുകൾക്ക് മുന്നിലും നടന്ന ധർണയിൽ അതാത് ജില്ലയിലെ സിഐടിയു നേതാക്കൾ പങ്കെടുത്തു.

## കേപ് കോൺട്രാക്ട് ഡെയിലി വേജസ് എംപ്ലോയീസ് യൂണിയൻ സമ്മേളനം

കേപ് കോൺട്രാക്ട് & ഡെയിലി വേജസ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് ബെഫി ഹാളിൽ വച്ച് നടന്നു. സ. കെ.എസ്. സുനിൽകുമാർ സമ്മേളനം ഉൽഘാടനം ചെയ്തു. സംഘടനയുടെ പ്രസിഡന്റായി സ. പുല്ലുവിള സ്റ്റാൻലിയേയും സെക്രട്ടറിയായി സ. അജീഷ് കെ.എസിനെയും തെരഞ്ഞെടുത്തു.



പുല്ലുവിള സ്റ്റാൻലി



അജീഷ് കെ.എസ്.





സുപ്രീം കോടതിയുടെ അനുമതി തേടി തടസപ്പെട്ട പ്രൊമോഷനുകൾ നടത്തുവാൻ മാനേജ്മെന്റ് മുൻകൈ എടുക്കുക, പി.എഫ്.ആർ ഡി.എ നിയമം പിൻവലിക്കുക, ബോർഡ് മാനേജ്മെന്റ് അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ.

## കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ ധർണ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ നടത്തുന്ന ഡിവിഷൻ ധർണ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. പൊതുമേഖലാ ആസ്തികൾ വിറ്റുതുലക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കുക,

ഇന്ധന വിലവർധനവിൽ പ്രതിഷേധിച്ച് FSETO നടത്തിയ മാർച്ച്



# ബിഇഎംഎൽ വിൽപ്പന : തൊഴിലാളികൾ പ്രതിഷേധിച്ചു

കഞ്ചിക്കോട് ബിഇഎംഎൽ വാങ്ങാനെത്തിയ റഷ്യൻ കമ്പനിക്കെതിരെ സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ കമ്പനി ഗേറ്റിൽ പ്രതിഷേധം സംഘടിപ്പിച്ചു. സ്ഥാപനം വിൽക്കുന്നതിനെതിരെ തൊഴിലാളികൾ നടത്തുന്ന അനിശ്ചിതകാല സമരത്തിന്റെ 305ാം ദിവസമാണ് വിദേശ കമ്പനി പ്രതിനിധികളുടെ സന്ദർശനം.

56,000 കോടി ആസ്തിയുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബിഇഎംഎൽ) 720 കോടിക്ക് വിൽക്കുവാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.




പ്രതിരോധ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മിനിരത്ന കാറ്റഗറി 1 പൊതുമേഖല കമ്പനിയാണ് ബിഇഎംഎൽ.

# ഇപിഎസ് പെൻഷൻ പദ്ധതി: അപാകതകൾക്കെതിരെ ദേശീയ കാമ്പയിൻ

ഇപിഎസ് പെൻഷൻ പദ്ധതിയിലെ അപാകതകൾക്കെതിരെ ദേശീയ കാമ്പയിന് തുടക്കം കുറിച്ചുകൊണ്ട് നടന്ന കൺവൻഷൻ സ. എ.കെ. പത്മനാഭൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സംസ്ഥാന വർക്കിങ് പ്രസിഡന്റ് ഡി. മോഹനൻ അധ്യക്ഷത വഹിച്ചു. മിനിമം പെൻഷൻ 9,000 രൂപയാക്കുക, ഹയർ ഓപ്ഷൻ പെൻഷൻ നടപ്പാക്കുക, സുപ്രീം കോടതി കേസിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുക, പിഎഫ് പെൻഷന് ക്ഷാമബത്ത ഏർപ്പെടുത്തുക, 15,000 രൂപക്ക് മേൽ ശമ്പളമുള്ളവരെ പിഎഫിൽ നിന്നും ഒഴിവാക്കുന്നതടക്കം ഇപിഎഫ്ഒ 2014ൽ വരുത്തിയ എല്ലാ ഭേദഗതികളും റദ്ദ് ചെയ്യുക എന്നീ ആവശ്യങ്ങൾ കൺവൻഷൻ അംഗീകരിച്ചു.

ഐഎൻടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി വി.ജെ. ജോസഫ്, പിഎഫ് പെൻഷനേഴ്സ് അഖിലേന്ത്യാ കോഓർഡിനേഷൻ കമ്മിറ്റി കൺവീനർ എം.ധർമ്മജൻ, എഫ്എസ്ഇടിഒ നേതാവ് എം.എ. അജിത് കുമാർ, മുൻ പ്ലാനിങ് ബോർഡ് അംഗം കെ.എൻ ഹരിലാൽ തുടങ്ങി വിവിധ ട്രേഡ് യൂണിയൻ നേതാക്കളും പ്രമുഖരും സംസാരിച്ചു.

# ടാങ്ക് ലോറി വർക്കേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം



സംസ്ഥാന ടാങ്ക് ലോറി വർക്കേഴ്സ് യൂണിയൻ എട്ടാം സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് ജോൺ ഫെർണാണ്ടസ് അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി എം. ഇബ്രാഹിം കുട്ടി റിപ്പോർട്ട് അവതരിപ്പിച്ചു. സി.ജെ. മാർട്ടിൻ കണക്കും അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ കെ.എൻ. ഗോപിനാഥ്, കെ.എസ്. സുനിൽകുമാർ എന്നിവർ സംസാരിച്ചു. **ഭാരവാഹികൾ :** പ്രസിഡന്റ് ജോൺ ഫെർണാണ്ടസ്, ജനറൽ സെക്രട്ടറി എം. ഇബ്രാഹിം കുട്ടി, ഖജാൻജി സി.ജെ മാർട്ടിൻ. **വൈസ് പ്രസിഡന്റുമാർ :** പെരുന്താന്നി രാജു, അഡ്വ. കെ.ടി. വിനോദ് കുമാർ, എ. പത്മനാഭൻ, എസ്.ബി. രാജു, കെ. ജയൻ, എസ്. ബിജു, എസ്. കൃഷ്ണകുമാർ. **സെക്രട്ടറിമാർ :** ബി ഹരികുമാർ, എ.വി. ബൈജു, ഷൈജു ജേക്കബ്, ടി.വി. നിഷിധ്, വി. ഗണേശൻ, കെ.എൻ. രജീഷ്, ടി.എം. സലി